32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 26, 2024 | Vol. XXXII No. 04 | Periodicals Postage Paid



## athulya: a new era of senior care

Athulya, a haven of empathy and excellence, offers exceptional care for seniors. We are dedicated to upholding dignity and respect for each individual.

Our team crafts personalized care plans to meet every unique need, ensuring seniors live with ease and dignity. Athulya is more than a residence; it's a community enriched with warmth, engaging activities, and constant support.

25000+ seniors served

1000+ senior friendly rooms

750+ trained staff

5 cities, 9 locations

**Luxurious Assisted Living Facilities Now in Kakkanad, Kochi!**

ATHULYA SENIOR CARE. WHERE COMPASSION MEETS CARE.

**98849 45900 | athulyaseniorcare.com**

BENGALURU | CHENNAI | COIMBATORE | HYDERABAD | KOCHI | AND GROWING!

Athulya Senior Care

# ഹൂസ്റ്റണിൽ കെ. സുധാകരൻ എം.പിക്ക് സ്വീകരണം നല്കി




ഹൂസ്റ്റണിൽ ഒ.ഐ.സി.സി സംഘടിപ്പിച്ച സ്വീകരണസമ്മേളനത്തിൽ കെ.പി.സി.സി പ്രസിഡണ്ട് കെ. സുധാകരൻ എം.പി. പ്രസംഗിക്കുന്നു. മിസ്സൗറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ജഡ്ജ് ജൂലി മാത്യു, ഒ.ഐ.സി.സി ചെയർമാൻ ജെയിംസ് കൂടൽ, പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ജീമോൻ റാന്നി, ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് വാവച്ചൻ മത്തായി എന്നിവരാണ് വേദിയിൽ.

KUNNATHA INJURY LAWYERS

Free Consultation/Case Evaluation | ATLANTA : 404 633 4200 | CHICAGO: 312 757 4700

EXPERIENCE PERSONAL ATTENTION RESULTS


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

ATLANTA
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

CHICAGO
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

nella CONSULTING
ACCOUNTING | TAX | CONSULTING






FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES

Joining as Partner
ALVIN NELLA, CPA, MBA

32nd Year of Service 2024
NOT OUR MERIT BUT HIS GRACE · KERALA EXPRESS
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ്
8 കൊച്ചിയിൽ 4000 കോടിയുടെ വികസന പദ്ധതികൾ
10 കെ.എസ്.ആർ.ടി.സിയിൽ പുതിയ പരിഷ്കാരം
12 സേവനദിനം ഉത്സവമാക്കി തിരുഹൃദയ ഇടവക
18 മാർത്തോമ്മാ സഭയിലെ മൂന്ന് എപ്പിസ്കോപ്പമാർ

# അയോധ്യയിൽ പ്രതിഷ്ഠാ ചടങ്ങുകൾ പൂർത്തിയായി


അയോധ്യയിൽ രാമക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി.

അയോധ്യ: രാമമന്ത്രധ്വനി ഉയർത്തി അയോധ്യയിലെ ശ്രീരാമക്ഷേത്രത്തിൽ പ്രാണ പ്രതിഷ്ഠാ ചടങ്ങുകൾ പൂർത്തിയായി. ‘മുഖ്യ യജമാനൻ’ ആയ പ്രധാനമന്ത്രി നരേന്ദ്ര മോദി ചടങ്ങുകൾക്ക് നേതൃത്വം കൊടുത്തു. ഗർഭഗൃഹത്തിൽ പ്രവേശിച്ച പ്രധാനമന്ത്രി രാംലല്ലയ്ക്കുള്ള സമ്മാനങ്ങളായ പട്ടുപുടവയും വെള്ളിക്കുടയും കൈമാറി. ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത്, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേൽ, ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ മഹന്ത് നൃത്യഗോപാൽ ദാസ് തുടങ്ങിയവരും പ്രധാനമന്ത്രിക്കൊപ്പം ഗർഭഗൃഹത്തിലെ ചടങ്ങുകളിൽ പങ്കെടുത്തു. കാശിയിലെ വേദപണ്ഡിതൻ ലക്ഷ്മികാന്ത് ദീക്ഷിത് ആയിരുന്നു മുഖ്യ പുരോഹിതൻ.

അയോധ്യ നഗരവും പരിസരവും കനത്ത സുരക്ഷാ വലയത്തിലായിരുന്നു. നഗരത്തിലെങ്ങും ഉത്സവാന്തരീക്ഷമായിരുന്നു. പൂക്കളാലും വർണ വിളക്കുകളാലും അലങ്കരിക്കപ്പെട്ട പാതയോരങ്ങളിൽ ഓരോ 100 മീറ്ററിലും സ്റ്റേജുകൾ കെട്ടി വിവിധ സംസ്ഥാനങ്ങളിലെ സാസ്കാരിക പരിപാടികൾ അരങ്ങേറി. പുലർച്ചെ മുതൽ ആഘോഷങ്ങൾ തുടങ്ങിയിരുന്നു. ക്ഷേത്രം നിൽക്കുന്ന പഴയ അയോധ്യ നഗരപരിധിയിലെ താമസക്കാരെയല്ലാതെ പുറത്തു നിന്നുള്ള ഭക്തരെ പ്രവേശിപ്പിച്ചില്ല. പ്രാണ പ്രതിഷ്ഠാ ചടങ്ങിനു പാസുള്ളവർക്കും മാധ്യമങ്ങൾക്കും മാത്രമായിരുന്നു പ്രവേശനം. ഒരു മണിക്ക് പരിസരത്തു തയാറാക്കിയ പൊതുസമ്മേളന വേദിയിൽ മോദി അതിഥികളെ അഭിസംബോധന ചെയ്തു. പിന്നീട് കുബേർ തില ക്ഷേത്രദർശനം കൂടി കഴിഞ്ഞാണ് പ്രധാനമന്ത്രി മടങ്ങിയത്.

(ശേഷം 24-ാം പേജിൽ)

## രണ്ടാം ഭരണത്തിൽ തെറ്റായ പ്രവണതകൾ മുളപൊട്ടിത്തുടങ്ങിയിട്ടുണ്ട്: എം.വി. ഗോവിന്ദൻ

മേപ്പാടി: ഞാനാണ് കമ്യൂണിസ്റ്റ് പാർട്ടിയെന്നും ഞാനില്ലാതെ പിന്നെന്തു കമ്യൂണിസ്റ്റ് പാർട്ടിയെന്നും നമ്മളോരോരുത്തരും വിചാരിക്കുകയാണെന്നും എന്നാൽ, എല്ലാവരെയും രൂപപ്പെടുത്തിയതു നാടും പാർട്ടിയുമാണെന്ന ബോധം വേണമെന്നും സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ഞാനല്ല പാർട്ടി എന്ന് എല്ലാവർക്കും വിചാരം വേണം. രണ്ടാംതവണ ഭരണത്തിലേറിയപ്പോൾ തെറ്റായ ചില പ്രവണതകൾ മുളപൊട്ടിത്തുടങ്ങിയിട്ടുണ്ട്. മുതലാളിത്ത-ഫ്യൂഡൽ ജീർണതകൾ ബാധിക്കാതിരിക്കാൻ നല്ല രാഷ്ട്രീയ ധാരണയോടെയും സംഘടനാ ബോധത്തോടെയും പ്രവർത്തിക്കാനാകണമെന്നും അദ്ദേഹം പറഞ്ഞു. പി.എ. മുഹമ്മദ് അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗോവിന്ദൻ.

പാർട്ടിയുടെയും നാടിന്റെയും ഭൂതകാല ഉൽപന്നമാണു നമ്മളെല്ലാം. ഈ ഭൂതകാലത്തെ സ്മരിക്കാതെ മുന്നോട്ടുപോകാനാകില്ല. പാർട്ടിക്കായി എത്രയോ സഖാക്കൾ രക്തസാക്ഷികളായിട്ടുണ്ട്. ഇപ്പോഴും ജീവച്ഛവങ്ങളായി കഴിയുന്നവരുണ്ട്. ഇവരെല്ലാം നടത്തിയ പോരാട്ടത്തിന്റെയും സഹനത്തിന്റെയും ഉൽപന്നമാണു ഞാനും നിങ്ങളും.



ശരിയായ ദിശയിലാണു പാർട്ടി മുന്നോട്ടുപോകുന്നതെന്ന ഉറപ്പുണ്ടാകണം. അതിനു ഭൂതകാലത്തിന്റെ അനുഭവം നമ്മൾ ഉൾക്കൊള്ളണമെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.

## ലോകത്തിലെ ഏറ്റവും ഉയരമുള്ള അഗ്നിപർവതം കീഴടക്കി മലയാളി


ഷെയ്ഖ് ഹസൻ ഖാൻ ചിലെയിലെ ഓഗോസ് ദെൽ സലാദോ അഗ്നിപർവതം കീഴടക്കിയപ്പോൾ

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും ഉയരം കൂടിയ അഗ്നിപർവതമായ ചിലെയിലെ ഓഗോസ് ദെൽ സലാദോ കീഴടക്കി മലയാളി പർവതാരോഹകൻ ഷെയ്ഖ് ഹസൻ ഖാൻ (36) രാജ്യാന്തര നേട്ടം സ്വന്തമാക്കി. 22,600 അടി ഉയരമുള്ള ഓഗോസ് ദെൽ സലാദോ, ഹസൻ വിജയപതാക പാറിക്കുന്ന ഏഴാമത്തെ വൻകൊടുമുടിയാണ്. ചിലെയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയുമാണിത്.

പന്തളം പൂളിക്കാട് ദാറുൽ കറാമിൽ എം.എ. അലി അഹമ്മദ് ഖാന്റെയും ജെ. ഷാഹിദയുടെയും മകനായ ഹസൻ സെക്രട്ടേറിയറ്റിൽ ധനകാര്യവകുപ്പ് അസിസ്റ്റന്റ് സെക്ഷൻ ഓഫിസറാണ്. 2022-ൽ എവറസ്റ്റ് കീഴടക്കി. ആഫ്രിക്കയിലെ കിളിമഞ്ചാരോ, ഡെനാലി, അന്റാർട്ടിക്കയിലെ മൗണ്ട് വിൻസൻ എന്നീ ദൗത്യങ്ങൾക്കുശേഷമാണു ഹസൻ ലോകത്തിലെ ഏറ്റവും ഉയരമുള്ള അഗ്നിപർവതത്തിനു മുകളിൽ കാലുകുത്തിയത്. കാലാവസ്ഥാമാറ്റം സംബന്ധിച്ച മുന്നറിയിപ്പുസന്ദേശം പകരുകയാണു തന്റെ ലക്ഷ്യമെന്നു ഹസൻ പറഞ്ഞു. ഭാര്യ: കദീജാറാണി ഹമീദ്. മകൾ: ജഹന്നാര മറിയം.

## ലോക്സഭാ തെരഞ്ഞെടുപ്പ് പ്രകടനപത്രിക: പൊതുജനാഭിപ്രായം സ്വീകരിച്ച് കോൺഗ്രസ്

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പു സജ്ജീകരണങ്ങളുമായി കോൺഗ്രസ്. ആദ്യഘട്ടമായി ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള കോൺഗ്രസ് പ്രകടന പത്രികയിലേക്ക് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും തേടി.

തിരുവനന്തപുരത്ത് എ.ഐ.സി.സി. മാനിഫെസ്റ്റോ കമ്മിറ്റി അംഗമായ ശശി തരൂർ എം.പിയും കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷിയും ചേർന്ന് പൊതുജനാഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിച്ചു.

സുപ്രീംകോടതി, യു.ജി.സി., ആർ.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിശ്വാസ്യത തിരിച്ചുപിടിക്കണമെന്നും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും പരിസ്ഥിതിക്ക് പ്രാധാന്യം നൽകുന്ന വികസനം മുന്നോട്ടുവെക്കണമെന്നും ആക്ടിവിസ്റ്റായ സി.ആർ. നീലകണ്ഠൻ ചർച്ചയിൽ ആവശ്യപ്പെട്ടു.

കാർഷികമേഖലയുടെ ഉന്നമനത്തിനായി കർഷക ബജറ്റ് കൊണ്ടുവരണമെന്ന് സാമ്പത്തിക വിദഗ്ധ ഡോ. മേരി ജോർജ് പറഞ്ഞു.

നെൽ കർഷകർക്ക് പി.ആർ.എസ്. വായ്പയ്ക്ക് പകരം (ശേഷം 24-ാം പേജിൽ)

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
അമേരിക്ക മുതൽ ഒഡീഷ വരെ
പി. റ്റി. തോമസിന്റെ ജീവിതം
(ന്യൂയോർക്ക്)

വഴിത്താരകൾ
പേജ്, 16, 17

## സി.എം.ആർ.എൽ – എക്സാലോജിക് പണമിടപാട്;

# സി.ബി.ഐക്കും ഇ.ഡിക്കും വിടേണ്ട കുറ്റം

തിരുവനന്തപുരം: കരിമണൽ കമ്പനിയായ സി.എം.ആർ.എലും മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയന്റെ എക്സാലോജിക് കമ്പനിയും തമ്മിൽ നടത്തിയത് കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമത്തിന്റെയും അഴിമതി നിരോധന നിയമത്തിന്റെയും പരിധിയിൽ വരുന്ന കുറ്റകൃത്യമെന്ന് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ (ആർ.ഒ.സി.) റിപ്പോർട്ട്. പണമിടപാട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി.) സി.ബി.ഐയും അന്വേഷിക്കേണ്ട കുറ്റകൃത്യമാണെന്നും കേന്ദ്ര കോർപറേറ്റ് കാര്യ മന്ത്രാലയത്തിനു നൽകിയ റപ്പോർട്ടിൽ ബെംഗളൂരു ആർ.ഒ.സി. പറയുന്നു.

പണം വാങ്ങിയതു സേവനത്തിനു പ്രതിഫലമായാണെന്നു തെളിയിക്കാനുള്ള രേഖകളൊന്നും എക്സാലോജിക് കമ്പനിക്കു ഹാജരാക്കാനായില്ലെന്നും കമ്പനി നിയമപ്രകാരം പിഴയും തടവുശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യം ഇരു കമ്പനികളും നടത്തിയതായി പ്രാഥമികാന്വേഷണത്തിൽ ബോധ്യപ്പെട്ടെന്നും ആർ.ഒ.സി. റിപ്പോർട്ടിലുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈയിടെ എക്സാലോജിക്-സി.എം.ആർ.എൽ. ഇടപാടിൽ കോർപറേറ്റ്കാര്യ മന്ത്രാലയം അന്വേഷണം പ്രഖ്യാപിച്ചത്. ഇ.ഡിയും സി.ബി.ഐയും പോലെയുള്ള അന്വേഷണ ഏജസികളിലേക്കു കേസ് കൈമാറുന്നതിനു മുൻപുള്ള നടപടിക്രമമാണു മന്ത്രാലയം സ്വീകരിച്ചതെന്നാണു വിവരം.

സി.എം.ആർ.എലിൽനിന്ന് വീണയുടെ കമ്പനി 1.72 കോടി രൂപ കൈപ്പറ്റിയത് ഐ.ടി. സേവനത്തിനു പകരമായാണെന്നായിരുന്നു ആദായനികുതി തർക്കപരിഹാര ബോർഡിന്റെ ഉത്തരവു വന്നപ്പോൾ മുഖ്യമന്ത്രി പിണറായി വിജയന്റെയും സി.പി.എമ്മിന്റെയും വാദം. എക്സാലോജിക്കിന്റെ ഭാഗം കേൾക്കാതെയാണു തീരുമാനമെടുത്തതെന്നും വാങ്ങിയ പണത്തിനു നികുതിയടച്ചെന്നുമെല്ലാം ന്യായീകരിച്ചു. ഈ വാദങ്ങളെല്ലാം തള്ളുന്നതാണ് ആർ.ഒ.സി. റിപ്പോർട്ട്. അവസരം നൽകിയിട്ടും കമ്പനികൾ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്നു റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. വാങ്ങിയ പണത്തിന്റെ ജി.എസ്.ടി. അടച്ചെന്ന വിവരം മാത്രമാണ് എക്സാലോജിക് കൈമാറിയത്.

സോഫ്റ്റ്വെയർ സേവനം ആവശ്യപ്പെട്ട് സി.എം.ആർ.എൽ. പരസ്യം നൽകിയതിന്റെ രേഖകളില്ല. ഇടപാടിനു മുൻപോ ശേഷമോ ഇരു കമ്പനികളും ഇക്കാര്യത്തിൽ ആശയവിനിമയം നടത്തിയതിന്റെ രേഖകളുമില്ല. കമ്പനികാര്യ ഇടപാടുകളിൽ തട്ടിപ്പു നടത്തുന്നതിനെതിരെ കമ്പനി നിയമത്തിൽ നിർദേശിക്കുന്ന വകുപ്പ് 447, രേഖകളിൽ കൃത്രിമം കാണിച്ചതിനെതിരെയുള്ള വകുപ്പ് 448 എന്നിവ പ്രകാരം എക്സാലോജിക്കിനെതിരെ നടപടിയെടുക്കാം.

സർക്കാർ ഓഹരിയുള്ള കമ്പനിയാണ് സി.എം.ആർ.എൽ. മറ്റൊരു കമ്പനിയുമായി ഇടപാടു നടത്തുമ്പോൾ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ അറിയിക്കണം. എന്നാൽ, എക്സാലോജിക്കുമായി നടത്തിയ ഇടപാട് സി.എം.ആർ.എൽ. ബോർഡിനെ അറിയിച്ചിട്ടില്ല. ഇതു കമ്പനി നിയമം വകുപ്പ് 188-ന്റെ ലംഘനമാണ്.

ചെയ്യാത്ത സേവനത്തിനാണ് എക്സാലോജിക് സൊലുഷൻസ് സി.എം.ആർ.എലിൽനിന്നു പണം കൈപ്പറ്റിയതെന്ന, ആദായനികുതി തർക്കപരിഹാര ബോർഡിന്റെ കണ്ടെത്തൽ ശരിവെക്കുന്നതാണ് ആർ.ഒ.സി. റിപ്പോർട്ട്. വിശദാന്വേഷണം വേണമെന്നും എക്സാലോജിക്കിന്റെയും സി.എം.ആർ.എലിന്റെയും മുഴുവൻ കണക്കുകളും പരിശോധിക്കണമെന്നും ആർ.ഒ.സി. റിപ്പോർട്ട് ശിപാർശ ചെയ്യുന്നു.

## മുഖ്യമന്ത്രിക്കും ബന്ധം

തിരുവനന്തപുരം: എക്സാലോജിക്-സി.എം.ആർ.എൽ വിവാദ ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയനെ ബന്ധിപ്പിച്ച് രജിസ്ട്രാർ ഓഫ് കമ്പനീസ് (ആർ.ഒ.സി.) റിപ്പോർട്ട്. കരിമണൽ കമ്പനിയായ സി.എം.ആർ.എലിൽ 13.4 ശതമാനം ഓഹരിയുള്ള കെ.എസ്.ഐ.ഡി.സിയെ പ്രത്യക്ഷമായും അതുവഴി സി.എം.ആർ.എലിനെ പരോക്ഷമായും നിയന്ത്രിക്കുന്നത് മുഖ്യമന്ത്രിയാണെന്നാണു ബെംഗളൂരു ആർ.ഒ.സിയുടെ പരാമർശം.

മുഖ്യമന്ത്രിയുടെ മകൾ വീണയുടെ എക്സാലോജിക് കമ്പനിയും സി.എം.ആർ.എലുമായുള്ള ഇടപാട് അതിനാൽത്തന്നെ കമ്പനി നിയമപ്രകാരം തൽപര കക്ഷികൾ (റിലേറ്റഡ് പാർട്ടീസ്) തമ്മിലുള്ളതാണെന്ന് റിപ്പോർട്ടിലെ 6,7 പേജുകളിൽ പറയുന്നു. ദുരൂഹമായി പ്രവർത്തിക്കുന്ന കമ്പനികൾക്കെതിരെ കമ്പനി നിയമം 206 (4) പ്രകാരമുള്ള അന്വേഷണം വീണയുടെ കമ്പനിക്കെതിരെ 2021 ജനുവരി മുതൽ നടക്കുന്നുണ്ടെന്ന വെളിപ്പെടുത്തലുമുണ്ട്. എക്സാലോജിക്-സി.എം.ആർ.എൽ. ഇടപാടിന്റെ കാലത്തു പിണറായി ആയിരുന്നു മുഖ്യമന്ത്രി.

സി.എം.ആർ.എൽ. ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ നിർണായക സ്വാധീനം ചെലുത്താവുന്നവരെ കെ.എസ്.ഐ.ഡി.സിയിൽ നിയമിച്ചിട്ടുണ്ട്. ഫലത്തിൽ മുഖ്യമന്ത്രിയുടെ നിർദേശമനുസരിച്ച് സി.എം.ആർ.എൽ. ബോർഡ് പ്രവർത്തിക്കേണ്ടിവരും. എന്നാൽ, സി.എം.ആർ.എലിൽ കെ.എസ്.ഐ.ഡി.സി. നിക്ഷേപം നടത്തിയത് 1991-ൽ ആണെന്നു ചൂണ്ടിക്കാട്ടി ഈ ആരോപണം വീണ നിഷേധിച്ചിരുന്നു.

## ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ്; ഇ.വി.എമ്മിനു മാത്രം 10,000 കോടി

ന്യൂഡൽഹി: ലോക്സഭയിലേക്കും എല്ലാ സംസ്ഥാന നിയമസഭകളിലേക്കും ഒരുമിച്ചു തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ 15 വർഷത്തിലൊരിക്കൽ പുതിയ ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ (ഇ.വി.എം.) വാങ്ങാൻ ഏകദേശം 10,000 കോടി രൂപ വേണ്ടിവരുമെന്ന് തെരഞ്ഞെടുപ്പു കമ്മിഷന്റെ വിലയിരുത്തൽ. പുതിയ മെഷീനുകൾ നിർമിച്ച് എല്ലായിടത്തുമെത്തിച്ച് 2029-ൽ മാത്രമേ ഇത്തരത്തിൽ ആദ്യ തെരഞ്ഞെടുപ്പ് നടത്താനാകൂ എന്നും 'ഒരു രാജ്യം ഒറ്റ തെരഞ്ഞടുപ്പ്' സംബന്ധിച്ചു കേന്ദ്രസർക്കാരിനു നൽകിയ മറുപടിയിൽ പറയുന്നു.

ഒരുമിച്ചുള്ള ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കായി ഒരു പോളിങ് ബൂത്തിൽ രണ്ട് വോട്ടിങ് യന്ത്രം വീതം വേണം. 15 വർഷമാണ് ഒരു വോട്ടിങ് മെഷീന്റെ കാലാവധി. ഫലത്തിൽ മൂന്ന് തെരഞ്ഞെടുപ്പുകൾക്ക് ഇവ ഉപയോഗിക്കാനാകും. ബാലറ്റ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ്, വിവിപാറ്റ് മെഷീൻ എന്നിവയുടെ കഴിഞ്ഞ വർഷത്തെ വില വെച്ചാണ് ചെലവു കണക്കാക്കിയിരിക്കുന്നത്. യന്ത്രങ്ങളുടെ വില കൂടുമെന്നതിനാൽ ഇവ സൂക്ഷിക്കാനും വിതരണം ചെയ്യാനും കൂടുതൽ സംവിധാനങ്ങൾ ഒരുക്കേണ്ടിവരും. 'ഒരു രാജ്യം, ഒറ്റത്തെരഞ്ഞെടുപ്പി'നായി മുൻ രാഷ്ട്രപതി റാംനാഥ് കോവിന്ദിന്റെ അധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതി ഈയിടെ പൊതുജനാഭിപ്രായം തേടിയിരുന്നു. ഭരണഘടനയിലും ബന്ധപ്പെട്ട തെരഞ്ഞെടുപ്പു നിയമങ്ങളിലും ആവശ്യമായ പരിഷ്കാരം കണ്ടെത്തുക, പൊതുവോട്ടർപട്ടിക, വിവിപാറ്റ് എത്തിക്കൽ എന്നിവ സംബന്ധിച്ച പൊതുചട്ടക്കൂട് തയാറാക്കുക എന്നിവയാണ് സമിതിയുടെ ചുമതല.

## സഹകരണ മേഖലയിൽ അഴിമതിയുണ്ട്: മുഖ്യമന്ത്രി

തിരുവനന്തപുരം: സഹകരണ മേഖലയിൽ ചെറിയ തോതിലുള്ള അഴിമതി പ്രശ്നങ്ങളുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സഹകരണ കോൺഗ്രസിലാണ് മുഖ്യമന്ത്രിയുടെ തുറന്നുപറച്ചിൽ. അഴിമതിയെ ഗൗരവമായി



കാണണം. സഹകരണ മേഖല കരുത്താർജിച്ചപ്പോൾ ദുഷിച്ച പ്രവണതകൾ പൊങ്ങിവന്നിട്ടുണ്ട്. അഴിമതിക്കാർക്കെതിരെ കർശന നടപടിയുണ്ടാകും: മുഖ്യമന്ത്രി പറഞ്ഞു.

കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പിൽ ഇ.ഡി. നടത്തുന്ന അന്വേഷണത്തിനെതിരെ മുഖ്യമന്ത്രി പരോക്ഷ വിമർശനം ഉന്നയിച്ചു. സഹകരണ മേഖലയുടെ വളർച്ചയിൽ ചിലർക്ക് അസ്വസ്ഥതയുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിനു പുറത്തുള്ള ഏജൻസികൾ ഇവിടെ ഇടപെടുന്നുണ്ട്. സ്വർണക്കള്ളക്കടത്ത് നടന്നപ്പോൾ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടത് സംസ്ഥാന സർക്കാരാണ്. പിന്നെ നടന്നതൊന്നും പറയുന്നില്ല. ഒരു സ്ഥാപനത്തിൽ ക്രമക്കേടു നടന്നു. അവിടെ കേന്ദ്ര ഏജൻസി എത്തി. പക്ഷേ പ്രധാന കുറ്റാരോപിതനെ അവർ മാപ്പുസാക്ഷിയാക്കി. രാഷ്ട്രീയ പ്രചാരണത്തിനാവശ്യമായ കാര്യങ്ങൾ ഇയാളിൽനിന്നും ലഭിക്കണം. അതിനു വേണ്ടിയാണ് പ്രധാന പ്രതിയെ മാപ്പുസാക്ഷിയാക്കിയത്.

ഒരു ജീവനക്കാരും അനർഹമായി വായ്പയെടുക്കരുത്. ബോർഡ് അംഗങ്ങളോ ബന്ധുക്കളോ വായ്പയെടുത്തിട്ടുണ്ടോയെന്ന് ജനറൽ ബോഡി പരിശോധിക്കണം. ഓഡിറ്റ് നടത്തി കുറ്റക്കാരായവരെ കണ്ടെത്തിയാൽ പോലീസിനു കൈമാറും. കരുവന്നൂരിൽ നടക്കാൻ പാടില്ലാത്തതു നടന്നു. പക്ഷേ, കർശനമായ നടപടി എടുത്തു. 2011-ൽ നടന്ന ക്രമക്കേട് അടുത്തിടെയാണ് കണ്ടെത്തിയത്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ അറിയാതെ ഇതു നടക്കില്ല. അതിനാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു: മുഖ്യമന്ത്രി പറഞ്ഞു.

## ഇ–ബസ് ടെൻഡർ റദ്ദാക്കിയിട്ടില്ല

തിരുവനന്തപുരം: ഇലക്ട്രിക് ബസുകൾ വാങ്ങാനുള്ള ടെൻഡറുകൾ റദ്ദാക്കിയിട്ടില്ലെന്നു കെ.എസ്.ആർ.ടി.സി. അധികൃതർ അറിയിച്ചു. കരാർപ്രകാരം ഡീസൽ ബസുകൾ ലഭ്യമാക്കാനാകുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്താനാണ് ആശയവിനിമയം നടന്നത്. സ്മാർട് സിറ്റി പദ്ധതി പ്രകാരമാണ് ഇ-ബസ് പദ്ധതിയെന്നതിനാൽ ടെൻഡർ നടപടികൾ റദ്ദാക്കാനാകില്ല. പദ്ധതി വഴി ഡീസൽ ബസുകൾ വാങ്ങാനും കഴിയില്ല.

നേരത്തേ മന്ത്രി കെ.ബി. ഗണേഷ്കുമാറിന്റെ നിർദേശാനുസരണം ബസുകൾ വാങ്ങാനുള്ള ടെൻഡറുകൾ റദ്ദാക്കിയെന്നു വാർത്തകളുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് മാനേജ്മെന്റ് വ്യക്തത വരുത്തിയത്. അതേസമയം പുതിയ പുതിയ ബസുകൾ വാങ്ങുന്നതു സംബന്ധിച്ച തീരുമാനം നീളും. വിദേശത്തുള്ള സി.എം.ഡി. മടങ്ങിയെത്തിയ ശേഷമാകും ഇതിൽ പുരോഗതിയുണ്ടാകുക.

ഇ-ബസുകൾ നഷ്ടത്തിലാണെന്ന ഗണേഷ്കുമാറിന്റെ വാദം ശരിയല്ലെന്നു കെ.എസ്.ആർ.ടി.സിയുടെ വാർഷിക റിപ്പോർട്ട് സൂചന നൽകിയിരുന്നു. കിലോമീറ്ററിൽ 8.21 രൂപ ലാഭമുള്ളതായും ഇക്കഴിഞ്ഞ ജൂലൈയിൽ ഇത് 13.36 രൂപ വരെയെത്തിയെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 04
January 26, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid
Chicago, Illinois and additional
mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

നല്ലവനായിരിക്കൂ, നിങ്ങൾക്ക് സന്തോഷമുണ്ടാകും.

**ബെഞ്ചമിൻ ഫ്രാങ്ക്ലിൻ**

ക്ഷമിക്കാനുള്ള കഴിവ് മനസ്സിനെ സ്വതന്ത്രമാക്കും. അതു ഭയത്തെ ദൂരീകരിക്കും.

**മോർഗൻ ഫ്രീമാൻ**

IPAOK.ORG

SEEKING
LEAD/SENIOR PASTOR

Qualifications

5+ years experience
Theological education (preferably with secular bachelor's degree)
Ability to minister to Malayalam and English speaking members
US citizenship or permanent residency

Additional Information

Relocation assistance available
Start date: Summer 2024

FOR MORE INFORMATION/APPLICATION PROCESS VISIT:
WWW.IPAOK.ORG/CAREERS

12221 PARK AVE, YUKON, OKLAHOMA 73099
careers@ipaok.org | WWW.IPAOK.ORG

MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED

MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:

Part A – Hospital Insurance
Part C – $0 Premium Medicare Advantage Plans
Part B – Medical Insurance
Part D – Prescription Drug Coverage

Medicare Supplement Plans Offered by Various Companies at competitive Rates

CALL or TEXT RAJ SURENDRAN

Senior Medicare Specialist
Investment Advisor Representative, MBA

708-945-3985

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com



*There is no obligation,
All consultations are complimentary!*



Michael Crifase    Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

Trusted Representation
Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

Crifase Law Firm
Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബോയിംഗിന്റെ ബംഗളൂരു കാമ്പസ് തുറന്നു

ബംഗളൂരു: ലോകത്തെ പ്രമുഖ വിമാനനിർമാണ കമ്പനിയായ ബോയിംഗിന്റെ ബംഗളൂരുവിലെ ഗ്ലോബൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി കാമ്പസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 43 ഏക്കർ വിസ്തൃതിയിലാണ് 1,600 കോടി രൂപ ചെലവിൽ നിർമിച്ച കേന്ദ്രത്തിന്റെ പ്രവർത്തനം. അമേരിക്കയ്ക്കു പുറത്തു ബോയിംഗിനുള്ള ഏറ്റവും വലിയ കാമ്പസാണു ബംഗളൂരുവിൽ പ്രവർത്തനം ആരംഭിച്ചത്.

ലോകത്തെ മൂന്നാം വലിയ ആഭ്യന്തര വ്യോമയാന വിപണിയായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പത്തുവർഷത്തിനിടെ ഇന്ത്യയുടെ വ്യോമയാനരംഗത്ത് വലിയ മാറ്റങ്ങൾ വന്നു. വരും വർഷങ്ങളിൽ ആഭ്യന്തര വിമാനയാത്രികരുടെ എണ്ണത്തിൽ കൂടുതൽ വർധനയുണ്ടാകും. ഇത് മുന്നിൽക്കണ്ട് എയർ ഇന്ത്യ കൂടുതൽ വിമാനങ്ങൾ വാങ്ങാൻ ഓർഡർ നൽകിയിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

വ്യോമയാന മേഖലയിലേക്ക് വിദ്യാർത്ഥിനികളെ ആകർഷിക്കാൻ ബോയിംഗ് ഇന്ത്യ നടപ്പാക്കുന്ന സുകന്യ പദ്ധതിയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു.

വ്യോമയാന മേഖലയിൽ വനിതകൾക്ക് അവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു.

ആഗോള വ്യോമയാന-പ്രതിരോധ വ്യവസായത്തിൽ പുതു തലമുറ ഉത്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കാനായി ഇന്ത്യയിലെ സ്റ്റാർട്ടപ്പുകളുമായും സ്വകാര്യ-സർക്കാർ മേഖലകളുമായും ബോയിംഗ് സഹകരിക്കും. ബംഗളൂരുവിനു പുറമേ ചെന്നൈയിലും ബോയിംഗിന് എഞ്ചിനിയറിംഗ് സെന്ററുണ്ട്.

രണ്ടു കേന്ദ്രങ്ങളിലുമായി ആറായിരത്തോളം മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് എഞ്ചിനിയർമാർ ജോലി ചെയ്യുന്നു. ലോകത്താകമാനം 57,000 എഞ്ചിനിയർമാരും ബോയിംഗിനായി ജോലി ചെയ്യുന്നുണ്ട്.



ബെംഗളൂരു ദേവനഹള്ളിയിൽ യു.എസ്. വിമാന നിർമാണ കമ്പനിയായ ബോയിങ്ങിന്റെ അത്യാധുനിക സാങ്കേതികവിദ്യാ കേന്ദ്രത്തിന്റെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

# അഭിവൃദ്ധി ഉറപ്പാക്കുന്ന അഭിമാന പദ്ധതികൾ

പ്രധാനമന്ത്രി നരേന്ദ്ര മോദി കൊച്ചിയിൽ ഉദ്ഘാടനം ചെയ്തത് 4000 കോടി രൂപയിലേറെ മുതൽമുടക്കുള്ള മൂന്നു പദ്ധതികളാണ്. എന്നാൽ, നിക്ഷേപത്തുകയുടെ വലുപ്പത്തെക്കാൾ പ്രധാനം മറ്റൊന്നാണ്. ഇന്ത്യയ്ക്ക് ആഗോള മാരിടൈം- ഷിപ്പിങ് വ്യവസായ മേഖലയിൽ അഭിമാനത്തോടെ തല ഉയർത്തിനിൽക്കാൻ ഇടംനൽകുന്ന പദ്ധതികളാണിവ. ഇന്ത്യയുടെ വികസനക്കുതിപ്പിന് ഇന്ധനമാകാവുന്ന ഈ ബൃഹദ്പദ്ധതികൾക്കു വിദേശ ആശ്രയത്വം ഗണ്യമായി കുറയ്ക്കാനും വൻതോതിൽ വിദേശനാണ്യം നേടിയെടുക്കാൻ ഇന്ത്യയെ സഹായിക്കാനും ശേഷിയുണ്ട്. അവ സമ്മാനിക്കുന്നതാകട്ടെ, ആയിരക്കണക്കിനു തൊഴിലവസരങ്ങളും. സമീപഭാവിയിൽ തന്നെ മാരിടൈം- ഷിപ്പിങ് മേഖലയിൽ ആഗോള ഹബ്ബായി ഉയരാൻ കൊച്ചിക്കു സാധ്യത തുറക്കുന്ന പദ്ധതികളാണിവ.

കൊച്ചിയിൽ മൂന്നു വികസനപദ്ധതികളുടെ ഉദ്ഘാടനം തന്നെയായിരുന്നു പ്രധാനമന്ത്രിയുടെ സന്ദർശനപരിപാടിയുടെ മർമം. കൊച്ചി ഷിപ്‌യാർഡിൽ ഡ്രൈ ഡോക്, അന്താരാഷ്ട്ര കപ്പൽ അറ്റകുറ്റപ്പണികേന്ദ്രം, പുതുവൈപ്പിനിൽ ഇന്ത്യൻ ഓയിൽ കോർപറേഷൻ നിർമിച്ച എൽ.പി.ജി. ഇറക്കുമതി ടെർമിനൽ എന്നിവയാണു പ്രധാനമന്ത്രി ഇന്ത്യയ്ക്കു സമർപ്പിച്ചത്. വളരുന്ന കേരളത്തിനു മുതൽക്കൂട്ടാകുന്ന പദ്ധതികളാണ് ഇവ മൂന്നും. ഈ പദ്ധതികൾ കേരളത്തിന്റെ മണ്ണിൽ നടപ്പാകുന്നതിൽ അഭിമാനമുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനച്ചടങ്ങിൽ പറഞ്ഞത് അതുകൊണ്ടാണ്. ഇവ ഉദ്ഘാടനംചെയ്യാൻ പ്രധാനമന്ത്രി നേരിട്ടെത്തിയതിൽ സന്തോഷമുണ്ടെന്നു പറയാനും മുഖ്യമന്ത്രി മടിച്ചില്ല. കേരളത്തിന്റെ വികസനോത്സവത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ച സൗഭാഗ്യദിനമാണിന്ന് എന്നാണ് നരേന്ദ്രമോദി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞത്. വികസനത്തിലെ ഊന്നൽ അദ്ദേഹം കൈവിട്ടില്ല.

ഇന്ത്യ വികസിത രാജ്യമായി മാറുന്നതിൽ എല്ലാ സംസ്ഥാനങ്ങൾക്കും വലിയ പങ്കുണ്ടെന്നും കേരളത്തിന്റെ വികസന ഉത്സവത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ വളരെ സന്തോഷമെന്നും പറഞ്ഞു തുടങ്ങിയ അദ്ദേഹം തുറമുഖ- ഷിപ്പിങ്- ഉൾനാടൻ ജലഗതാഗത മേഖലയിൽ കഴിഞ്ഞ 10 വർഷം കേന്ദ്രസർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദീകരിച്ചു.

സമുദ്രശക്തി വികസിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കൊച്ചി പോലുള്ള തീരനഗരങ്ങളുടെ സാധ്യതകൾ കൂടുതൽ ഉപയോഗിക്കുന്നതായി പ്രധാനമന്ത്രി വ്യക്തമാക്കി. ഇതിനായി തുറമുഖ ശേഷി വർധിപ്പിക്കുന്നതിനും തുറമുഖ അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തുന്നതിനും ശ്രദ്ധിക്കുന്നു. സീഫെയർ നിയമം ഭേദഗതി ചെയ്തതോടെ ഇന്ത്യൻ സീഫെയറർമാരുടെ എണ്ണം 140 ശതമാനം വർധിച്ചു. തുറമുഖങ്ങളുടെ ചരക്കു കൈകാര്യം ഇരട്ട അക്ക വളർച്ച നേടി. 10 വർഷം മുൻപു കപ്പലുകൾ ചരക്കിറക്കി മടങ്ങാൻ തുറമുഖങ്ങളിൽ കാത്തുകിടക്കേണ്ടി വരുമായിരുന്നു. ഇപ്പോൾ കപ്പലുകൾ ചരക്കിറക്കി മടങ്ങാനെടുക്കുന്ന (ഷിപ് ടേൺ എറൗണ്ട് ടൈം) സമയം വികസിത രാജ്യങ്ങളെക്കാൾ കുറവാണ്.

ഷിപ്‌യാഡിൽ 1800 കോടി രൂപ ചെലവിൽ നിർമിച്ച ഡ്രൈ ഡോക് കപ്പൽനിർമാണരംഗത്തു കൊച്ചിക്കു മുൻതൂക്കം നൽകുമെന്നുറപ്പ്. ഇന്ത്യയിലെ വമ്പൻ ഡ്രൈ ഡോക്കുകളിലൊന്നാണിത്. കപ്പലുകൾ ഉൾപ്പെടെയുള്ള കടൽയാനങ്ങൾ നിർമിക്കാനും അറ്റകുറ്റപ്പണികൾ നടത്താനുമുള്ള പ്രത്യേക പണിപ്പുരയാണു ഡ്രൈ ഡോക്. ആവശ്യമെങ്കിൽ വെള്ളം പൂർണമായി ഒഴിവാക്കാൻ കഴിയുമെന്നതാണു പ്രത്യേകത. ക്രെയിൻ സഹായത്തോടെ യാനങ്ങൾ ഉയർത്താനും താഴ്ത്താനും കഴിയും. കൂറ്റൻ വിമാനവാഹിനിക്കപ്പലുകളും എൽ.എൻ.ജി. കാരിയറുകളും ഡ്രജിങ് ഷിപ്പുകളുമെല്ലാം നിർമിക്കാനാകുംവിധം വിശാലമാണു പുതിയ ഡ്രൈ ഡോക്. അതുകൊണ്ടു തന്നെയാണു സർബാനന്ദ സോനോവാൾ അഭിമാനത്തോടെ ഇങ്ങനെ പറഞ്ഞത്: "മുൻപു നമുക്കു വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയായിരുന്നു. ഇപ്പോൾ, ഏറ്റവും വലിയ വിമാനവാഹിനിക്കപ്പൽ പോലും ഇവിടെ, കൊച്ചിയിൽ നിർമിക്കാൻ നമുക്കു കഴിയും."

ഒരേസമയം ഏഴ് കപ്പലുകൾ വരെ അറ്റകുറ്റപ്പണി ചെയ്യാൻ കഴിയുന്ന രാജ്യാന്തര കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രം (ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റി - ഐ.എസ്.ആർ.എഫ്.) ഷിപ്‌യാഡിന്റെ ശേഷി കൂടുതൽ വിശാലമാക്കുകയാണ്. പ്രതിവർഷം 150 കപ്പലുകൾ വരെ അറ്റകുറ്റപ്പണി ചെയ്യാൻ കഴിയുംവിധമുള്ള വികസനം. 970 കോടി രൂപയാണു മുതൽമുടക്ക്. കോവിഡ് സൃഷ്ടിച്ച വമ്പൻ പ്രതിസന്ധികളെ അതിജീവിച്ചു 2700 കോടിയിലേറെ രൂപ ചെലവിട്ടു രണ്ടു പദ്ധതികളും കാലതാമസം കൂടാതെ പൂർത്തിയാക്കാൻ കഴിഞ്ഞത് ഷിപ്‌യാഡിനും കേരളത്തിനും അഭിമാനകരമാണ്. പ്രത്യേകിച്ചും പദ്ധതികളുടെ വൈകൽ സാധാരണമായ ഈ കാലത്ത്.

സാമൂഹിക അടിസ്ഥാനസൗകര്യ വികസനത്തിലെ വമ്പൻ നാഴികക്കല്ലാണ് 15,400 ടൺ സംഭരണശേഷിയുള്ള പുതുവൈപ്പ് എൽ.പി.ജി. ഇറക്കുമതി ടെർമിനൽ. പദ്ധതിക്കെതിരായ എതിർപ്പുകൾ മൂലം ചുരുങ്ങിയത് അഞ്ച് വർഷമെങ്കിലും വൈകിയ പദ്ധതിയുടെ നിർമാണച്ചെലവും പലമടങ്ങു വർധിച്ചു. 1236 കോടി രൂപയുടെ പദ്ധതി നൽകുന്ന നേട്ടങ്ങൾ പലതാണ്. കേരളത്തിൽ നേരിട്ടു പാചകവാതകം ഇറക്കുമതി ചെയ്യുന്നതോടെ ലഭ്യത വർധിക്കും. ഗാർഹിക ആവശ്യങ്ങൾക്കു മാത്രമല്ല, വ്യവസായ ആവശ്യങ്ങൾക്കും വാതക ലഭ്യത സുലഭമാകുകയും ചെയ്യും. മൂന്നു പദ്ധതികളും കേരളത്തിൽ അനുബന്ധ വ്യവസായങ്ങൾ വളരാനുള്ള സാഹചര്യം കൂടിയാണു സൃഷ്ടിക്കുന്നത്. അത് ഉപയോഗിക്കാൻ നമുക്കു കഴിയണം. അതിനു സർക്കാരും വ്യവസായ ലോകവും കൈകോർക്കണം. അവസരങ്ങൾ നഷ്ടപ്പെടുത്താനുള്ളതല്ല, ഉപയോഗിക്കാനുള്ളതാണ് എന്ന തിരിച്ചറിവ് ഒപ്പമുണ്ടാകുകയും വേണം. കേരളത്തിന് തന്റെ മനസ്സിൽ അനന്യപദവിയുണ്ടെന്ന തോന്നലുണ്ടാക്കിയാണ് പ്രധാനമന്ത്രി മടങ്ങിയത്.

# സർക്കാർ ഭൂമി കയ്യേറിയവർക്ക് ഹൈക്കോടതി വിലക്ക്

കൊച്ചി: സർക്കാർ ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് ഭൂപതിവ് ചട്ടത്തിൽ 1971-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പട്ടയം അനുവദിക്കുന്നത് ഹൈക്കോടതി തടഞ്ഞു. 1964-ലെ ഭൂപതിവ് നിയമത്തിൽ ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ ചട്ടം അഞ്ച്, ഏഴ് എന്നിവയുടെ നിയമസാധുത ചീഫ്സെക്രട്ടറി വിവരിക്കണമെന്നും കോടതി നിർദേശിച്ചു.

സർക്കാർഭൂമി കൈയേറി കൈവശം വെച്ചിരിക്കുന്നവർക്ക് പട്ടയം നല്കാൻ അനുവദിക്കുന്നതാണ് ഈ വകുപ്പുകൾ എന്നു വിലയിരുത്തിയാണ് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖും ജസ്റ്റിസ് ശോഭ അന്നമ്മ ഈപ്പനും അടങ്ങിയ ബെഞ്ചിന്റെ ഉത്തരവ്. 1964-ലെ ഭൂപതിവ് ചട്ടം പൊതുതാല്പര്യത്തിനോ പൊതുലക്ഷ്യത്തിനോ വിരുദ്ധമായി ഭൂമി പതിച്ചു നല്കാൻ അനുവദിക്കുന്നില്ലെന്ന് കോടതി അഭിപ്രായപ്പെട്ടു.

ഇടുക്കി കളക്ടർക്കും ബന്ധപ്പെട്ട അധികാരികൾക്കുമാണ് നിർദേശം നല്കിയിരിക്കുന്നത്. എന്നാൽ, ഫലത്തിൽ ഉത്തരവ് താല്ക്കാലികമായെങ്കിലും സംസ്ഥാനത്തെ പട്ടയവിതരണത്തെ ആകെ ബാധിക്കും. കേരള ഭൂപതിവ് നിയമപ്രകാരം പട്ടയത്തിന് അപേക്ഷിക്കുന്നവരുടെ കാര്യത്തിലാണ് ഉത്തരവ് ബാധകമാകുന്നതെന്ന് ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്.

ഇടുക്കിയിലെ കൈയേറ്റങ്ങൾക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ട് വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന നല്കിയ ഹർജിയിലാണ് ഇടക്കാല ഉത്തരവ്. സർക്കാർ ഭൂമി നിയമവിരുദ്ധമായി കൈവശം വെച്ചിരിക്കുന്നവർ പട്ടയം നല്കണമെന്നാവശ്യപ്പെട്ട് വരുന്നുണ്ടെന്ന് കോടതി നിരീക്ഷിച്ചു.

പട്ടയം ലഭിക്കുന്നതിനുള്ള ഒരു അവകാശവും ഇല്ലാത്തവരാണവർ. 1964-ലെ ഭൂപതിവ് ചട്ടം നാല്പ്രകാരം കൃഷി, വീട് തുടങ്ങിയ ആവശ്യങ്ങൾക്കാണ് ഭൂമി പതിച്ചു നല്കാൻ കഴിയുന്നത്. എന്നാൽ, ചട്ടം അഞ്ച് പ്രകാരം കൈയേറിയ ഭൂമിയും എതിർപ്പ് ഉന്നയിച്ചിട്ടില്ലെങ്കിൽ പതിച്ചു നല്കാമെന്ന് വ്യക്തമാക്കുന്നു.

1964-ൽ ചട്ടം കൊണ്ടുവരുമ്പോൾ അന്നുവരെയുള്ള കൈയേറ്റത്തിന് പട്ടയം നല്കുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ, പിന്നീട് ചട്ടം ഏഴിൽ കൊണ്ടുവന്ന ഭേദഗതിയിലൂടെ 1971-നു മുമ്പ് സർക്കാർ ഭൂമി കൈയേറിയവർക്ക് പട്ടയത്തിനായി അപേക്ഷിക്കാൻ അനുമതി നല്കി. പ്രത്യക്ഷത്തിൽ 1964-നുശേഷം സർക്കാർ ഭൂമി കൈയേറിയവർക്കും ഭൂമി പതിച്ചു കിട്ടാൻ യോഗ്യമാക്കുന്നതായി ഈ മാറ്റം എന്ന് കോടതി വിലയിരുത്തി.

ഭൂപതിവ് നിയമത്തിലെ ചട്ടം II പ്രകാരം തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ട സ്ഥലം മാത്രമേ പതിച്ചു നല്കാൻ കഴിയൂ. നിയമത്തിന്റെ ലക്ഷ്യത്തെ തോല്പിക്കുന്ന ചട്ടങ്ങൾ സർക്കാരിന് തയ്യാറാക്കാനാവില്ലെന്നും കോടതി അഭിപ്രായപ്പെട്ടു.

# സംസ്ഥാനങ്ങളുടെ വിഹിതം കുറയ്ക്കാൻ മോദി ഇടപെട്ടെന്ന്

ന്യൂഡൽഹി: സംസ്ഥാനങ്ങളുടെ നികുതിവിഹിതം കുറയ്ക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മർദ്ദം ചെലുത്തിയെന്നു റിപ്പോർട്ട്. 2014-ൽ നികുതിവിഹിതം 42 ശതമാനമാക്കാനുള്ള ധനകാര്യ കമ്മീഷൻ നിർദേശത്തിനെതിരെ പ്രധാനമന്ത്രി സമ്മർദ്ദം ചെലുത്തിയെന്നാണ് ദ റിപ്പോർട്ടേഴ്സ് കളക്ടീവ് എന്ന മാധ്യമ കൂട്ടായ്മ പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത്.

കഴിഞ്ഞവർഷം സെന്റർ ഫോർ സോഷ്യൽ ആൻഡ് ഇക്കണോമിക് പ്രോഗ്രസ് സംഘടിപ്പിച്ച ഒരു സെമിനാറിൽ, നീതി ആയോഗ് സിഇഒ ബി.വി.ആർ. സുബ്രഹ്മണ്യം നടത്തിയ പരാമർശങ്ങൾ ആധാരമാക്കിയാണ് ദ റിപ്പോർട്ടേഴ്സ് കളക്ടീവിന്റെ റിപ്പോർട്ട്. നികുതിവിഹിതത്തിൽ 42 ശതമാനം സംസ്ഥാനങ്ങൾക്കു നല്കുന്നതിനെ മോദി എതിർത്തു. എന്നാൽ, അതിനെതിരെ നീതി ആയോഗ് സ്വീകരിച്ച ഉറച്ച നിലപാട് മോദി സർക്കാരിനെ 48 മണിക്കൂറിനുള്ളിൽ സമ്പൂർണ ബജറ്റ് പുനഃക്രമീകരിക്കാൻ നിർബന്ധിതരാക്കി. വിഹിതം വെട്ടിക്കുറയ്ക്കുന്നത് ഭരണഘടനാലംഘനമാണെന്നും സംസ്ഥാനങ്ങളുടെ വരുമാനം കുറയ്ക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെ വിമർശനവുമായി പ്രതിപക്ഷം രംഗത്തുവന്നു. നീതി ആയോഗ് സിഇഒയുടേത് അസാധാരണ വെളിപ്പെടുത്തലാണെന്ന് കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ജയറാം രമേശ് പറഞ്ഞു. ഫെഡറലിസത്തെ തകർക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ നടത്തിയത്. മോദിയുടേത് ഭരണഘടനാവിരുദ്ധ നടപടിയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

# കൊച്ചിയിൽ 4000 കോടിയുടെ വികസന പദ്ധതികൾ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു

കൊച്ചി: ആഗോള വ്യാപാരമേഖലയിൽ പ്രധാന കേന്ദ്രമായി വളരുന്ന ഇന്ത്യയുടെ സമുദ്രശക്തി ഇനിയും വർധിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയിലെ ആധുനിക ജലസമ്പർക്ക സൗകര്യങ്ങൾ ഉയർത്തുന്നതിൽ കൊച്ചി കപ്പൽശാല പ്രധാന പങ്ക് വഹിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. കൊച്ചിൻ ഷിപ്‌യാർഡ് ലിമിറ്റഡിലെ (സിഎസ്എൽ) പുതിയ ഡ്രൈ ഡോക്ക് (എൻ.ഡി.ഡി.), കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള അന്താരാഷ്ട്ര കേന്ദ്രം (ഐഎസ്ആർഎഫ്), പുതുവൈപ്പിലെ ഇന്ത്യൻ ഓയിൽ കോർപറേഷന്റെ എൽ.പി.ജി. ഇറക്കുമതി ടെർമിനൽ എന്നിവ ഇന്ത്യയ്ക്കു സമർപ്പിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



കൊച്ചി വെല്ലിംഗ്ടൺ ഐലൻഡിൽ കൊച്ചി കപ്പൽശാലയുടെ പുതിയ ഡ്രൈ ഡോക്ക്, അന്താരാഷ്ട്ര ഷിപ്പ് റിപ്പയറിംഗ് കേന്ദ്രം, പുതുവൈപ്പിലെ ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ഇറക്കുമതി ടെർമിനൽ എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ഷിപ്പ് റിപ്പയറിംഗ് കേന്ദ്രത്തിലെ ഷിപ്പ് ലിഫ്റ്റിംഗ് പ്ലാറ്റ്ഫോമിനു മുന്നിൽ.

വാണിജ്യലോകം ഇന്ത്യയുടെ സാധ്യതയും സ്ഥാനവും ഇന്നു തിരിച്ചറിയുന്നു. തുറമുഖങ്ങൾ, കപ്പൽ വ്യാപാരം, ഉൾനാടൻ ജലപാത എന്നീ മേഖലകളിൽ വ്യാപാര നടത്തിപ്പ് സുഗമമാക്കുന്നതിന് കഴിഞ്ഞ പത്തു വർഷത്തിനിടെ നിരവധി പരിഷ്കാരങ്ങൾ ഇന്ത്യ നടപ്പാക്കി. വികസിത ഭാരതത്തിനായി ഇന്ത്യയുടെ സമുദ്രവൈദഗ്ധ്യത്തിനു കരുത്തേകേണ്ടതുണ്ട്.

ഇന്ത്യയുടെ വികസനത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് പ്രധാനമാണ്. കൊച്ചി പോലുള്ള തുറമുഖ നഗരങ്ങളുടെ കരുത്ത് വർധിപ്പിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തുറമുഖശേഷിയിലെ വർധന, തുറമുഖ അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം, സാഗർമാല പദ്ധതിക്കു കീഴിലുള്ള തുറമുഖങ്ങളുടെ മെച്ചപ്പെട്ട സമ്പർക്ക സൗകര്യം എന്നിവയ്ക്ക് ഊന്നൽ നൽകും.

കപ്പൽ നിർമാണം, കപ്പൽ അറ്റകുറ്റപ്പണി, എൽ.പി.ജി. ഇറക്കുമതി ടെർമിനൽ തുടങ്ങിയ പദ്ധതികൾ കേരളത്തിലും ഇന്ത്യയുടെ തെക്കൻ മേഖലയിലും വികസനത്തിന് ആക്കം കൂട്ടും.

നാവികരുമായി ബന്ധപ്പെട്ട നിയമങ്ങളുടെ പരിഷ്കരണം ഇന്ത്യയിലെ നാവികരുടെ എണ്ണത്തിൽ 140 ശതമാനം വർധനയ്ക്കു കാരണമായി. ഇന്ത്യയ്ക്കകത്ത് ഉൾനാടൻ ജലപാതകൾ പ്രയോജനപ്പെടുത്തിയതിലൂടെ യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്കു ഗതാഗതത്തിനും വലിയ ഉത്തേജനം ലഭിച്ചു.

ഹൈഡ്രജൻ ഇന്ധനാധിഷ്ഠിത ഗതാഗതത്തിലേക്ക് ഇന്ത്യയെ കൊണ്ടുപോകാനുള്ള ദൗത്യം കൂടുതൽ ശക്തിപ്പെടുത്തുകയാണു കൊച്ചി കപ്പൽശാല. താമസിയാതെ ഇന്ത്യക്ക് തദ്ദേശീയ ഹൈഡ്രജൻ ഇന്ധന സെൽ ഫെറിയും ലഭിക്കുമെന്നാണു പ്രതീക്ഷയെന്നും പ്രധാനമന്ത്രി പറഞ്ഞു.

## പ്രവാസികളെ നാടിന്റെ വികസന പങ്കാളികളാക്കും: മുഖ്യമന്ത്രി

തിരുവല്ല: പ്രവാസികളെ നാടിന്റെ വികസനത്തിൽ പങ്കാളികളാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. എ.കെ.ജി. പഠന ഗവേഷണ കേന്ദ്രവും പത്തനംതിട്ട വി.എസ്. ചന്ദ്രശേഖര പിള്ള പഠന ഗവേഷണ കേന്ദ്രവും ചേർന്നു നടത്തുന്ന ആഗോള പ്രവാസി മലയാളി സംഗമമായ മൈഗ്രേഷൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാടിന്റെ വികസനത്തിൽ പ്രവാസികൾക്കേ ഏറെ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. ഉന്നത വിദ്യാഭ്യാസ ഹബ് ആക്കാനുള്ള ശ്രമത്തിലും വിദേശ ജോലിക്കായി തൊഴിൽ വൈദഗ്ധ്യം വേണ്ട മേഖലകളിലും പ്രവാസികൾക്ക് സഹായിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തെ സാമ്പത്തികമായി ഞെരുക്കാനുള്ള ശ്രമങ്ങൾ ഏവർക്കും ബോധ്യപ്പെട്ടിട്ടുണ്ട്. വലിയ വെല്ലുവിളികൾ നേരിടേണ്ടി വരാം. അതിനെ നിശ്ചയദാർഢ്യം കൊണ്ട് അതിജീവിക്കാൻ കഴിയണം.

നാടിന്റെ ഒരുമയാണു കേരളത്തിന്റെ കരുത്ത്. പ്രവാസി വിഷയത്തിൽ കക്ഷി രാഷ്ട്രീയം കലർത്താൻ പാടില്ലെന്ന നിലപാട് മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.

## ജയിൽ ശിക്ഷയിൽ ഒറ്റത്തവണ ഇളവ്; 800 തടവുകാർ മോചിതരാകും

കോട്ടയം: ജയിൽ ശിക്ഷയിൽ ഒറ്റത്തവണ ഇളവ് നല്കാനുള്ള മന്ത്രിസഭാ തീരുമാനത്തിന്റെ പ്രയോജനം 800 തടവുകാർക്ക് ലഭിക്കും. ആദ്യമായി കുറ്റകൃത്യത്തിൽ ഏർപ്പെട്ട് പത്ത് വർഷം വരെ തടവ്ശിക്ഷ അനുഭവിക്കുന്നവർക്കാണ് പരമാവധി ആറ് മാസം ഇളവ് ലഭിക്കുക. ഇളവില്ലാതെ ശിക്ഷാ കാലാവധി പകുതി പൂർത്തിയാക്കിയവർക്കാണ് ആനുകൂല്യം. ആഭ്യന്തര, നിയമ സെക്രട്ടറിമാർ, ജയിൽ ഡിജിപി എന്നിവരുൾപ്പെട്ട സമിതി തയ്യാറാക്കിയ മാർഗരേഖയാണ് മന്ത്രിസഭ അംഗീകരിച്ചത്. വധശിക്ഷ വിധിക്കപ്പെട്ടവർ, ജീവപര്യന്തം തടവുകാർ, വധശിക്ഷ ജീവപര്യന്തമായി കുറയ്ക്കപ്പെട്ടവർ, ഭീകരപ്രവർത്തനത്തിനു ശിക്ഷിക്കപ്പെട്ടവർ, ടാഡ/പോട്ട/യുഎപിഎ/ദേശീയ സുരക്ഷാനിയമം/ഔദ്യോഗിക രഹസ്യനിയമം/സ്ഫോടനം, തട്ടിക്കൊണ്ടുപോകൽ നിയമങ്ങൾ എന്നിവപ്രകാരം ശിക്ഷിക്കപ്പെട്ടവർ, സ്ത്രീധന മരണ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ, കള്ളനോട്ട്/കള്ളപ്പണം/കള്ളപ്പണം വെളുപ്പിക്കൽ/വിദേശനാണയ വിനിമയം/നികുതിനിയമം/ആയുധനിയമം എന്നിവയിൽ ശിക്ഷിക്കപ്പെട്ടവർ, മയക്കുമരുന്ന്, അഴിമതി, രാജ്യദ്രോഹ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ എന്നിവർക്ക് ഇളവില്ല.

2018 മുതൽ തുടങ്ങിയ പ്രക്രിയയാണ് ഇപ്പോൾ തീരുമാനത്തിലെത്തിയത്. ഒമ്പതുവർഷം തടവ് പൂർത്തിയാക്കിയവർക്കെല്ലാം ഉടൻ മോചനമുണ്ടാകും. ജയിൽവകുപ്പ് 2021-ൽ സർക്കാരിനു കൈമാറിയ പട്ടികപ്രകാരമാകും ഗുണഭോക്താക്കളെ കണ്ടെത്തുക. ഇതനുസരിച്ച് സംസ്ഥാനത്ത് 800 തടവുകാർക്ക് ഇളവിന് അർഹതയുണ്ട്. ഒരുവർഷം തടവുശിക്ഷ ലഭിച്ചവർക്ക് രണ്ട് മാസം വരെ ഇളവ് ലഭിക്കും. ശിക്ഷാ കാലയളവും ഇളവും കണക്കാക്കിയുള്ള താരിഫ് മാർഗരേഖയുണ്ടാകും. തിരുവനന്തപുരം സെൻട്രൽ ജയിലിലെ 1060 തടവുകാരിൽ 200 പേർക്ക് ഇളവ് ലഭിക്കും.


സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച്, ആസാദി കി അമൃത് മഹോത്സവത്തിന്റെ ഭാഗമായി തടവുകാരെ മോചിപ്പിക്കാൻ കേന്ദ്ര സർക്കാർ മാനദണ്ഡം നിശ്ചയിച്ചിരുന്നു. അതിന്റെ ചുവടുപിടിച്ചാണ് സംസ്ഥാനസർക്കാർ നടപടി. ഇതു സംബന്ധിച്ച് ആലോചന ആരംഭിച്ചപ്പോൾ രാഷ്ട്രീയപ്രേരിത നീക്കമെന്നു പ്രതിപക്ഷം ആരോപിക്കുകയും നടപടി തൽക്കാലം നിർത്തിവെക്കുകയുമായിരുന്നു. നിശ്ചിത കാലയളവ് പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാർക്ക് ജയിൽ ഉപദേശകസമിതി ശിപാർശപ്രകാരം ഗവർണറാണ് ഇളവ് അനുവദിക്കേണ്ടത്. ശിക്ഷാകാലയളവ് പകുതി പിന്നിട്ട 50 വയസുള്ള വനിതകൾ, 60 വയസുള്ള പുരുഷന്മാർ, 70 ശതമാനം ഭിന്നശേഷിക്കാർ, മാരക രോഗങ്ങളുള്ളവർ, ശിക്ഷാ കാലയളവിന്റെ മൂന്നിൽരണ്ട് അനുഭവിച്ചവർ, ട്രാൻസ്ജെൻഡറുകൾ എന്നിവർക്ക് മോചനം നല്കാനാണ് കേന്ദ്രനിർദേശം.






# In Loving Remembrance

## 3rd Death Anniversary



**Our family remembers the three-year anniversary of the passing of our beloved Pappa. He is greatly loved and forever missed by his wife, children, grandchildren, great-grandchildren, extended family and friends.**

**Psalm 128**

**Blessed are all who fear the LORD, who walk in obedience to him.**
**You will eat the fruit of your labor; blessings and prosperity will be yours.**
**Your wife will be like a fruitful vine within your house;**
**your children will be like olive shoots around your table.**
**Yes, this will be the blessing for the man who fears the Lord.**
**May the Lord bless you from Zion;**
**may you see the prosperity of Jerusalem all the days of your life.**
**May you live to see your children's children—**
**peace be on Israel.**

**God be with you till we meet again!**

## Dr. John Thomas Wattachanackal

**April 6, 1939 – January 30, 2021**

# In Loving Memory of

| 12th Death Anniversary | 3rd Death Anniversary |
|---|---|
| 1-31-2024 | 2-10-2024 |



**THOMAS NARICHIRAYIL**



**ANNAKUTTY NARICHIRAYIL**

*Inserted by : Sorrowing Family*

# കെ.എസ്.ആർ.ടി.സിയിൽ പുതിയ പരിഷ്കാരവുമായി ഗണേഷ്കുമാർ

തിരുവനന്തപുരം: ഇലക്ട്രിക് ബസുകൾ വിജയമല്ലെന്നും കിട്ടുന്നത് തുച്ഛമായ ലാഭമാണെന്നും ഗതാഗതമന്ത്രി കെ.ബി. ഗണേഷ്കുമാർ. ഇലക്ട്രിക് ബസ് വാങ്ങുന്നതിനോട് യോജിപ്പില്ല.

ചെലവ് കുറച്ച്, വരവ് പരമാവധി കൂട്ടിക്കൊണ്ടുവന്നാൽമാത്രമേ കെ.എസ്.ആർ.ടി.സിയുടെ അക്കൗണ്ടിൽ പണമുണ്ടാകൂ. ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സിയുടെ അനാവശ്യ റൂട്ടുകൾ നിർത്തുകയും ചില റൂട്ടുകൾ പരിഷ്കരിക്കുകയും ചെയ്യും. ഓരോ ബസിന്റെയും കോസ്റ്റ് അക്കൗണ്ടിങ് നടത്തിയാകും ഇതെന്നും മന്ത്രി പറഞ്ഞു. തൊഴിലാളി യൂണിയനുകളുമായി നടന്ന ചർച്ചയിലാണ് കെ.എസ്.ആർ.ടി.സിയെ അടിമുടി മാറ്റുന്ന സൂചനകൾ നൽകിയത്.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൃത്യമായി കൊടുക്കാനുള്ള പദ്ധതി മനസിലുണ്ടെന്നും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും ഗണേഷ് കുമാർ ഉറപ്പു നൽകി. മുഖ്യമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചിരുന്നു. ചില നീക്കങ്ങൾ നോക്കുന്നുണ്ട്. ശമ്പളം ഒരുമിച്ച് കൊടുക്കാനാകുമോ എന്നാണ് നോക്കുന്നത്. "ഇലക്ട്രിക് ബസുകൾ വിജയമായി ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. കെഎസ്ആർടിസി ഏറ്റവും കൂടുതൽ ഓടുന്നത് റെയിൽവേ സൗകര്യം ഇല്ലാത്ത മലയോര മേഖലകളിലാണ്. കെഎസ്ആർടിസിക്ക് പണമുണ്ടാക്കി കൊടുക്കുന്നത് ആ മേഖലകളിലാണ്.


കെ.ബി. ഗണേഷ് കുമാർ

അത്തരം മേഖലകളിലേക്ക് ഇത് പോകാൻ ബുദ്ധിമുട്ടാണ്. മിക്കവാറും ഇലക്ട്രിക് ബസിൽ ആളില്ല. പത്തു രൂപ നിരക്കിലാണ് ബസ് ഓടുന്നത്. നൂറു പേർക്ക് കയറാൻ ഇതിൽ സൗകര്യമില്ല. നൂറുപേർ കയറിയാൽ തന്നെ പത്തുരൂപവെച്ച് എത്ര രൂപ കിട്ടും. ആയിരം രൂപ. അതിന് കറന്റ് ചാർജ് എത്ര രൂപ വേണം? ഡ്രൈവർക്ക് ശമ്പളം എത്രവേണം. കിലോമീറ്ററിന് 28 പൈസ വെച്ച് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് കൊടുക്കണം. നൂറു കിലോമീറ്റർ ഓടുമ്പോളോ, എത്ര രൂപ മിച്ചമുണ്ട്." മന്ത്രി ചോദിച്ചു.

മന്ത്രി നയം വ്യക്തമാക്കിയതോടെ, കൊട്ടിഘോഷിച്ചും കോടികൾ പൊടിച്ചും റോഡിലിറക്കിയ ഇലക്ട്രിക് ബസുകൾ അകാലചരമം പ്രാപിച്ചേക്കുമെന്നാണു സൂചന. മന്ത്രിയുടെ വിലയിരുത്തലുകൾ ശരിയാണെങ്കിൽ ഇലക്ട്രിക് ബസുകൾ വാങ്ങിക്കൂട്ടിയവർ പ്രതിക്കൂട്ടിലാകും. ഇതിനായി മുൻകൈ എടുത്ത ചില ഉന്നത ഉദ്യോഗസ്ഥരുടെ നീക്കത്തിലെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.

കെ.എസ്.ആർ.ടി.സി. ബസുകളുടെ ലൊക്കേഷൻ അറിയാൻ 'വെയർ ഈസ് മൈ കെ.എസ്.ആർ.ടി.സി.' എന്നൊരു മൊബൈൽ ആപ് വികസിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

## സി.പി.ആറിനെതിരെ കേന്ദ്ര നടപടി: വിദേശ സംഭാവന സ്വീകരിക്കാനാകില്ല

ന്യൂഡൽഹി: ഇന്ത്യയിലെ പ്രമുഖ പബ്ലിക് പോളിസി ഗവേഷണ സ്ഥാപനമായ ഡൽഹിയിലെ സെന്റർ ഫോർ പോളിസി റിസർച്ചിന് (സി.പി.ആർ.) വിദേശ സംഭാവന സ്വീകരിക്കാനുള്ള എഫ്.സി.ആർ.എ. രജിസ്ട്രേഷൻ കേന്ദ്രം റദ്ദാക്കി. ഇനി വിദേശത്തുനിന്ന് പണം സ്വീകരിക്കാനാകില്ല.

ഇന്ത്യയുടെ സാമ്പത്തിക താൽപര്യങ്ങളെ ബാധിക്കുന്ന തരത്തിൽ വിദേശ ഫണ്ടിന്റെ ദുരുപയോഗം നടന്നുവെന്ന് ആരോപിച്ചാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ നടപടി. വികസനപദ്ധതികൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾക്കും നിയമപോരാട്ടങ്ങൾക്കും സാമ്പത്തികപിന്തുണ നൽകിയെന്ന ആരോപണവുമുണ്ട്. ഒരു വർഷം മുൻപ് എഫ്.സി.ആർ.എ. രജിസ്ട്രേഷൻ താൽക്കാലികമായി വിലക്കിയിരുന്നു. സർക്കാർ നടപടിക്കെതിരെ കോടതിയെ സമീപിക്കുമെന്ന് സി.പി.ആർ. പ്രതികരിച്ചു.

വിദ്യാഭ്യാസ ആവശ്യം ചൂണ്ടിക്കാട്ടിയാണ് സി.പി.ആർ. എഫ്.സി.ആർ.എ. രജിസ്ട്രേഷൻ എടുത്തതെങ്കിലും കൽക്കരി ഖനികൾക്കെതിരെയടക്കമുള്ള പ്രക്ഷോഭത്തിന് സാമ്പത്തികപിന്തുണ നൽകിയെന്നാണു സർക്കാർ വൃത്തങ്ങളുടെ ആരോപണം. ഇതിനായി എഫ്.സി.ആർ.എ. പരിധിയിൽ വരാത്ത ഒരു സ്ഥാപനത്തിലേക്കു പണം വകമാറ്റിയെന്നും ആരോപിച്ചു. ആദായനികുതി നിയമം സെക്ഷൻ 12 പ്രകാരം സി.പി.ആറിനു ലഭിച്ചിരുന്ന ഇളവും കഴിഞ്ഞ ജൂലൈയിൽ റദ്ദാക്കി.

1973-ൽ സ്ഥാപിതമായ സി.പി.ആറിൽ മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്, മുൻ ചീഫ് ജസ്റ്റിസ് വൈ.വി. ചന്ദ്രചൂഡ് അടക്കമുള്ളവർ ഗവേണിങ് ബോഡിയിൽ അംഗങ്ങളായിരുന്നു.

ബിൽ ആൻഡ് മെലിൻഡഗേറ്റ്സ് ഫൗണ്ടേഷൻ, ലോക ബാങ്ക്, ഫോഡ് ഫൗണ്ടേഷൻ, ബ്രൗൺ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സാമ്പത്തികപിന്തുണ നൽകുന്നുണ്ടായിരുന്നു.

## പാഴ്സൽ ഭക്ഷണത്തിനു ലേബൽ നിർബന്ധം

തിരുവനന്തപുരം: ഭക്ഷണം തയാറാക്കിയ സമയം ഉൾപ്പെടെ പ്രദർശിപ്പിക്കുന്ന ലേബലുകൾ പാഴ്സൽ ഭക്ഷണകവറിനു പുറത്ത് നിർബന്ധമായും പതിക്കണമെന്ന് സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിർദേശം പുറപ്പെടുവിച്ചു. ലേബലിൽ ഭക്ഷണം തയാറാക്കിയ സമയം, ഉപയോഗിക്കേണ്ട സമയപരിധി എന്നിവ കൃത്യമായി രേഖപ്പെടുത്തണം. കടകളിൽനിന്നു വിൽപ്പന നടത്തുന്ന പാകംചെയ്ത പാഴ്സൽ ഭക്ഷണത്തിന് ലേബൽ പതിക്കണമെന്ന നിയമം ഉണ്ടെങ്കിലും കടയുടമകൾ പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നിയമം കർശനമായി നടപ്പിലാക്കാൻ കമ്മീഷണർ ജാഫർ മാലിക് നിർദേശം നൽകിയത്.

പാഴ്സൽ ഭക്ഷണം ഉപയോഗിക്കേണ്ട സമയപരിധി കഴിഞ്ഞ് കഴിക്കുന്നതുമൂലം ഭക്ഷ്യ വിഷബാധ വർധിക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം, പാകംചെയ്ത ഭക്ഷണം രണ്ട് മണിക്കൂറിനുള്ളിൽ ഉപയോഗിക്കണം. നിലവിൽ പായ്ക്കറ്റുകളിൽ വിൽപ്പന നടത്തുന്ന ഭക്ഷണത്തിൽ ലേബൽ നിർബന്ധമാണ്. കടകളിൽനിന്നു പാഴ്സലായി വിൽപ്പന നടത്തുന്ന ഊണ്, സ്നാക്സ്, മറ്റ് ഭക്ഷണങ്ങൾ എന്നിവയ്ക്കെല്ലാം നിയമം ബാധകമാണ്. ഓൺലൈൻ വഴി വിപണനം നടത്തുന്ന ഭക്ഷണപായ്ക്കറ്റുകളിലും ലേബൽ പതിക്കണം. ലേബൽ പതിക്കാതെ പാഴ്സൽ ഭക്ഷണം വിൽപ്പന നടത്തുന്നത് നിലവിൽ നിരോധിച്ചിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു.

## സിസ തോമസിനെതിരെയുള്ള അച്ചടക്ക നടപടി സുപ്രീം കോടതിയിലേക്ക്

കൊച്ചി: സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലറായിരുന്ന ഡോ. സിസാ തോമസിനെതിരെയുള്ള അച്ചടക്ക നടപടി റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകും. അഡ്വക്കേറ്റ് ജനറലിന്റെ (എ.ജി.) നിയമോപദേശ പ്രകാരമാണിത്.

സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വി.സി. സ്ഥാനമേറ്റെടുത്ത ഡോ. സിസയുടെ നടപടി കേരള സർവീസ്ചട്ടം സെക്ഷൻ 13(7)-ന്റെ ലംഘനവും പെരുമാറ്റദൂഷ്യവുമാണ്. ഇക്കാര്യം ഹൈക്കോടതി പരിഗണിച്ചിട്ടില്ല. വി.സി. പദവി താൽക്കാലികമാണെന്നു പറഞ്ഞൊഴിയാൻ ഡോ. സിസ ശ്രമിക്കുകയാണ്. താൽക്കാലികമാണെങ്കിലും അഡീഷണൽ ചുമതലയാണെങ്കിലും മുൻകൂർ അനുമതി വേണമെന്നും സർക്കാർ വാദിക്കും.

ചാൻസലർ കൂടിയായ ഗവർണർ നടത്തിയ താൽക്കാലിക നിയമനത്തിൽ തനിക്കു പങ്കില്ലെന്ന സിസയുടെ വാദം നിലനിൽക്കില്ല. നിസഹായയാണെന്ന വാദവും അംഗീകരിക്കാൻ കഴിയില്ല. വി.സി. പദവി സാധാരണ തസ്തികയല്ല. അതിനാൽ, പദവി സ്വീകരിക്കും മുമ്പ് മുൻകൂർ അനുമതി വാങ്ങണമെന്നും സർക്കാർ അപ്പീലിൽ ചൂണ്ടിക്കാട്ടും.

മുൻ വൈസ് ചാൻസലർ രാജശ്രീയുടെ നിയമനം സുപ്രീം കോടതി അസാധുവാക്കിയതിനെ തുടർന്നാണ് സിസാ തോമസിനെ താൽക്കാലിക വൈസ് ചാൻസലറായി ചാൻസലർ നിയമിച്ചത്. ഇതിനെതിരെ സർക്കാർ ഹൈക്കോടതിയെ സമീപിച്ചപ്പോൾ നിയമനം നിയമപരമാണെന്നു കോടതി വിധിച്ചു. തുടർന്നാണു സർക്കാർ സിസയ്ക്കു കാരണം കാണിക്കൽ നോട്ടീസ് നൽകിയത്.



നോട്ടീസിനെതിരെ സിസാ തോമസ് ട്രിബ്യൂണലിനെ സമീപിച്ചെങ്കിലും കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കാനാകില്ലെന്നു ട്രിബ്യൂണൽ ഉത്തരവിട്ടു. തുടർന്നു ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. എന്നാൽ, സിസയുടെ നിയമനം യൂണിവേഴ്സിറ്റി, യു.ജി.സി. ചട്ടങ്ങളനുസരിച്ചാണെന്നും അതിനാൽ നോട്ടീസിലെ ആരോപണങ്ങൾ നിലനിൽക്കില്ലെന്നും ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി.

സാങ്കേതിക സർവകലാശാലാ വി.സി. സ്ഥാനത്തേക്കു സർക്കാർ നിർദേശിച്ച പേരുകൾ യു.ജി.സി. ചട്ടപ്രകാരം സ്വീകാര്യമല്ലാത്തതിനാൽ ഔദ്യോഗിക ജോലിയോടൊപ്പം വി.സിയുടെ അധികച്ചുമതല കൂടി ഡോ. സിസ വഹിക്കാനായിരുന്നു ഗവർണറുടെ ഉത്തരവ്. ഡോ. സിസയുടെ വിരമിക്കൽ ആനുകൂല്യങ്ങൾ സർക്കാർ തടഞ്ഞിരിക്കുകയാണ്.






# ചരക്കുകപ്പലിനുനേരെ ഡ്രോൺ; പ്രതികരിച്ച് ഇന്ത്യൻ നേവി

ന്യൂഡൽഹി: അറബിക്കടലിൽ യെമനു സമീപം ഏദൻ കടലിടുക്കിൽ ചരക്കുകപ്പലിനു നേരെ ഡ്രോൺ ആക്രമണം. കപ്പലിൽനിന്നു വിവരം ലഭിച്ചതിനെത്തുടർന്ന് ഇന്ത്യൻ നാവികസേനയുടെ ഐ.എൻ.എസ്. വിശാഖപട്ടണം പടക്കപ്പലിൽനിന്നുള്ള സ്ഫോടകവസ്തു നിർമാർജനവിദഗ്ധർ പരിശോധന നടത്തി. മാർഷൽ ഐലൻഡ്സിന്റെ എം.വി. ജെങ്കോ പിക്കാർഡി എന്ന ചരക്കുകപ്പലിൽനിന്നാണ് ഐ.എൻ.എസ്. വിശാഖപട്ടണത്തിലേക്കു സന്ദേശമെത്തിയത്. തുടർന്ന് പന്ത്രണ്ടരയോടെ ഇന്ത്യൻ നാവികസേനാംഗങ്ങൾ ചരക്കുകപ്പലിൽ പ്രവേശിച്ച് പരിശോധന നടത്തി. കപ്പലിൽ ഒൻപത് ഇന്ത്യക്കാരുൾപ്പെടെ 22 ജീവനക്കാരുണ്ടായിരുന്നു. തുടർന്ന്, പാത സുരക്ഷിതമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കപ്പൽ അടുത്ത തുറമുഖം ലക്ഷ്യമാക്കി പുറപ്പെട്ടു. ചെങ്കടലിലും അറബിക്കടലിലും ചരക്കു കപ്പലുകൾക്കുനരെ ഇറാനിലെ ഹൂതി ഭീകരരിൽനിന്ന് ഉൾപ്പെടെ ഡ്രോൺ ആക്രമണം പതിവായതോടെ സമുദ്രപാതയുടെ സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യൻ നാവികസേന പത്തിലേറെ പടക്കപ്പലുകൾ വിന്യസിച്ചിരുന്നു. ഇസ്രയേലിനെതിരെ ഹമാസിനെ പിന്തുണച്ച് ഹൂതികൾ നടത്തുന്ന ആക്രമണങ്ങളെത്തുടർന്ന് നിരവധി കപ്പൽ കമ്പനികൾ ചെങ്കടലിലൂടെയുള്ള യാത്ര ഒഴിവാക്കിയിരിക്കുകയാണ്. ഇറാനിൽ കഴിഞ്ഞ 15-നു വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ നടത്തിയ സന്ദർശനത്തിനിടെ, കപ്പലുകൾക്കു നേരെയുണ്ടാകുന്ന ആക്രമണങ്ങളിൽ ആശങ്കയറിയിച്ചിരുന്നു. ഇറാൻ വിദേശകാര്യമന്ത്രി ഹുസൈൻ ആമിർ അബ്ദുള്ളയുമായുള്ള കൂടിക്കാഴ്ചയിലാണു ജയ്ശങ്കർ വിഷയമുന്നയിച്ചത്. ഊർജസംബന്ധവും സാമ്പത്തികവുമായ ഇന്ത്യയുടെ താത്പര്യങ്ങൾക്കു സമുദ്രപാതയിലെ ആക്രമണഭീഷണി വിഘാതമാണെന്ന് ഇറാൻ മന്ത്രിയുമൊത്തുള്ള പത്രസമ്മേളനത്തിൽ ജയ്ശങ്കർ ചൂണ്ടിക്കാട്ടി.

# മോദി കാരണവരായി സുരേഷ് ഗോപിയുടെ മകളുടെ വിവാഹം

ഗുരുവായൂർ: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും വെള്ളിത്തിരയിലെ മിന്നും താരങ്ങളുടെയും സാന്നിദ്ധ്യത്തിൽ സുരേഷ് ഗോപിയുടെ മകൾ ഭാഗ്യയ്ക്ക് ഗുരുവായൂരപ്പന്റെ തിരുനടയിൽ



സുരേഷ്ഗോപിയുടെ മകളുടെ വിവാഹത്തിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഭാഗ്യയെ വരൻ ശ്രേയസിന് കൈപിടിച്ചു നല്കിയപ്പോൾ

മംഗല്യം. ജനുവരി 17ന് രാവിലെ 8.40-നായിരുന്നു ഭാഗ്യയുടെയും ശ്രേയസിന്റെയും താലികെട്ട്. വിവാഹച്ചടങ്ങിൽ സുരേഷ് ഗോപിക്കും ഭാര്യ രാധികയ്ക്കും കുടുംബത്തിനുമൊപ്പം ഒരു കാരണവരെപ്പോലെ നിന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മംഗളങ്ങൾ നേർന്നു.

ക്ഷേത്രം തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് നല്കിയ, വധൂവരന്മാർക്ക് അണിയാനുള്ള തുളസിമാലകൾ പ്രധാനമന്ത്രി വധൂവരന്മാർക്കു നല്കി. വിവാഹശേഷം സുരേഷ് ഗോപി അവരെ ആശീർവദിച്ച ശേഷമാണ് പ്രധാനമന്ത്രി മണ്ഡപത്തിൽ നിന്നു മടങ്ങിയത്.

സുരേഷ് ഗോപിയുടെ മകളുടെ വിവാഹം നടന്ന മണ്ഡപത്തിനു തൊട്ടടുത്ത മണ്ഡപങ്ങളിൽ നടന്ന വിവാഹച്ചടങ്ങിലെ പത്തു നവദമ്പതിമാരെയും പ്രധാനമന്ത്രി അക്ഷതം നല്കി അനുഗ്രഹിച്ചു. വധൂവരന്മാർക്ക് പ്രധാനമന്ത്രിക്കൊപ്പം നിന്ന് ഫോട്ടോയെടുക്കുന്നതിനും അവസരമൊരുക്കിയിരുന്നു.

വിവാഹത്തിൽ പങ്കെടുക്കാൻ മമ്മൂട്ടി, ഭാര്യ സുൽഫത്ത്, മോഹൻലാൽ, ഭാര്യ സുചിത്ര, ജയറാം, ഭാര്യ പാർവതി, ദിലീപ്, ബിജുമേനോൻ, ഷാജി കൈലാസ്, ഖുശ്ബു, സംവിധായകൻ ഹരിഹരൻ, നിർമ്മാതാവും നടനുമായ സുരേഷ്കുമാർ, ഗോകുലം ഗോപാലൻ, നടൻ സന്തോഷ്, നടിമാരായ മേനക സുരേഷ്, വിന്ദുജ മേനോൻ, സുകന്യ തുടങ്ങിയവർ വിവാഹമണ്ഡപത്തിൽ എത്തിയിരുന്നു.

രാവിലെ ആറു മുതൽ ഒമ്പതു വരെയുള്ള സമയത്തിൽ സുരേഷ് ഗോപിയുടെ മകളുടെ വിവാഹം മാത്രമാണ് നടന്നത്. ആറിനു മുമ്പ് 31 വിവാഹങ്ങൾ നടന്നു. 32-ാമത് വിവാഹമായിട്ടാണ് സുരേഷ്ഗോപിയുടെ മകളുടെ വിവാഹം നടന്നത്. വിവാഹത്തിൽ പങ്കെടുക്കാനെത്തിയവർ ആർടിപിസിആർ പരിശോധന നടത്തിയിരുന്നു.

പ്രധാനമന്ത്രി ക്ഷേത്രനടയിൽ നിന്ന് ശ്രീവത്സത്തിലേക്കു പോയശേഷം ഭക്തരെ ക്ഷേത്രത്തിലേക്ക് പ്രവേശിപ്പിച്ചു. കിഴക്കേനടയിലെ ഗോകുലം പാർക്കിൽ നടന്ന വിവാഹസൽക്കാരത്തിൽ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സിനിമാ മേഖലയിലെ പ്രമുഖർ പങ്കെടുത്തു.

# ഒറ്റ ഫ്രെയിം, മൂന്ന് പേർ; യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ്

കോട്ടയം: സുരേഷ് കുറുപ്പ്, ജെയ്ബു കുളങ്ങര, രാജു ഏബ്രഹാം എന്നിവരുടെ ഈ ചിത്രം പുതിയതാണെങ്കിലും ഇവരുടെ സൗഹൃദത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. സുരേഷ് കുറുപ്പും, രാജു ഏബ്രഹാമും സി.പി.എം സഹയാത്രികരാണെങ്കിലും ജെയ്ബു കുളങ്ങര കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പിനൊപ്പമായിരുന്നു. ഇപ്പോൾ മൂവരും ഒരു തോണിയിലെ യാത്രക്കാർ ആണെങ്കിലും മൂവരുടേയും സൗഹൃദത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. രാഷ്ട്രീയ സൗഹൃദമായി തുടങ്ങിയ ബന്ധത്തിന്റെ കഥ ഇങ്ങനെ. മൂന്ന് പേരും ഒരുകാലത്ത് കേരള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ് ആയിരുന്നു. എം.ജി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് മുൻപ് കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നു കോട്ടയത്തെ കോളജുകൾ. ജെയ്ബു കുളങ്ങരയും സുരേഷ് കുറുപ്പും കോട്ടയത്തു നിന്ന് കെ.എസ്.സിയുടെയും എസ്.എഫ്.ഐയുടെയും പ്രതിനിധികളായി യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാർ ആയപ്പോൾ രാജു ഏബ്രഹാം റാന്നിയിൽനിന്ന് എസ്.എഫ്.ഐ




യുടെ പാനലിൽ യൂണിവേഴ്സിറ്റിയിലെത്തി. അന്ന് തുടങ്ങിയ ബന്ധം രാഷ്ട്രീയത്തിന് അതീതമായി ഇന്നും തുടരുന്നു എന്ന് ജെയ്ബു കുളങ്ങര പറഞ്ഞു. രണ്ടുപേരും രാഷ്ട്രീയക്കാർ ആണെങ്കിലും ജനങ്ങൾക്ക് നന്മ ചെയ്യുന്ന കാര്യത്തിൽ ഇരുവരും നന്മയുടെ രാഷ്ട്രീയ പാത സ്വീകരിക്കുന്നു. അതുകൊണ്ട് സുരേഷ് കുറുപ്പും രാജു ഏബ്രഹാമും ഏറ്റവും പ്രിയപ്പെട്ടവരായി ഒപ്പമുണ്ട് എക്കാലവും. ജെയ്ബു കുളങ്ങര കൂട്ടിച്ചേർത്തു. ജീവിതത്തിന്റെ ഓട്ടപ്പാച്ചിലിനിടയിൽ ജെയ്ബു കുളങ്ങര അമേരിക്കയിൽ എത്തിയപ്പോഴും രാഷ്ട്രീയം കൈവിട്ടില്ല.


അന്നും ഇന്നും രാഷ്ട്രീയപരമായി കൃത്യമായ നിലപാടുകൾ സൂക്ഷിക്കുന്ന ആളായിരുന്നു ജെയ്ബു കുളങ്ങര. എല്ലാത്തിനും നീതിയുടെയും ന്യായത്തിന്റെയും കൃത്യമായ മേൽനോട്ടം ഉണ്ടായിരുന്നു. കോളജ് പഠനകാലം മുതൽ കേരളാ കോൺഗ്രസിന്റെ അനുഭാവിയും പ്രവർത്തകനുമായിരുന്നു. ബസേലിയസ് കോളജിൽ ഡിഗ്രിക്ക് പഠിക്കുന്ന സമയത്താണ് യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ആയി കേരളാ യൂണിവേഴ്സിറ്റി യൂണിയനിൽ എത്തിയത്. 1980-ൽ കെ.എസ്.സി (എം) സംസ്ഥാന ട്രഷറർ, കോട്ടയം ടൗൺ കേരളാ കോൺഗ്രസിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ സജീവപ്രവർത്തനം.

(ശേഷം 24-ാം പേജിൽ)



# സേവനദിനം ഉത്സവമാക്കി തിരുഹൃദയ ഇടവക യുവജനങ്ങൾ






**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ഇടവക യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മാർട്ടിൻ ലൂതർ കിംഗ് ദിനത്തിൽ സേവനദിനം കൂട്ടായ്മ ഒരുക്കി തിരുഹൃദയ ഇടവക യുവജനങ്ങൾ വ്യത്യസ്തരായി. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ജന്മദിനം കേരളത്തിൽ സേവനദിനമായി ആചരിക്കുന്ന അതേ ചൈതന്യം ചിക്കാഗോ തിരുഹൃദയ ഇടവകയിലെ യുവജനങ്ങൾ ഏറ്റെടുത്ത് മാർട്ടിൻ ലൂതർ കിംഗ് ദിനത്തിൽ ഇടവകയ്ക്കായി സേവനദിനമായി പ്രത്യേകം ആചരിച്ചു. തങ്ങൾക്കായി ലഭിച്ച പുതിയ ദൈവാലയത്തിലേയ്ക്കുള്ള പ്രവേശനം സുഗമമാക്കാൻ യുവജനങ്ങൾ അന്നേദിവസം ഒന്നടങ്കം അണിചേർന്ന് തങ്ങളുടെ പുതിയ ഇടവക ദൈവാലയവും പരിസരങ്ങളും അവർ വൃത്തിയാക്കി. യുവജനങ്ങൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം കടന്നുവന്ന് തങ്ങളാലാവും വിധം ഈ കാര്യങ്ങളിൽ പങ്കുകാരാകാൻ സാധിച്ചതിന്റെ സന്തോഷത്തിലാണ് യൂത്ത് മിനിസ്ട്രി കൂട്ടായ്മ. അസി. വികാരി റവ.ഫാ. ബിൻസ് ചേത്തലിലും ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, ജെൻസൻ ഐക്കരപ്പറമ്പിൽ എന്നിവരും എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നല്കി.

# വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ പ്രസിഡണ്ട്



**ഏലിയാമ്മ പുന്നൂസ്**

ചിക്കാഗോ: ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ 2024-ലെ ഭാരവാഹികളെ ജനുവരി 16-ന് ചിക്കാഗോയിലെ സെന്റ് പീറ്റേഴ്സ് സിറിയൻ ഓർത്തഡോക്സ് ചർച്ച് ഇടവക ഹാളിൽ റവ. എബി എം. തരകന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് തെരഞ്ഞെടുത്തു. വെരി റവ. സ്കറിയ തേലപ്പിള്ളിൽ (പ്രസിഡണ്ട്), റവ. ജോവർഗീസ് മലയിൽ (വൈസ് പ്രസിഡണ്ട്), പ്രേംജിത് വില്യംസ് (സെക്രട്ടറി), ബീന ജോർജ് (ജോ. സെക്രട്ടറി), ജേക്കബ് ജോർജ് (ട്രഷറർ), വർഗീസ് പാലമലയിൽ (ജോ. ട്രഷറർ), ബിജോയ് സക്കറിയ (ഓഡിറ്റർ), വിമൻസ് ഫോറം സാറാ വർഗീസ് (കൺവീനർ), യൂത്ത് ഫോറം റവ.ഫാ. തോമസ് മാത്യു (ചെയർമാൻ), ജിബിൻ വൈ. ജോർജ് (കൺവീനർ), മീഡിയ/പബ്ലിസിറ്റി കാർമൽ തോമസ്/ഏലിയാമ്മ പുന്നൂസ് എന്നിവരാണ് ഭരണസമിതി അംഗങ്ങൾ.

മീറ്റിങ്ങിന്റെ ആരംഭത്തിൽ പ്രാർത്ഥനാഗാനം, ഷെവ. ജോർജ് വർഗീസിന്റെ വേദപുസ്തക വായന, റവ. അജിത് കെ. തോമസ് അച്ചന്റെ പ്രാരംഭപ്രാർത്ഥന എന്നിവയ്ക്കുശേഷം കോർ എപ്പിസ്കോപ്പ തേലപ്പിള്ളിൽ ഏവരേയും സ്വാഗതം ചെയ്തു. റവ. എബി തരകന്റെ അദ്ധ്യക്ഷപ്രസംഗത്തിനു ശേഷം സെക്രട്ടറി പ്രേംജിത് വില്യം വാർഷിക റിപ്പോർട്ടും ബിജോയ് സക്കറിയ അക്കൗണ്ട് റിപ്പോർട്ടും ജേക്കബ് ജോർജ് ഓഡിറ്റേഴ്സ് റിപ്പോർട്ടും അവതരിപ്പിച്ചു. 2023-ലെ ക്രിസ്മസ് ആഘോഷങ്ങളുടെ വിലയിരുത്തൽ ബെഞ്ചമിൻ തോമസ് നടത്തി.

മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോയ് ആലപ്പാട്ട് എന്നിവർ രക്ഷാധികാരികളായുള്ള കൗൺസിൽ, മാർത്തോമ്മാ, സിഎസ്ഐ, യാക്കോബായ, ഓർത്തഡോക്സ്, കത്തോലിക്കാ വിഭാഗങ്ങളിൽപ്പെട്ട 16 ഇടവകകളുടെ കൂട്ടായ്മയാണ്.

വിജയകരമായി നാല്പത്തിയൊന്നാം വർഷത്തിലേക്കു കടക്കുന്ന ഈ പ്രസ്ഥാനം ആദ്ധ്യാത്മിക, ജീവകാരുണ്യ, സാമൂഹിക, സാംസ്കാരിക, കലാ-കായിക മേഖലകളിൽ പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

റവ. എബി തരകൻ പുതിയ ഭാരവാഹികളെ അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്തു. കഴിഞ്ഞ ഒരുവർഷം പ്രസിഡണ്ടായി പ്രവർത്തിക്കുവാൻ കഴിഞ്ഞതിലുള്ള സന്തോഷവും തന്നോടൊപ്പം പ്രവർത്തിച്ച ഏവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

സ്ഥാനം ഏറ്റെടുത്ത കോർ എപ്പിസ്കോപ്പ തേലപ്പിള്ളിൽ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചു. ഒറ്റക്കെട്ടായി നിന്ന് ഈ പ്രസ്ഥാനത്തെ മുമ്പോട്ടു നയിക്കുന്നതിന് ആഹ്വാനവും ചെയ്തു. ഈ പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിച്ചിട്ടുള്ള, ഈ ലോകത്തിൽ നിന്നും വാങ്ങിപ്പോയവർക്കു വേണ്ടി അനുശോചനവും പ്രാർത്ഥനയും നടത്തി.

ഡെൽസി മാത്യു മീറ്റിംഗിൽ സംബന്ധിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തി.

റവ.ഫാ. ഹാം ജോസഫിന്റെ സമാപന പ്രാർത്ഥനയ്ക്കുശേഷം സെന്റ് പീറ്റേഴ്സ് ഇടവക ഒരുക്കിയ സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445





GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ജോസഫ് ചാണ്ടിയുടെ ജീവകാരുണ്യ ട്രസ്റ്റിന്റെ മദർ തെരേസാ ജീവകാരുണ്യ സേവാ പുരസ്കാരം ഡോ. കേണൽ കാവുമ്പായി ജനാർദ്ദനന്


**പി.പി. ചെറിയാൻ**

ഡാളസ്/കോട്ടയം: കനിവിന്റെ സൂര്യതേജസ് എന്നറിയപ്പെടുന്ന അമേരിക്കൻ പ്രവാസിയും (ഡാളസ്) കോട്ടയം കിടങ്ങൂർ സ്വദേശിയുമായ ജോസഫ് ചാണ്ടി മാനേജിങ് ട്രസ്റ്റിയായ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രഥമ മദർ തെരേസാ ജീവകാരുണ്യ സേവാ പുരസ്കാരം പ്രൊഫസർ കേണൽ ഡോ. കാവുമ്പായി ജനാർദ്ദനന്. കോട്ടയം പബ്ലിക് ലൈബ്രറിയിൽ പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് പരസ്പരം മാസികയുടെ മാനേജിങ് എഡിറ്റർ എസ്. സരോജം സമ്മാനിച്ചു.

ഇന്ത്യൻ ജീവകാരുണ്യ ട്രസ്റ്റ് സെക്രട്ടറി ജെയിംസ് ജോസഫിന്റെയും കോ-ഓർഡിനേറ്ററും സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പൂർവ്വ എജിഎം ആയ ഗോപീകൃഷ്ണന്റെയും സാന്നിദ്ധ്യത്തിലാണ് പുരസ്കാരം സമ്മാനിച്ചത്.

പരസ്പരം വായന കൂട്ടത്തിന്റെ ഡയറക്ടറും പരസ്പരം മാസികയുടെ ചീഫ് എഡിറ്ററുമായ ഔസേഫ് ചിറ്റക്കാട്, ഡോ. അജു കെ. നാരായണൻ (പ്രൊഫസർ സ്കൂൾ ഓഫ് ലെറ്റേഴ്സ് എംജി യൂണിവേഴ്സിറ്റി), പ്രസന്നൻ, സന്ദീപ് സലിം, എം.എം. ഷാജി, സലിം കളത്തിപ്പടി, ഉണ്ണികൃഷ്ണൻ അമ്പാടി, കെ.കെ. അനിൽകുമാർ, പി. ഗിരീഷ് തുടങ്ങി നിരവധി പ്രമുഖർ അവാർഡ് ചടങ്ങിൽ സന്നിഹിതരായിരുന്നു.





ജോസഫ് ചാണ്ടി


ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കോളജുകളിലും സ്കൂളുകളിലും പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ജീവകാരുണ്യ ട്രസ്റ്റിന്റെ സ്കോളർഷിപ്പ് നല്കി പ്രോത്സാഹിപ്പിക്കുകയും അഖിലേന്ത്യാ തലത്തിൽ മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത നിസ്വാർത്ഥ സേവനങ്ങൾ പരിഗണിച്ചാണ് ഈ പുരസ്കാരം ഡോക്ടർ കാവുമ്പായി ജനാർദ്ദനന് സമ്മാനിച്ചത്. വിരമിച്ച സീനിയർ ആർമി ഓഫീസറും കൺസൾട്ടന്റ് സൈക്കോളജിസ്റ്റും വിദ്യാഭ്യാസ വിചിക്ഷണനും സീനിയർ മനഃശാസ്ത്ര ഉപദേഷ്ടാവും മഹാത്മാഗാന്ധി മിഷൻ ഗ്രൂപ്പ് ഓഫ് കോളജുകളുടെ ഡയറക്ടറും പ്രൊഫസറും രണ്ടു ഡസനിലേറെ പുസ്തകങ്ങളുടെ രചയിതാവും നിരവധി ദേശീയ സംഘടനകളുടെ ആജീവനാന്ത അംഗവും പ്രചോദനാത്മക പ്രഭാഷകനുമാണ് ഡോക്ടർ കാവുമ്പായി ജനാർദ്ദനൻ.

പതിനഞ്ചിലേറെ ദേശീയ, അന്തർദ്ദേശീയ റഫറൻസ് ബുക്കുകളിൽ ജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനാറിലധികം അന്താരാഷ്ട്ര ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. സാഹിത്യം, കല, സാമൂഹികസേവനം, കാരുണ്യപ്രവർത്തനം, വിദ്യാഭ്യാസം എന്നിവയിൽ ഇന്ത്യയിലുടനീളമുള്ള സംഘടനകളിൽ നിന്ന് നിരവധി ബഹുമതികളും സമ്മാനങ്ങളും മെഡലുകളും നേടിയിട്ടുണ്ട്. 'കൊറോണ മഹാമാരിയെ നേരിടാം' എന്ന പേരിൽ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച ശാസ്ത്ര സാഹിത്യ പുസ്തകത്തിനുള്ള ഈ വർഷത്തെ പി.കെ. ഗോപാലൻ സ്മാരക ശാസ്ത്ര സാഹിത്യ പുരസ്കാരം ഡോ. കാവുമ്പായി ജനാർദ്ദനനും ഡോ. മേജർ നളിനി ജനാർദ്ദനനും നേടി.

കഴിഞ്ഞ 29 വർഷമായി കേരളത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുമുള്ള പാവപ്പെട്ട മൂന്നര ലക്ഷത്തോളം സ്കൂൾ വിദ്യാർത്ഥികൾക്കും 25000-ത്തിലേറെ കോളജ് വിദ്യാർത്ഥികൾക്കും ജോസഫ് ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് സ്കോളർഷിപ്പുകളും നിർദ്ധനരായവർക്ക് വീട് നിർമ്മാണ സഹായവും മറ്റു കാരുണ്യ പ്രവർത്തനങ്ങളും നല്കിവരുന്നു. വിദ്യാഭ്യാസ ധനസഹായത്തിനു പുറമെ അനാഥാലയങ്ങൾ, സാധുപെൺകുട്ടികളുടെ വിവാഹം, ഭവനനിർമ്മാണം, സ്വയംതൊഴിൽ പദ്ധതി, ചികിത്സാ സഹായം, വികലാംഗർക്ക് സഹായം എന്നിങ്ങനെ വിവിധ കാരുണ്യ പ്രവർത്തനങ്ങൾക്കായി 12 കോടിയിലധികം രൂപ ഇതിനകം നല്കിക്കഴിഞ്ഞു. എ.പി. ജിനനാണ് ഈ സംഘടനയുടെ ചീഫ് കോ-ഓർഡിനേറ്റർ.

# മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് പ്രാർത്ഥനാപൂർവ്വം സ്നേഹംനിറഞ്ഞ ആശംസകൾ

ചിക്കാഗോ: സീറോമലബാർ സഭയിൽ നാലാമത്തെ ആർച്ച്ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന് നാഷണൽ എസ്.എം.സി.സിയുടെ പേരിൽ പ്രാർത്ഥനാശംസകൾ നേരുന്നു. പ്രകൃതിസ്നേഹം, ലാളിത്യം, നർമ്മത നിറഞ്ഞ സംഭാഷണശൈലി എന്നിവ മുഖമുദ്രയായിട്ടുള്ള അഭിവന്ദ്യ പിതാവിന്റെ വരുംകാല പ്രവർത്തനങ്ങൾക്ക് നാഷണൽ എസ്.എം.സി.സി. യുഎസ്എ എല്ലാവിധ ഭാവുകങ്ങളും വിജയാശംസകളും നേരുന്നു. അതോടൊപ്പം എസ്.എം.സി.സി. മെംബേഴ്സിന്റെ സഹകരണവും കൂട്ടായ്മയും പിതാവിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ഉണ്ടായിരിക്കുന്നതാണ്.



അഭിവന്ദ്യ പിതാവിന്റെ ഉത്തരവാദിത്വങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ വിജയകരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സീറോമലബാർ സഭയെ ഒറ്റക്കെട്ടായി നയിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട അജപാലകന് ഞങ്ങളുടെ ഓരോരുത്തരുടെയും ഹൃദയംനിറഞ്ഞ പ്രാർത്ഥനയും വിജയാശംസകളും നേരുന്നു.

മോശയേയും ദാവീദിനേയും സാമുവേലിനേയും നേതൃത്വത്തിലേക്ക് ഉയർത്തിയ ഇസ്രയേലിന്റെ ദൈവം പിതാവിന്റെ ഒപ്പം എന്നും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അനുമോദനങ്ങളും പ്രാർത്ഥനയും നേരുന്നു.

For National SMCC USA

Cigil Palakalody (President)

Mercy Kuriakose (Secretary)

Johnson Kannookaden (Vice President)

James Kureekkattil (Vice President)

George Mathew (Joint Secretary)

Jose Sebastian (Treasurer)

Georgekutty Pullapally (Board of Chair)



# ബെൻസേലം സെന്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ ഫാമിലി/യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

ഉമ്മൻ കാപ്പിൽ

ബെൻസേലം (പെൻസിൽവേനിയ): നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ പ്രചരണാർത്ഥം കോൺഫറൻസ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ ജനുവരി 14-ന് ബെൻസേലം സെന്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ഇടവക സന്ദർശിച്ചു.

ഇടവക വികാരി ഫാ. ഗീവർഗീസ് ജോൺ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. ഡീക്കൻ റോയ്സ് മാത്യു പ്രഭാഷണം നടത്തി. വിശുദ്ധ കുർബാനയ്ക്കുശേഷം സുനിൽ കുര്യൻ (ഇടവക സെക്രട്ടറി) ഫാമിലി/യൂത്ത് കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു.

ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം), ദീപ്തി മാത്യു (സുവനീർ എഡിറ്റർ), റോണ വർഗീസ് (സുവനീർ കമ്മിറ്റി അംഗം), ലിസ് പോത്തൻ (ഫിനാൻസ് കമ്മിറ്റി അംഗം), ഐറിൻ ജോർജ് (വിനോദം/സ്പോർട്സ് കോ-ഓർഡിനേറ്റർ), ബിപിൻ മാത്യു (മീഡിയ കമ്മിറ്റി അംഗം) എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു.



കുടുംബത്തോടൊപ്പം കഴിഞ്ഞ ഫാമിലി കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവം സുനിൽ കുര്യൻ തന്റെ പ്രസംഗത്തിൽ പ്രതിഫലിപ്പിച്ചു. കോൺഫറൻസിൽ പങ്കെടുത്തത് ഭദ്രാസനത്തിന്റെ വിവിധ മേഖലകളിൽ ചിതറിക്കിടക്കുന്ന ഒരേ വിശ്വാസത്തിലുള്ള ആളുകൾക്ക് ഒരുമിച്ചു വരാനുള്ള സവിശേഷമായ അവസരമാണ് നൽകിയതെന്ന് സുനിൽ അറിയിച്ചു. കോൺഫറൻസിൽ ചെലവഴിക്കുന്ന സമയം ഭദ്രാസനത്തിലെ കുട്ടികളുടെ ഭാവിയിലേക്കുള്ള നിക്ഷേപമായതിനാൽ പങ്കെടുക്കാൻ എല്ലാവരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

ഇത്തരമൊരു മഹത്തായ പരിപാടി സംഘടിപ്പിക്കുന്നതിന് ഫാമിലി കോൺഫറൻസ് ടീം നടത്തുന്ന ശ്രമങ്ങളെ ഫാ. ഗീവർഗീസ് ജോൺ അഭിനന്ദിച്ചു. അനുഗ്രഹീതവും സമ്പന്നവുമായ അനുഭവത്തിനായി എല്ലാവരും പങ്കെടുക്കുവാനും അദ്ദേഹം പറഞ്ഞു.

ഇടവക തലത്തിലും ഭദ്രാസന തലത്തിലും നേതൃത്വം നൽകിയ വികാരിയുടെയും ഇടവകയിലെ നിരവധി മുതിർന്ന അംഗങ്ങളുടെയും സംഭാവനകളെ ഉമ്മൻ കാപ്പിൽ കൃതജ്ഞതയോടെ അനുസ്മരിച്ചു. കോൺഫറൻസ് തീയതി, തീം, പ്രസംഗകർ, സമ്മേളന വേദി, വേദിക്ക് സമീപമുള്ള ആകർഷണങ്ങൾ എന്നിവയെക്കുറിച്ച് ഉമ്മൻ സംസാരിക്കുകയും എല്ലാവരുടെയും പങ്കാളിത്തവും പിന്തുണയും അഭ്യർത്ഥിക്കുകയും ചെയ്തു.

റോണ വർഗീസ് സുവനീറിന്റെ വിശദാംശങ്ങളും പങ്കെടുക്കാനും പിന്തുണയ്ക്കാനുമുള്ള അവസരങ്ങളും വിശദീകരിച്ചു. സ്പോൺസർഷിപ്പിനെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ലിസ് പോത്തൻ സംസാരിച്ചു.

സമ്മേളനത്തിന്റെ രണ്ടാം ദിവസം ആസൂത്രണം ചെയ്തിരിക്കുന്ന വിനോദ സായാഹ്നത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ഐറിൻ ജോർജ് പങ്കുവെക്കുകയും ഇടവകയുടെ പങ്കാളിത്തം അഭ്യർത്ഥിക്കുകയും ചെയ്തു.

ഫാ. ഗീവർഗീസ് ജോൺ ഇടവകയിൽ നിന്നുള്ള ആദ്യ രജിസ്ട്രേഷൻ സമർപ്പിച്ചു. ബോബി കോരുത് ആദ്യ റാഫിൾ ടിക്കറ്റ് വാങ്ങി. സുവനീറിൽ ചേർക്കാനുള്ള ആശംസകൾ ഇടവകയ്ക്ക് വേണ്ടി നൽകി ജെറിൻ ജൂബി (ട്രസ്റ്റി) പിന്തുണ അറിയിച്ചു.

കോൺഫറൻസിൽ രജിസ്റ്റർ ചെയ്തും സുവനീറിൽ ആശംസകൾ നൽകിയും റാഫിൾ ടിക്കറ്റുകൾ വാങ്ങിയും നിരവധി അംഗങ്ങൾ പിന്തുണ വാഗ്ദാനം ചെയ്തു. സുനിൽ കുര്യൻ, ജെറിൻ ജൂബി, അനിൽ ജോർജ്, ഐറിൻ ജോർജ്, ഡോ. ഗിബ്സൺ ജോർജ്, പ്രീതി ഫിലിപ്പ്, ഡീക്കൻ റോയ്സ് മാത്യു, അനിത ആൻഡ് സാജു ചാക്കോ എന്നിവരാണ് പിന്തുണ പ്രഖ്യാപിച്ചത്. വികാരിയും ഇടവക അംഗങ്ങളും നൽകിയ ഉദാരമായ പിന്തുണയ്ക്ക് ദീപ്തി മാത്യു നന്ദി പറഞ്ഞു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻഡം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് മീനടം മുഖ്യപ്രഭാഷണം നടത്തും.

ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി 'ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക' (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ, കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ: 914 806 4595), ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# റിട്ടയർമെന്റ് പ്ലാനിങ്: ഫൊക്കാന വിമൻസ്ഫോറം വെബിനാർ ജനുവരി 27–ന്

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാന വിമൻസ് ഫോറം കാനഡ റീജിയന്റെ നേതൃത്വത്തിൽ ജനുവരി 27-ന് ശനിയാഴ്ച രാവിലെ 11.30 (ഇഎസ്ടി) മണിക്ക് റിട്ടയർമെന്റ് പ്ലാനിങ് എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ നടക്കും. മികച്ച ഫിനാൻഷ്യൽ പ്രൊഫഷണൽസ് ആയ ടോറണ്ടോ ഫിനാൻഷ്യൽ




അക്കാഡമിയുടെ റിൻസി വർഗീസും രഞ്ജിത്ത് സേവിയറും പ്രഭാഷണം നടത്തുകയും അതിനുശേഷം പ്രേക്ഷകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യും. സവിത ടാഗോർ കോ-ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.

ഫൊക്കാനയ്ക്കും നോർത്ത് അമേരിക്കൻ മലയാളികൾക്കും അഭിമാനമായി ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജിന്റെ നേതൃത്വത്തിൽ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. അമേരിക്കയിലെയും കാനഡയിലെയും വിവിധ റീജിയനുകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായാണ് റിട്ടയർമെന്റ് പ്ലാനിങ് സെമിനാർ നടത്തുന്നത്. ഓരോ റീജിയനിലും ഇതുപോലെയുള്ള വിവിധ പരിപാടികൾ നടത്തിവരുന്നു. റിട്ടയർമെന്റ് പ്ലാൻ എങ്ങനെ ചെയ്യണം, പ്ലാനിങ് എളുപ്പമാക്കാനും റിട്ടയർമെന്റിനു ശേഷം ജീവിതം സന്തോഷകരവും ആനന്ദകരവും ആക്കുവാനും എടുക്കേണ്ട പ്ലാനിങ്ങുകൾ, അതിനുവേണ്ടി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്നിവയാണ് ഈ സെമിനാറിന്റെ ചർച്ചാവിഷയങ്ങൾ.

വരുംദിനങ്ങളിൽ ദേശീയമായും അന്താരാഷ്ട്ര തലത്തിലും നിരവധി പരിപാടികളാണ് വിമൻസ് ഫോറം ആവിഷ്കരിച്ചു നടപ്പിലാക്കാനിരിക്കുന്നത്. വിമൻസ്ഫോറം വൈസ് ചെയർ ഫാൻസിമോൾ പള്ളത്തുമഠം, ജോ. സെക്രട്ടറി ബിലു കുര്യൻ, കാനഡ റീജണൽ കോ-ഓർഡിനേറ്റർ അഞ്ജു ജിതിൻ, ഹണി ജോസഫ്, ജെസ്‌ലി ജോസ്, ഫൊക്കാന റീജിണൽ വൈസ് പ്രസിഡണ്ട് മനോജ് ഇടമന എന്നിവരും ഈ സെമിനാറിന് നേതൃത്വം നല്കും. പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷറർ ബിജു ജോൺ എന്നിവരുടെ നേതൃത്വത്തിലുള്ള ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും വിമൻസ് ഫോറം സെമിനാറിന് പൂർണ്ണ പിന്തുണ നല്കുന്നു.

ഏതു പ്രായക്കാർക്കും ഏറെ വിജ്ഞാനപ്രദമായ ഈ സെമിനാറിലേക്ക് ഏവരെയും കുടുംബസമേതം സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ഡോ. ബ്രിജിറ്റ് ജോർജ് 847 208 1546, സവിത ടാഗോർ 416 848 7077, ഫാൻസിമോൾ പള്ളത്തുമഠം 713 933 7636.

# റവ.ഡോ. ജോർജ് ഫിലിപ്പ് ഗ്രീൻ മെഡോസ് ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ

നിബു വെള്ളവന്താനം



ഫ്ളോറിഡ: മയാമിയിലുള്ള സൗത്ത് ഫ്ളോറിഡ ഗ്രീൻ മെഡോസ് ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനായി പാസ്റ്റർ ഡോ. ജോർജ് ഫിലിപ്പ് നിയമിതനായി. കേരളത്തിലും ആന്ധ്രാപ്രദേശിലും മഹാരാഷ്ട്രയിലും സഭാ പ്രവർത്തനശുശ്രൂഷയിൽ പരിചയമുള്ള പാസ്റ്റർ ജോർജ് ഫിലിപ്പ്, പൂനയിലുള്ള യൂണിയൻ ബിബ്ലിക്കൽ സെമിനാരിയുടെ ന്യൂടെസ്റ്റ്മെന്റ് വിഭാഗം മേധാവിയും ഡോക്ടറൽ സൂപ്പർവൈസറായും സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

ഫിലോസഫിയിലും സോഷ്യോളജിയിലും ബിരുദാനന്തര ബിരുദ പഠനത്തിനുശേഷം സെറാമ്പൂർ സെനറ്റിൽ നിന്നും ബാച്ചിലർ ഓഫ് ഡിവിനിറ്റി, മാസ്റ്റർ ഓഫ് തിയോളജി (ന്യൂടെസ്റ്റ്മെന്റ്), ഡോക്ടർ ഓഫ് തിയോളജി (ന്യൂടെസ്റ്റ്മെന്റ്) എന്നിവ നേടിയിട്ടുണ്ട്. ഐപിസി മാവേലിക്കര വെസ്റ്റ് സെന്ററിലുള്ള കൊല്ലകടവ് പ്രാദേശിക സഭാംഗമാണ്. ഭാര്യ: പ്രിയ ജോർജ്. മക്കൾ: അക്സ, ജെറീം. വിവരങ്ങൾക്ക്: 7542599438.

## ഒ.ഐ.സി.സി ഫ്ലോറിഡ ചാപ്റ്റർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു

# അമേരിക്കയിലെ കോൺഗ്രസ് പ്രവർത്തകർ കെ.പി.സി.സി.യുടെ സമ്പത്തും അവകാശവുമാണ്: കെ. സുധാകരൻ

**ജോർജി വർഗീസ്**

മയാമി, ഫ്ലോറിഡ: അമേരിക്കയിലെ സമ്പൽസമൃദ്ധമായ ജീവിതത്തിലും തിരക്കുകൾക്കിടയിലും നാട്ടിൽനിന്നും ലഭിച്ച രാഷ്ട്രീയ തിരിനാളം കത്തിജ്വലിപ്പിക്കാൻ ശ്രമിക്കുന്ന കോൺഗ്രസ് പ്രവർത്തകരെയും നേതാക്കളെയും കെ.പി.സി.സി പ്രസിഡണ്ട് അഭിനന്ദിച്ചു. ഫ്ലോറിഡയിലെ ഫോർട്ട് ലോഡർഡലിൽ ഒ.ഐ.സി.സിയുടെ ഫ്ലോറിഡാ ചാപ്റ്റർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കെ.പി.സി.സി പ്രസിഡണ്ട്. ഇവിടുത്തെ പ്രവർത്തകരുടെ ആവേശവും പാർട്ടിയോടുള്ള പ്രതിബദ്ധതയും ഇവിടെ വന്നതിനുശേഷം തനിക്ക് നേരിൽ കാണുവാൻ സാധിച്ചു. കെ.പി.സി.സി നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. വിദേശത്തെ മലയാളി കോൺഗ്രസ് പ്രവർത്തകരുടെ അവകാശം കെ.പി.സി.സിക്കു തന്നെയാണ്. ഈ സ്ഥലത്തുള്ള എല്ലാ മലയാളികളിലും കോൺഗ്രസിന്റെ രാഷ്ട്രീയ ആവേശം പകർത്തി പരമാവധി ആളുകളെ ഒ.ഐ.സി.സിയുടെ അംഗത്വത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹം നേതൃത്വത്തെ ആഹ്വാനം ചെയ്തു.




ഒ.ഐ.സി.സി പ്രസിഡണ്ട് ജോർജി വർഗീസ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസ് പാർട്ടി അധികാരത്തിൽ വരേണ്ടത് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും അഭിവൃദ്ധിക്കും നിലനില്പിനും അത്യന്താപേക്ഷിതമാണെന്ന് വ്യക്തമാക്കി. പത്ത് വർഷത്തിലധികമായി ഫ്ലോറിഡയിൽ പ്രവർത്തിച്ചിരുന്ന ഐ.എൻ.ഒ.സി പിൽക്കാലത്ത് ഐ.ഒ.സിയായി പ്രവർത്തിച്ചു. ശ്രീമതി ബിനു ചിലമ്പത്ത് ആയിരുന്നു ഐ.ഒ.സി പ്രസിഡണ്ട്. എന്നാൽ, കെ.പി.സി.സിയുടെ ആഭിമുഖ്യത്തിൽ ഒ.ഐ.സി.സി അമേരിക്കയിൽ രൂപീകരിച്ചപ്പോൾ തങ്ങൾ ഏക അഭിപ്രായത്തോടെ ജനറൽബോഡി തീരുമാനപ്രകാരം ഒ.ഐ.സി.സി.യായി രൂപംകൊണ്ടു. കഴിഞ്ഞ ഒരു വർഷത്തോളമായി പ്രവർത്തിച്ചുവരുന്ന ഒ.ഐ.സി.സി. ഫ്ലോറിഡാ ഘടകത്തിന്റെ ഉദ്ഘാടനം കെ.പി.സി.സി പ്രസിഡണ്ട് ദീപം തെളിയിച്ചുകൊണ്ട് ഔദ്യോഗികമായി നിർവഹിച്ചു. ഒ.ഐ.സി.സി നോർത്ത് കരോലീന ചാപ്റ്ററും ഇതിനോടൊപ്പം ഉദ്ഘാടനം ചെയ്തു.

ഒ.ഐ.സി.സി നാഷണൽ ചെയർമാൻ ജെയിംസ് കൂടൽ ഫ്ലോറിഡായിലെ കോൺഗ്രസ് പ്രവർത്തകരുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു. അമേരിക്കയിലെ കോൺഗ്രസുകാർ ഒറ്റക്കെട്ടായി നിന്ന് അടുത്ത തെരഞ്ഞെടുപ്പിൽ പാർട്ടിക്ക് ശക്തിയേകുവാൻ അദ്ദേഹം പ്രവർത്തകരെ ആഹ്വാനം ചെയ്തു. സെക്രട്ടറി ജോർജ് മാലിയിൽ സ്വാഗത പ്രസംഗത്തിൽ ഫ്ലോറിഡായിലെ ഒ.ഐ.സി.സിയുടെ ഉത്ഭവവും വളർച്ചയും വിശദീകരിച്ചു. ഒ.ഐ.സി.സിയിലെ മിക്ക അംഗങ്ങളും ഐ.ഒ.സി-യുഎസ്എയുടെ അംഗത്വം ഉള്ളവരാണ്. ഒ.ഐ.സി.സി ഫ്ലോറിഡാ ചെയർപേഴ്സൺ മിസ്സിസ് ബിനു ചിലമ്പത്ത്, റീജിയണൽ ചെയർമാൻ ജോയി കുറ്റ്യാനി, നോർത്ത് കരോലീന യൂണിറ്റ് പ്രസിഡണ്ട് സിബിൻ തോമസ് എന്നിവർ പ്രസംഗിച്ചു.

റീജിയണൽ പ്രസിഡണ്ട് സാജൻ കുര്യൻ, നാഷണൽ വൈസ് പ്രസിഡണ്ട് ഡോ. മാമ്മൻ സി. ജേക്കബ് എന്നിവർ എംസിമാരായിരുന്നു. മെംബർഷിപ്പ് കമ്മിറ്റി കോ-ഓർഡിനേറ്റർ സേവി മാത്യു 158 അംഗങ്ങളുടെ ഒ.ഐ.സി.സി അംഗത്വ അപേക്ഷകൾ കെ.പി.സി.സി പ്രസിഡണ്ടിന് കൈമാറി.













യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഗ്രസ്, കെ. സുധാകരന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള വിജ്ഞാപനം സാജൻ കുര്യന്റെ ആമുഖ പ്രസ്താവനയോടെ കൂപ്പർ സിറ്റി മേയർ ഗ്രേഗ് റോസ് കെ.പി.സി.സി പ്രസിഡണ്ടിനു കൈമാറി. ട്രഷറർ മാത്തുക്കുട്ടി തുമ്പമൺ നന്ദി രേഖപ്പെടുത്തി. ഡോ. സുനിൽ കുമാർ, ബ്രോവാർഡ് ഹെൽത്ത്, കേരളസമാജം പ്രസിഡണ്ട് ഷിബു ജോസഫ്, നവകേരള ആർട്സ് വൈസ് പ്രസിഡണ്ട് സുശീൽകുമാർ, അസിസ്റ്റന്റ് ട്രഷറർ ബെന്നി വർഗീസ്, കൈരളി ആർട്സ് പ്രസിഡണ്ട് വർഗീസ് ജേക്കബ്, ഫ്ലോറിഡാ ബോർഡ് ഓഫ് പ്രൊഫഷണൽ എഞ്ചിനീയേഴ്സ് അംഗം ബാബു വർഗീസ്, മയാമി അസോസിയേഷൻ പ്രസിഡണ്ട് കുഞ്ഞുമോൻ മാത്യു, മോൾ മാത്യു, പാംബീച് അസോസിയേഷൻ പ്രസിഡണ്ട് ഉല്ലാസ് കുര്യാക്കോസ്, ജോബി സെബാസ്റ്റ്യൻ എന്നിവർ കെ.പി.സി.സി പ്രസിഡണ്ടിനെ അഭിനന്ദിച്ച് പുഷ്പഹാരം നല്കി.

ഒ.ഐ.സി.സി പ്രസിഡണ്ട് ജോർജി വർഗീസ്, സെക്രട്ടറി ജോർജ് മാലിയിൽ, ട്രഷറർ മാത്തുക്കുട്ടി തുമ്പമൺ, നാഷണൽ വൈസ് പ്രസിഡണ്ട് ഡോ. മാമ്മൻ സി. ജേക്കബ്, ഡോ. സുനിൽകുമാർ എന്നിവർ പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായും സേവി മാത്യു, ബിനു ചിലമ്പത്ത്, എബി ആനന്ദ്, ജോയി കുറ്റ്യാനി, ഷീല ജോസ്, സജി സക്കറിയാസ്, ലൂക്കോസ് പൈനുങ്കൽ എന്നിവർ മെംബർഷിപ്പ് ക്യാമ്പയിൻ കമ്മിറ്റിയായും റീജിയണൽ ചെയർമാൻ സാജൻ കുര്യൻ, ബാബു കല്ലിടിക്കിൽ, ഷിബു ജോസഫ്, അസീസ്സി നടയിൽ, മനോജ് ജോർജ്, ജെയിൻ വാതിയേലിൽ, ബിനു പാപ്പച്ചൻ എന്നിവർ ഫിനാൻസ് കമ്മിറ്റി അംഗങ്ങളായും പ്രവർത്തിച്ചു. പല രാജ്യങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഡാൻസും കലാപരിപാടികളും പ്രോഗ്രാമിന് മാറ്റ് കൂട്ടി.














# എളിമയുടെ പര്യായമായി മാർത്തോമ്മാ സഭയിലെ മൂന്ന് എപ്പിസ്കോപ്പമാർ

**പി.റ്റി. തോമസ്**



മാർത്തോമ്മാ സഭയിൽ 2023 ഡിസംബർ രണ്ടാം തീയതി മൂന്ന് പുതിയ എപ്പിസ്കോപ്പാമാരുടെ സ്ഥാനാഭിഷേകം നടന്നിരുന്നല്ലോ. ആ സ്ഥാനാരോഹണ ശുശ്രൂഷയിൽ പങ്കെടുക്കണം എന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും പല കാരണങ്ങളാലും സാധിച്ചില്ല.എന്നാൽ, പരേതയായ എന്റെ ഭാര്യ മേരിക്കുട്ടി തോമസിന്റെ മാതാവിന്റെ മരണത്തോടനുബന്ധിച്ച് ഡിസംബർ 27-ന് ഞാൻ കേരളത്തിലേക്കു പോയി. നവാഭിഷിക്തരായ മൂന്നു തിരുമേനിമാരെയും കാണണം എന്ന് ആഗ്രഹിച്ചിരുന്നു. അതിൽ രണ്ട് തിരുമേനിമാരെ എനിക്കു നല്ല പരിചയം ഉണ്ട്. നവാഭിഷിക്തനായ സക്കറിയാസ് മാർ അപ്രേം എപ്പിസ്കോപ്പ ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ച റവ. സജു സി. പാപ്പച്ചൻ അച്ചൻ ആയിരുന്നു. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ വൈസ് പ്രസിഡണ്ട് എന്ന നിലയിൽ അച്ചനെ ഇടവകയിലേക്ക് സ്വാഗതം ചെയ്തത് ഞാനായിരുന്നു. പിന്നീട് ഇടവകയുടെ സെക്രട്ടറി എന്ന നിലയിൽ മൂന്നു വർഷം അച്ചനോടൊപ്പം സേവനമനുഷ്ഠിച്ചു. എന്റെ ഭാര്യ മേരിക്കുട്ടി തോമസിന്റെ സംസ്കാര ശുശ്രൂഷ, എന്റെ അനുജൻ പി.റ്റി. മാത്യുവിന്റെ സംസ്കാരശുശ്രൂഷ, എന്റെ മകൻ ലിറ്റിൻ തോമസിന്റെ മക്കൾ ജെറമിയ, നാറ്റ്ലി, എന്റെ മകൻ ലവൻ തോമസിന്റെ മക്കൾ ഇവാൻജെലിൻ, എസക്കിയേൽ എന്നിവരുടെ മാമോദീസ, ലവന്റെ ഭവനപ്രതിഷ്ഠ, എന്റെ മകൾ ഡോക്ടർ ലിസ്റ്റി തോമസിന്റെ മക്കൾ ലൂക്ക്, തോമസ് എന്നിവരുടെ ആദ്യകുർബാന എന്നീ ശുശ്രൂഷകളിൽ അച്ചൻ നേതൃത്വം നല്കുകയോ ഭാഗഭാക്കാകുകയോ ചെയ്തിട്ടുണ്ട്.




ഞാൻ കേരളത്തിൽ ചെന്ന ഉടനെ മാർ അപ്രേം തിരുമേനിയെ വിളിച്ച് അമ്മയുടെ മരണവിവരം അറിയിച്ചു. ഡിസംബർ 10-ന് നടക്കുന്ന ശുശ്രൂഷയിൽ ഭവനത്തിൽ വന്നു സംബന്ധിക്കാം എന്ന് പറഞ്ഞു. അതനുസരിച്ച് തക്ക സമയത്ത് തിരുമേനി വന്നുചേരുകയും ശുശ്രൂഷയിൽ നേതൃത്വം നല്കുകയും ചെയ്തു. പിന്നീട് ഞാൻ വീട്ടിലേക്ക് ക്ഷണിച്ചതനുസരിച്ച് എന്റെ സഹോദരൻ പി.റ്റി. കോശിയുടെ ഭവനത്തിൽ വരുകയും സന്തോഷം പങ്കിടുകയും ചെയ്തു.

ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പയുടെ കുടുംബം എന്റെ നാടായ കീക്കൊഴൂർ തന്നെ. തിരുമേനിയുടെ പിതാവ് കീക്കൊഴൂർ നിന്ന് കൊച്ചുകോയിക്കലേക്ക് താമസം മാറ്റി. അതിനുമുമ്പ് അദ്ദേഹം എന്നെ സൺഡേസ്കൂളിൽ പഠിപ്പിച്ചിരുന്നു. ഞാൻ പഠിച്ചിരുന്ന കീക്കൊഴൂർ ശാരോൻ സൺഡേസ്കൂളിന്റെ ഹെഡ്മാസ്റ്റർ തിരുമേനിയുടെ വല്യ അപ്പച്ചൻ കാരംവേലിമണ്ണിൽ ദാനിച്ചൻ. എന്റെ പിതാവ് എ.കെ. തോമസ് ആ സൺഡേസ്കൂളിന്റെ സെക്രട്ടറിയും. എന്റെ വല്യ അപ്പച്ചനും കാരംവേലിമണ്ണിൽ ദാനിച്ചനും കൂടി ആരംഭിച്ച സുവിശേഷവേലയത്രേ പിന്നീട് മാർത്തോമ്മാ സഭയുടെ മലയാലപ്പുഴ മിഷൻ ആയി പരിണമിച്ചത്. എന്റെ പിതാവും തിരുമേനിയുടെ പിതാവിന്റെ സഹോദരൻ ഏബ്രഹാം കെ. ഡാനിയേലും വളരെ സുഹൃത്തുക്കളായിരുന്നു. ഞങ്ങൾക്ക് കോളജിൽ ഫീസ് കൊടുക്കുവാൻ പലപ്പോഴും ഏബ്രഹാം കെ. ഡാനിയേലിൽനിന്നും വായ്പ വാങ്ങിയിരുന്നു. ഞാൻ 1999 മുതൽ 2001 വരെ മാർത്തോമ്മാ സഭാമണ്ഡലം അംഗം ആയിരുന്നു കാലത്ത് ജോസഫ് ഡാനിയേൽ അച്ചനെ കാണുന്നതിനും പരിചയപ്പെടുന്നതിനും സാധിച്ചിരുന്നു.







ഇവാനിയോസ് തിരുമേനിയും ആയി ഒരു കൂടിക്കാഴ്ചയ്ക്ക് വിളിച്ചപ്പോൾ വളരെ സന്തോഷത്തോടു കൂടി സമയം തന്നു. സംഭാഷണമദ്ധ്യേ ഞങ്ങൾ രണ്ടുപേരുടെയും വല്യപ്പന്മാരുടെ സൗഹൃദത്തെക്കുറിച്ച് തിരുമേനി ഓർമ്മിപ്പിച്ചു. ഞങ്ങൾ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ ആഗ്രഹിക്കുന്നു എന്ന തിരുമേനിയുടെ വാക്ക് വളരെ ആശ്വാസം പകർന്നു. എന്റെ കൊച്ചുമകൾ സെല സൈമൺ എഴുതിയ JUBODY എന്ന പുസ്തകത്തെക്കുറിച്ച് തിരുമേനി ആരായുകയും അത് വായിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.



എനിക്ക് യാതൊരുവിധമായ പരിചയവുമില്ലാത്ത ഒരച്ചൻ ആയിരുന്നു റവ. മാത്യു കെ. ചാണ്ടി (ഇന്നത്തെ മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പ) ഡിസംബർ 31-ാം തീയതി ഞായറാഴ്ച തിരുമേനി എന്റെ ജ്യേഷ്ഠസഹോദരൻ റവ.പി.റ്റി കോശി കൂടി നടക്കുന്ന കിഴക്കൻ മുത്തൂർ മാർത്തോമ്മാ പള്ളിയിൽ ആണെന്നറിഞ്ഞു. അന്നു രാവിലെ ഞങ്ങൾ എന്റെ ഇളയസഹോദരൻ പി.റ്റി. വർഗീസ് കൂടി നടക്കുന്ന പുല്ലാട് ആനമല മാർത്തോമ്മാ ഇടവകയിലെ ആരാധനയ്ക്കുശേഷം ഞങ്ങൾ കിഴക്കൻ മുത്തൂരിലേക്കു യാത്രയായി. അവിടെ ചെന്നപ്പോൾ അവിടുത്തെ ആരാധന കഴിഞ്ഞു തിരുമേനി ഒരു വീട്ടിൽ ഊണു കഴിക്കാൻ പോകാൻ കാറിൽ കയറിയിരുന്നു. ഞങ്ങൾ ചെല്ലുന്നത് കണ്ട വികാരി അച്ചൻ റവ. രഞ്ജി വർഗീസ് പറഞ്ഞു: "തിരുമേനിയെ കാണാൻ ആണെങ്കിൽ വേഗം ചെല്ല്, തിരുമേനി കാറിൽ കയറി." ഞങ്ങൾ ഞങ്ങളുടെ കാറിൽനിന്ന് ഇറങ്ങിയ ഉടനെ തിരുമേനിയുടെ കാർ കണ്ടു. എന്റെ അനുജൻ കൈ കാണിച്ചപ്പോൾ കാർ നിർത്തി. അതിശയം എന്നുപറയട്ടെ, തിരുമേനി കാറിൽനിന്ന് ഇറങ്ങി ഞങ്ങളുമായി സംസാരിച്ചു. തിരുമേനി തന്നെ പറഞ്ഞതനുസരിച്ച് ഒന്നിച്ചുള്ള ഫോട്ടോയും എടുത്തു. പിന്നീടാണ് മനസ്സിലായത് തിരുമേനി ആഹാരം കഴിക്കാൻ പോകുന്നത് എന്റെ സഹോദരൻ പി.റ്റി കോശി അച്ചന്റെ അടുത്ത വീട്ടിൽ ആണെന്ന്. ആ വീട്ടിൽ പോകുന്നതിനു മുമ്പ് തിരുമേനി അച്ചന്റെ വീട്ടിൽ കയറുകയും സ്നേഹം പങ്കിടുകയും ചെയ്തു. എന്റെ സഹോദരിയുടെ ഭർത്താവ് റവ. റ്റി.സി. ചെറിയാൻ മല്ലപ്പള്ളിയിൽ ഇരിക്കുന്ന സമയത്താണ് തിരുമേനി അച്ചൻ ആയതെന്ന വസ്തുതയും മനസ്സിലാക്കി. മാത്രമല്ല, ഞാൻ ബോംബെ, ഡൽഹി ഡയോസിസിന്റെ നോർത്തേൺ സോൺ ആദ്യത്തെ ട്രഷറർ ആയി തെരഞ്ഞെടുക്കപ്പെട്ടത് തിരുമേനി സേവനം ചെയ്ത സീഹോറ ആശ്രമത്തിൽ വെച്ചായിരുന്നു എന്ന വസ്തുതയും ഓർത്തുപോയി.


ഈ മൂന്ന് എപ്പിസ്കോപ്പാമാരോട് ഇടപെട്ടപ്പോൾ മനസ്സിന് ആകെ ഒരു സന്തോഷം തോന്നി. മൂന്നുപേരും ഒരുപോലെ എളിമയോടെ, താഴ്മയോടെ, സ്നേഹത്തോടെ ഇടപെടുന്നു. ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ആഗ്രഹിക്കുന്ന തിരുമേനിമാർ. ഈ മൂന്നു തിരുമേനിമാർക്കും എല്ലാവിധമായ ഭാവുകാശംസകളും നേരുന്നു. ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.






K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

# ചരിത്ര രേഖകളിൽ ഏറ്റവും ഉയർന്ന താപനില 2023-ൽ

കോര ചെറിയാൻ

ഫിലാഡൽഫിയ: ലോകചരിത്ര രേഖകളിൽ കഴിഞ്ഞ വർഷത്തെ താപനില ഏറ്റവും ഉയർന്നതായി യൂറോപ്യൻ ക്ലൈമറ്റ്, ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് എൻവയർമെന്റ് എക്സിക്യൂട്ടീവ് ഏജൻസി (സി.ഐ.എൻ.ഇ.എ.) വെളിപ്പെടുത്തുന്നതായി വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തു. 2023-ൽ അന്തരീക്ഷ മലിനീകരണംമൂലവും വിവിധ മെഷിനറിയിൽനിന്നും വമിക്കുന്ന പൊലൂഷൻ മൂലവും ചൂട് 1.48 ഡിഗ്രി സെൽഷ്യസ് (34.664 ഡിഗ്രി ഫാരൻഹീറ്റ്) ഉയർന്നതായി ക്ലൈമറ്റ് ചെയ്ഞ്ച് സർവ്വീസിന്റെയും (സി.ബി.എസ്) പ്രസ്താവനയിൽ പറയുന്നു.

ഫിലാഡൽഫിയ അടക്കം നോർത്ത് ഈസ്റ്റ് അമേരിക്കൻ മേഖലയിൽ 714 ദിവസമായി ഒരു ഇഞ്ച് മഞ്ഞ് വീണിട്ടില്ല. 1996 ജനുവരി 7-ന്, ഞായറാഴ്ച ഒറ്റദിവസം മാത്രം 30.7 ഇഞ്ച് (78 സെന്റീമീറ്റർ) മഞ്ഞുവീഴ്ചയുണ്ടായതായി ഫിലാഡൽഫിയ ഇന്റർനാഷണൽ എയർപോർട്ടിലെ ഒഫ്സർവേറ്ററി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായിട്ടുള്ള വനാന്തരങ്ങളിലെ കാട്ടുതീയും സമുദ്രത്തിൽനിന്നും തുടർച്ചയായി അടിക്കുന്ന ചുടുകാറ്റും ഭൂഗോള ധ്രുവപ്രദേശങ്ങളായ നോർത്ത് പോളിലെയും സൗത്ത് പോളിലെയും മഞ്ഞുമലകൾ ഉരുകി എത്തുന്ന സമുദ്രജലത്തിലെ താപനില വർദ്ധനവും ആഗോളതലത്തിൽ ചൂട് ഉയരുവാൻ കാരണമായി. ക്രമവിരുദ്ധമായിട്ടുള്ള പൊള്ളുന്ന ശരത്കാലചൂടും മഞ്ഞുരുകി സമുദ്രത്തിൽ എത്തിയ ജലപ്രവാഹവും വിവിധ രാജ്യങ്ങളിൽ ഉണ്ടായ മഹാപ്രളയവും മൂലം 2023 ചരിത്രരേഖകളിൽ മായാത്ത ലിഖിതമായിമാറും.

നമ്മൾ കണ്ട ക്രമവിരുദ്ധമായ താപനില വ്യതിയാനങ്ങൾ അവിശ്വസനീയമായും അമ്പരപ്പിക്കുന്നതായും അനുഭവപ്പെടുന്നതായി യൂറോപ്യൻ യൂണിയൻ എർത്ത് പ്രോഗ്രാം ഡയറക്ടർ കാർലോ ബോൺറ്റെമ്പോയുടെ പ്രഖ്യാപനത്തിൽ പറയുന്നു. സയന്റിസ്റ്റ് സമൂഹനിരീക്ഷണത്തിൽ കഴിഞ്ഞ 8 വർഷമായി ആഗോളതലത്തിൽ ചൂട് വർദ്ധിക്കുന്നതായി ഐക്യകണ്ഠ്യേന അറിയിച്ചു.

ഐക്യരാഷ്ട്രസംഘടന സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടേഴ്സ് മുന്നറിയിപ്പായി ലോകരാജ്യങ്ങളോട് അന്തരീക്ഷ മലിനീകരണം തടയുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ മടിക്കുകയോ നിരസിക്കുകയോ ചെയ്താൽ കഠോരമായ മാറാരോഗങ്ങളും അസഹ്യമായ ആരോഗ്യപ്രശ്നങ്ങളും മൂലം മനുഷ്യരാശിയെ നിത്യദുരിതത്തിലേക്ക് നയിക്കുമെന്ന് വ്യസനസമേതം അറിയിച്ചു.



ലേഖകൻ

കഴിഞ്ഞ വസന്തകാലഘട്ടം ഉണ്ടായ ചൂട് വർദ്ധനവ് 2024-ന് ശേഷം ലോകവ്യാപകമായി വീണ്ടും താപനില വർദ്ധിക്കുവാനുള്ള അശുഭസൂചന ആണെന്ന് ശാസ്ത്രസമൂഹം പ്രവചിക്കുന്നു. 173 വർഷമായിട്ടുള്ള കോപ്പർനിക്കസ് റെക്കോർഡ് പരിശോധനയിൽ കഴിഞ്ഞ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പസഫിക് സമുദ്രത്തിലെ താപനില അത്യധികം ഉയർന്നതായി കണ്ടെത്തി. അന്റാർട്ടിക്ക് കടലിലെ മഞ്ഞുകട്ടകൾ ഉരുകി കടൽ ജലനിരപ്പ് ഉയരുകയും ചൂട് വർദ്ധനവ് ക്രമേണ ഉണ്ടാവുകയും ചെയ്യുമ്പോൾ മനുഷ്യജീവിതം തന്നെ വിദൂരഭാവിയിൽ നിലനിർത്തുവാൻ ആസാദ്ധ്യമാകുമെന്ന് ശാസ്ത്രസമൂഹം നിഷ്പക്ഷ നിരീക്ഷണശേഷം മുൻകൂട്ടി പറയുന്നു.

2023-ൽ ഭൂമിയുടെ മുന്നിൽ രണ്ടു ഭാഗമുള്ള സമുദ്ര ഉപരിതലത്തിൽനിന്നും കീഴ്വഴക്കം ഇല്ലാതെ അനുഭവപ്പെട്ട 4.5 ഡിഗ്രി സെൽഷ്യസ് (7.2-9 ഡിഗ്രി ഫാരൻഹീറ്റ്) ചൂട് വർദ്ധനവ് മുഖ്യമായും ഇന്ത്യൻ മഹാസമുദ്രം മുതൽ ഗർഫ് ഓഫ് മെക്സിക്കോയും അറ്റ്ലാന്റിക് സമുദ്രത്തിന്റെ തെക്ക് ദിശയിലും ആയിരുന്നതായി നാഷണൽ ഓഷനിക് ആൻഡ് അറ്റ്മോസ്ഫിയർ അഡ്മിനിസ്ട്രേഷൻ വിജ്ഞാപനത്തിൽ പറയുന്നു. മത്സ്യങ്ങളടക്കമുള്ള കടൽ ജീവികളെയും സസ്യങ്ങളെയും നേരിയ താപനില വർദ്ധനവുമൂലം നാശം സംഭവിച്ചതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. പടിഞ്ഞാറൻ കാറ്റിന്റെ ശക്തികുറവുമൂലം അറ്റ്ലാന്റിക് സമുദ്രനിരപ്പിലുണ്ടായ താപനിലവർദ്ധനവ് അഗാധതയിലുള്ള കടലിന്റെ അടിത്തട്ടിൽവരെ എത്തിയതായി സയന്റിസ്റ്റുകൾ വിശ്വസിക്കുന്നു.

അപ്രതീക്ഷിതമായി ന്യൂസിലാന്റിനും ഫിജിയ്ക്കും മദ്ധ്യേയുള്ള ഹംങ്റ്റോംങ്കാ - ഹുഗാ ഹാപ്പി ദ്വീപിന് സമീപത്തായി ജനുവരി 2022-ൽ ഉണ്ടായ ഭീകരമായ അഗ്നിപർവ്വത സ്ഫോടനത്തിൽ 1470 ഡിഗ്രി മുതൽ 2190 ഡിഗ്രി ഫാരൻഹീറ്റിൽ (800 മുതൽ 1200 ഡിഗ്രി സെൽഷ്യസ്) വിസർജ്ജിച്ച ലാവയുടെയും അന്തരീക്ഷത്തിലേക്ക് പുറപ്പെടുവിച്ച ചൂടേറിയ നീരാവിയുടെയും ഫോട്ടോകൾ നാസ സാറ്റലൈറ്റ് ഡാറ്റ വെളിപ്പെടുത്തി.

ലോക താപനില 1.5 ഡിഗ്രി സെൽഷ്യസ് (34.7 ഡിഗ്രി ഫാരൻഹീറ്റ്) ലവലിൽ നിന്നും പ്രതിവർഷം ഉയരാതിരിക്കുവാനുള്ള നിയന്ത്രണ നടപടികൾ സ്വീകരിക്കണമെന്നുള്ള തീരുമാനം 2015-ൽ പാരീസിൽകൂടിയ ലോകരാജ്യ സമ്മേളനം ഐകകണ്ഠ്യമായി അംഗീകരിച്ചു.

# ഇന്റർനാഷണൽ പ്രയർ ലൈൻ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന് ആശംസകൾ അർപ്പിച്ചു

പി.പി. ചെറിയാൻ

ഹൂസ്റ്റൺ: ആഗോള സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനു പുതിയ സ്ഥാനലബ്ധിയിൽ ഇന്റർനാഷണൽ പ്രയർ ലൈൻ അനുമോദനങ്ങളും ആശംസകളും അർപ്പിച്ചു. തട്ടിൽ പിതാവ് ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊണ്ട് സഭയെയും സമൂഹത്തെയും പ്രകാശിപ്പിച്ചു വഴി നടത്തുന്ന ഒരു ഇടയശ്രേഷ്ഠൻ ആണ്. ഐ.പി.എല്ലിനെ സ്നേഹിക്കുകയും ആദരിക്കുകയും സഭകളുടെ ഐക്യത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന തട്ടിൽ പിതാവ് ഐ.പി.എൽ. സംഘടിപ്പിച്ച പ്രാർത്ഥന സമ്മേളനത്തിൽ 2023 മാർച്ച് 21-ന് മുഖ്യ പ്രഭാഷണം നടത്തിയിരുന്നു. അഭിവന്ദ്യ തട്ടിൽ പിതാവിന്റെ പുതിയ സ്ഥാനലബ്ധിയിൽ ഇന്റർനാഷണൽ പ്രയർ പ്രാർത്ഥന മംഗളങ്ങൾ ആശംസിക്കുന്നതായി പ്രോഗ്രാം കോ-ഓർഡിനേറ്റർ സി.വി. സാമുവേൽ ആമുഖ പ്രസംഗത്തിൽ പറഞ്ഞു. സീറോ മലബാർ സഭയുടെ നാലാമതു മേജർ ആർച്ച്ബിഷപ്പും മാർ ആലഞ്ചേരിക്കു ശേഷം സഭാ സിനഡ് തെരഞ്ഞെടുക്കുന്ന രണ്ടാമത്തെ മേജർ ആർച്ച് ബിഷപ്പുമാണ് 67-കാരനായ മാർ റാഫേൽ തട്ടിൽ. അപ്പസ്തോലിക സഭയുടെ ശുശ്രൂഷാ കാലഘട്ടത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ദൈവോന്മുഖതയിലും മനുഷ്യബന്ധത്തിലും ദിശാബോധത്തിലും സഭയെ നയിക്കുന്നതിന് ആവശ്യമായ ദൈവീക കൃപകൾ ലഭിക്കട്ടെ എന്നും സി.വി.എസ്. ആശംസിച്ചു.



ജനുവരി 16-നു ചൊവ്വാഴ്ച വൈകിട്ട് സംഘടിപ്പിച്ച ഇന്റർനാഷണൽ പ്രയർ ലൈനിന്റെ 505-ാമത് സമ്മേളനത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഇതു സംബന്ധിച്ചുള്ള ആശംസാപ്രമേയം വായിക്കുകയും എല്ലാവരെയും സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. ഡിട്രോയിറ്റിൽനിന്നും സാറാമ്മ വർഗീസ് പ്രാരംഭ പ്രാർത്ഥന നടത്തി. ഡെയ്സി തോമസ് നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. ഹൂസ്റ്റണിൽനിന്നുള്ള വത്സ മാത്യു മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. ഡിട്രോയിറ്റ് മാർത്തോമാ ചർച്ച് വികാരി റവ. സന്തോഷ് വർഗീസ് സങ്കീർത്തനം 19-ാം അദ്ധ്യായത്തെ ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തി.


പ്രകൃതിയിലൂടെ, ന്യായപ്രമാണത്തിലൂടെ, നമ്മിലൂടെ ദൈവ മഹത്വം വെളിപ്പെടുത്തിയ അതി മനോഹര ഗാനമാണ് ഈ സങ്കീർത്തനങ്ങളിലൂടെ നമുക്ക് ദർശിക്കുവാൻ കഴിയുന്നതെന്ന് അച്ചൻ വിശദീകരിച്ചു. ഐ.പി.എൽ. സംഘടിപ്പിക്കുന്ന പ്രതിവാര പ്രാർത്ഥനാ യോഗങ്ങളിൽ നിരവധി പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സംബന്ധിച്ചിരുന്നുവെന്നു കോ-ഓർഡിനേറ്റർ ടി.എ. മാത്യു പറഞ്ഞു. തുടർന്ന് നന്ദി രേഖപ്പെടുത്തി. സന്തോഷ് വർഗീസ് അച്ചന്റെ പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം സമ്മേളനം സമാപിച്ചു. ഷിബു ജോർജ് ടെക്നിക്കൽ കോ-ഓർഡിനേറ്ററായിരുന്നു.

# രാജു തരകൻ രചിച്ച 'ഇടയകന്യക' പ്രകാശനം പാസ്റ്റർ ബേബി വർഗീസ് നിർവഹിച്ചു

പി.പി. ചെറിയാൻ

കുമ്പനാട്: അമേരിക്കൻ പ്രവാസിയും ഡാളസിൽ സ്ഥിരതാമസക്കാരനും എക്സ്പ്രസ്സ് ഹെറാൾഡ് പത്രത്തിന്റെ പത്രാധിപരും സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനുമായ രാജു തരകന്റെ ലേഖന സമാഹാരമുൾപ്പെടുത്തി, ഉത്തമഗീത പുസ്തകത്തെ അധികരിച്ചെഴുതിയ 'ഇടയകന്യക' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ബേബി വർഗീസ് കുമ്പനാട്ട് സഭാ ആസ്ഥാനത്ത് നിർവഹിച്ചു.

ജ്യോതിമാർഗം പബ്ലിക്കേഷനാണ് പുസ്തകത്തിന്റെ പ്രസാധകർ. ഐ.പി.സി. ജനറൽ ട്രഷറർ ഡോ. വർക്കി കാച്ചാണത്ത് ഗ്രന്ഥം ഏറ്റുവാങ്ങി. പാസ്റ്റർ സി.സി. ഏബ്രഹാം, പാസ്റ്റർ കെ.പി. കുര്യൻ, ജ്യോതിമാർഗം ചീഫ് എഡിറ്റർ ഷാജി ഇടുക്കി എന്നിവർ സംബന്ധിച്ചു.



ചെങ്ങന്നൂർ സ്വദേശിയായ രാജു തരകൻ റവ. ഡോ. ജോർജ് തരകന്റെയും തങ്കമ്മ ജോർജിന്റെയും മകനാണ്. 2004-ൽ അമേരിക്കയിൽ വന്ന് ജോലിയോടൊപ്പം പ്രേക്ഷിത മേഖലയിൽ സജീവ സാന്നിധ്യമായി നിലകൊള്ളുന്നു. മലയാളി പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന്റെയും ഇൻഡോ അമേരിക്കൻ പ്രസ്ക്ലബിന്റെയും ഔദ്യോഗിക പദവികൾ അലങ്കരിച്ചിട്ടുള്ള രാജു തരകൻ 2009 എക്സ്പ്രസ്സ് സംസ്കാരിക പത്രത്തിൽ തുടക്കം കുറിച്ചു.



ഒരു പ്രേമ കാവ്യത്തിന്റെ ആത്മീക പൊരുളുകളുടെ ചുരുളഴിക്കുന്ന രചനയാണ് 'ഇടയകന്യക' എന്ന ഗ്രന്ഥം. സത്യവേദപുസ്തകം വിശ്വസിക്കുകയും പഠിക്കുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് വായനയുടെ അനുഭൂതിക്കപ്പുറം മേഘത്തേരിൽ വേഗത്തിൽ പ്രത്യക്ഷനാകാൻ പോകുന്ന പതിനായിരങ്ങളിൽ സുന്ദരനായ ക്രിസ്തുവെന്ന മണവാളനെ കാണാൻ വെമ്പൽ കൊള്ളുന്ന സഭയെന്ന മണവാട്ടിയുടെ ഹൃദയം തൂലികയിലൂടെ പകർത്തിയിരിക്കുന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക: expressherald3@gmail.com.



# ഇന്ത്യയിലെ ക്രൈസ്തവ പീഡനത്തിനെതിരെ ചിക്കാഗോയിൽ പ്രതിഷേധയോഗം 27-ന്

ചിക്കാഗോ: ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ സമൂഹം ജനുവരി 27-ന് ശനിയാഴ്ച ഇല്ലിനോയിലെ വീറ്റൻ കോളജിലെ ബില്ലി ഗ്രഹാം സെന്ററിൽ സമ്മേളിക്കുന്നു. ഇന്ത്യയിൽ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്ക് എതിരെ നടക്കുന്ന അതിക്രമങ്ങളിൽ പ്രതിഷേധിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനുമാണ് സമ്മേളനം.


ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് (ഫിയക്കൊന) പ്രസിഡണ്ട് രാജൻ കോശി ജോർജ്, വിർജീനിയയിൽ നിന്നു യുഎസ് കോൺഗ്രസിലേക്കു മത്സരിക്കുന്ന ജോൺ പ്രഭുദോസ് എന്നിവർ പ്രത്യേക അതിഥികളായിരിക്കും.

വൈകിട്ട് ആറു മണിക്കാണ് സമ്മേളനം. അതിനു മുൻപായി പ്രഭുദോസ് പങ്കെടുക്കുന്നവരോട് നേരിട്ട് സംസാരിക്കും. ഇന്ത്യയിലും നൈജീരിയയിലും ക്രിസ്ത്യാനികൾക്ക് എതിരെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് ബൈഡൻ ഭരണകൂടം മൗനം പാലിക്കുന്നതിനെ അദ്ദേഹം വിമർശിച്ചു. സ്ഥാനാർത്ഥികളെ നേരിട്ട് കാണാനും ചോദ്യങ്ങൾ ചോദിക്കാനുമുള്ള അവസരം ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് ലഭിക്കുന്നത് ചുരുക്കമായാണെന്ന് സമ്മേളനം സംഘടിപ്പിക്കുന്ന ഡോക്ടർ സാം ജോർജ് പറഞ്ഞു.

യു.എസ്. കോൺഗ്രസിന് ഇപ്പോഴത്തേതിലും മെച്ചമായി പ്രവർത്തിക്കാൻ കഴിയുമെന്ന് പ്രഭുദോസ് പറഞ്ഞു. ആ ലക്ഷ്യത്തോടെയാണ് താൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. അമേരിക്ക അഭിമുഖീകരിക്കുന്ന നിരവധി സമ്മർദ്ദ പ്രശ്നങ്ങളുണ്ടെന്നും അവ പരിഹരിക്കാൻ കോമൺസെൻസ് അപ്രോച്ച് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

നൈജീരിയയിലും ഇന്ത്യയിലും മതന്യൂനപക്ഷങ്ങൾക്കെതിരായ അക്രമങ്ങളെ കണക്കിലെടുക്കാത്ത ഭരണകൂടത്തിന്റെ തീരുമാനത്തെ അദ്ദേഹം അപലപിച്ചു. യു.എസ്. ഭരണകൂടങ്ങൾ ഇക്കാര്യത്തിൽ ഗുരുതരമായ പിഴവുകൾ വരുത്തി. ഇന്ത്യൻ അമേരിക്കക്കാർക്ക് പാർട്ടിബന്ധങ്ങൾ പ്രശ്നമല്ലെന്നും അദ്ദേഹം പറഞ്ഞു. യുഎസിലെ ഇന്ത്യൻ വംശജർ ഏതു പാർട്ടിയിൽ നിന്നുമുള്ള ഇന്ത്യൻ അമേരിക്കൻ സ്ഥാനാർത്ഥികളെ പിന്തുണയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. താൻ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിത്വം തേടുകയാണ്. രണ്ട് പാർട്ടികളിൽ നിന്നും മത്സരിക്കുന്ന സ്ഥാനാർത്ഥികളെ പിന്തുണയ്ക്കുന്ന അമേരിക്കൻ ഇസ്രയേൽ പൊളിറ്റിക്കൽ ആക്ഷൻ കമ്മിറ്റി നിലപാട് അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി.

അമേരിക്കയിൽ താമസിക്കുന്ന ആർക്കും തന്റെ കാമ്പെയിനിനെ പിന്തുണയ്ക്കാനോ സംഭാവന ചെയ്യാനോ കഴിയും. നിയമപരമായി ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾ, അവരുടെ മുതിർന്ന ആശ്രിതർ, യുഎസ് നിവാസികൾ, പൗരന്മാർ എന്നിവരും ഉൾപ്പെടുന്നു. 20 ഡോളർ മുതൽ 3300 ഡോളർ വരെയുള്ള എല്ലാ തുകകളുടെയും സംഭാവനകൾ സ്വീകരിക്കുന്നതായി ഈനോക്ക് രാജു വ്യക്തമാക്കി. ഒരാൾക്ക് എത്രത്തോളം സംഭാവന നല്കാം എന്നതിന് മിനിമം പരിധിയില്ല.




പിന്തുണയ്ക്കുന്നവർക്ക് www.-johnPforCongress.com-ൽ ലഭ്യമായ അഞ്ച് ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാമെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിക്ക് മുമ്പ് വൈകിട്ട് 5 മുതൽ 6 വരെ ഇന്ത്യൻ അമേരിക്കൻ സമൂഹവുമായി പ്രഭുദോസ് കൂടിക്കാഴ്ച നടത്തും. (ശേഷം 24-ാം പേജിൽ)

# ഹൂസ്റ്റൺ സെ.ജോസഫ് സീറോമലബാർ ഫൊറോനയിൽ പുതിയ പാരിഷ് കൗൺസിൽ

**മാർട്ടിൻ വിലങ്ങോലിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ സീറോമലബാർ രൂപതയുടെ കീഴിലുള്ള ഹൂസ്റ്റൺ സെ. ജോസഫ് സീറോമലബാർ ഫൊറോന പള്ളയിൽ 2024-2025 വർഷത്തേക്കുള്ള പുതിയ പാരിഷ് കൗൺസിൽ നിലവിൽവന്നു. രൂപതയുടെ നിയമാവലി പ്രകാരം പാരിഷ് കൗൺസിലിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് കൈക്കാരന്മാർ, ഇടവക വികാരി നാമനിർദേശം ചെയ്ത രണ്ട് കൈക്കാരന്മാർ, ഇടവകയിലെ വിവിധ കുടുംബ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ, സൺഡേസ്കൂൾ പ്രതിനിധി, ഭക്തസംഘടനകളുടെ പ്രതിനിധി, നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് 32 അംഗ പുതിയ പാരിഷ് കൗൺസിൽ.



വർഗീസ് കുര്യൻ, പ്രിൻസ് ജേക്കബ്, സിജോ ജോസ്, ജോജോ തുണ്ടിയിൽ എന്നിവരാണ് പുതിയ കൈക്കാരന്മാർ. 2024 ജനുവരി 7-ന് വിശുദ്ധ കുർബാന മദ്ധ്യേ ഇടവക വികാരി റവ. ഫാ. ജോണിക്കുട്ടി പുലിശ്ശേരി ചൊല്ലിക്കൊടുത്ത സത്യവാചകങ്ങൾ ഏറ്റുപറഞ്ഞ് പുതിയ കൈക്കാരന്മാർ ചുമതലയേറ്റു. തദവസരത്തിൽ ഫാ. ജോണിക്കുട്ടി 2022-2023 വർഷങ്ങളിലെ പാരിഷ് കൗൺസിലിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദിയർപ്പിക്കുകയും പുതിയ കമ്മിറ്റിക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു. രൂപതാ യൂത്ത് ഡയറക്ടർ ഫാ. മെൽവിൻ പോൾ, ഫാ. ജോയ് കൊല്ലിയിൽ എന്നിവർ സന്നിഹിതരായിരുന്നു.

# ഐ.എം.എ വാർഷിക പൊതുയോഗവും ഡിബേറ്റും

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ഇല്ലിനോയി മലയാളി അസോസിയേഷന്റെ വാർഷിക ജനറൽബോഡി ജനുവരി 19-ന് വൈകുന്നേരം ഡെസ്പ്ലെയിൻലുള്ള ക്നാനായ സെന്ററിൽ നടന്നു. പ്രസിഡണ്ട് ഡോ. സുനൈന ചാക്കോയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ ബോഡിയിൽ സെക്രട്ടറി ശ്രീമതി റ്റിന്റു ഏബ്രഹാം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ഷാനി ഏബ്രഹാം അക്കൗണ്ട്സ് റിപ്പോർട്ട് സമർപ്പിച്ചു. ഐ.എം.എയുടെ സ്വപ്ന പദ്ധതിയായ സ്വന്തമായ ഒരു കെട്ടിടത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും എല്ലാ അംഗങ്ങളുടെയും അകമഴിഞ്ഞ സഹകരണത്തോടെ ഇതു യാഥാർത്ഥ്യമാക്കാൻ എല്ലാവരും അത്യുത്സാഹത്തോടെ മുന്നിട്ടിറങ്ങണമെന്നും പ്രസിഡണ്ട് അഭ്യർത്ഥിച്ചു. ബിൽഡിങ് കമ്മിറ്റിയിലേക്ക് പുതിയ അംഗങ്ങളെ ജനറൽബോഡി തെരഞ്ഞെടുത്തു. ഐ.എം.എയിൽ നിന്നുള്ള ഫോമാ, ഫൊക്കാനാ പ്രതിനിധികളെ ജനറൽ ബോഡി തെരഞ്ഞെടുക്കുകയും ചെയ്തു. എക്സി. വൈസ് പ്രസിഡണ്ട് എല്ലാവർക്കും കൃതജ്ഞത സമർപ്പിച്ചു.


ജനറൽബോഡിയിൽ പങ്കെടുത്ത എല്ലാവർക്കുമായി ഒരു ഡിബേറ്റും സംഘടിപ്പിച്ചു. ഐ.എം.എ ജോ. സെക്രട്ടറി ലിൻസ് ജോസഫ് മോഡറേറ്ററായ ഡിബേറ്റിൽ നോർത്ത് അമേരിക്കൻ മലയാളി അസോസിയേഷനുകളുടെ വളർച്ചയെ ക്ലബുകൾ തടസ്സപ്പെടുത്തുന്നുണ്ടോ എന്ന വിഷയത്തെ അധികരിച്ച് ഡിബേറ്റ് നടന്നു. പതിറ്റാണ്ടുകളുടെ പ്രവർത്തനപരിചയവും സമൂഹത്തിന്റെ വിവിധ തുറകളിലുള്ള ആളുകളെ ജാതിമത ഭേദമെന്യേ കോർത്തിണക്കി ജനാധിപത്യ മൂല്യങ്ങളിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന അസോസിയേഷനുകൾ കാലത്തിന്റെ ചുവരുകൾ വായിച്ചറിഞ്ഞ് എല്ലാവിഭാഗം ജനങ്ങൾക്കു വേണ്ടി നിലകൊള്ളുമ്പോൾ ക്ലബുകളെന്നല്ല, ഒന്നിനും അസോസിയേഷനുകളെ തകർക്കാനാവില്ലെന്നും അസോസിയേഷനുകളുടെ വിശാലമായ പരിപ്രേക്ഷ്യം കൂടുതൽ ആർജ്ജവത്തോടെ പ്രവർത്തിക്കാനുള്ള സാദ്ധ്യതകൾ അസോസിയേഷനുകൾക്കു നല്കുമെന്നും ഡിബേറ്റിലൂടെ ഉരുത്തിരിഞ്ഞു.

# ചിക്കാഗോ സെ. മേരീസിൽ പുറത്തുനമസ്കാരം ജനുവരി 24-ന്


**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ പുറത്തുനമസ്കാരവും മൂന്നുനോമ്പ് ആചരണത്തിന്റെ സമാപനവും ജനുവരി 24-ന് ബുധനാഴ്ച വൈകിട്ട് നടത്തപ്പെടും. ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ ഇടവക വികാരി ഫാ. ജോസ് തറക്കൽ പുറത്തുനമസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും. ചിക്കാഗോ സീറോമലബാർ രൂപതാ വികാരി ജനറാളും ക്നാനായ റീജിയൻ ഡയറക്ടറുമായ മോൺ. തോമസ് മുളവനാൽ സന്ദേശം നല്കും. കേരളത്തിലെ അതിപുരാതനമായ കടുത്തുരുത്തി ക്നാനായ വലിയ പള്ളിയിൽ മൂന്നു നോമ്പ് ആചരണത്തിന്റെ ഭാഗമായി നൂറ്റാണ്ടുകളായി നടത്തിവരുന്നതാണ് പുറത്തുനമസ്കാരം. ഒരു ജനതയുടെ ആത്മീയ ഉണർവിന്റെയും പാരമ്പര്യത്തിന്റെയും ഭാഗം എന്ന നിലയ്ക്ക് നോർത്ത് അമേരിക്കയിൽ ആദ്യമായി നടത്തപ്പെട്ടത് ചിക്കാഗോ സെ. മേരീസ് ക്നാനായ ഇടവക ദൈവാലയത്തിലായിരുന്നു. പത്തു വർഷങ്ങൾക്കു മുൻപ് നോർത്ത് അമേരിക്കയിൽ ആരംഭിച്ച ഈ പാരമ്പര്യം എല്ലാ വർഷവും മൂന്നു നോമ്പിന്റെ ഭാഗമായി തുടർന്നു പോരുകയായിരുന്നു.

ഇത്തവണത്തെ മൂന്നു നോമ്പാചരണത്തിന്റെയും പുറത്തുനമസ്കാര ശുശ്രൂഷകളുടെയും നടത്തിപ്പിന് വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, പാരിഷ് സെക്രട്ടറി സിസ്റ്റർ സിൽവേരിയസ് എസ്‌വിഎം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ജോർജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ബിനു പൂത്തുറയിൽ, നിബിൻ വെട്ടിക്കാട്ട് എന്നിവർ നേതൃത്വം നല്കും. ചിക്കാഗോയിലെ കടുത്തുരുത്തി ഇടവകാംഗങ്ങൾ പുറത്തു നമസ്കാരത്തിനു പ്രസുദേന്തിമാരായിരിക്കും. നൂറ്റാണ്ടുകളായി അനുഗ്രഹവർഷം ചൊരിയുന്ന കടുത്തുരുത്തിയിലെ പുറത്തു നമസ്കാരം വീണ്ടും ചിക്കാഗോ സെ. മേരീസ് ഇടവകയിൽ പുനർജനിക്കുമ്പോൾ, മൂന്നുനോമ്പിന്റെ സമാപന ശുശ്രൂഷകളിലും പുറത്തു നമസ്കാരത്തിലും പങ്കെടുക്കാൻ എല്ലാ വിശ്വാസികളെയും ചിക്കാഗോ സെ. മേരീസ് ഇടവകയിലേക്ക് സ്വാഗതം ചെയ്യുന്നതായി ഇടവകയ്ക്കുവേണ്ടി വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. രോഗികളും പ്രായംചെന്നവരും വിദൂരസ്ഥരുമായ ഇടവകാംഗങ്ങൾക്കു വേണ്ടി ശുശ്രൂഷകൾ തത്സമയം കെവി ടിവിയിലൂടെ സംപ്രേക്ഷണം ചെയ്യുന്നതായിരിക്കും.



മോൺ. തോമസ് മുളവനാൽ



ഫാ. ജോസ് തറക്കൽ



ഫാ. സിജു മുടക്കോടിൽ



ഫാ. ജോഷി വലിയവീട്ടിൽ

# മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന അത്തിവൃക്ഷം

**2023** പലവിധ ദുസ്സഹ സാഹചര്യങ്ങളെ അനുഭവിച്ചു കടന്നുപോയി. ജാതിമത ഭേദമോ പ്രായവ്യത്യാസമോ ഇല്ലാതെ അനേകർ മരണംവഴിയായി കടന്നുപോയി. 2024-ൽ പ്രവേശിക്കാൻ ഭാഗ്യം ലഭിച്ചവർ അനേകരാകുന്നു. എന്നാൽ, നമ്മുടെയൊക്കെ ആശയും പ്രത്യാശയും സമാധാനമില്ലാത്ത ഈ ലോകത്തിൽ ചിരകാലം ജീവിക്കാം എന്നാണോ? യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടെടുക്കപ്പെട്ട്, വലിയവനായ ദൈവഭവനത്തിൽ വീണ്ടും ജനിച്ച ദൈവമക്കളുടെ പ്രത്യാശ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവ് അല്ലെങ്കിൽ നിത്യതയിൽ തങ്ങളെ വീണ്ടെടുത്ത് രക്ഷിച്ച് ദൈവമക്കളാകുവാൻ യോഗ്യരാക്കിത്തീർത്ത കർത്താവായ ക്രിസ്തുവിനെ മുഖാമുഖമായി കാണുക എന്നതാകുന്നു. ഈ എഴുത്തുകാരിയുടെ പ്രത്യാശയും അതുതന്നെയാകുന്നു. വാർദ്ധക്യത്തിന്റെ പടിവാതിൽ കടന്ന് മോശയുടെ പ്രമാണമനുസരിച്ച് മനുഷ്യന്റെ ആയുസ് ഏറിയാൽ എൺപത് സംവത്സരം എന്ന കണക്കും കടന്ന് നില്ക്കുന്ന ഈ എളിയവൾക്ക് 2024-ൽ പ്രവേശിച്ചത് ഒരു ഭാഗ്യമായി കരുതാൻ പ്രയാസംതന്നെ. പിന്നെ എന്തുകൊണ്ടാണ് തമ്പുരാൻ ആയുസ് നീട്ടിത്തന്നിരിക്കുന്നതെന്നു ചിന്തിച്ചപ്പോൾ യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ പറഞ്ഞ ഒരു ഉപമയാകുന്നു. അതാകുന്നു മേലുദ്ധരിച്ച ശീർഷകത്തിലുള്ള അത്തിവൃക്ഷത്തിന്റെ കഥ.

മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന ഒരു അത്തിവൃക്ഷമുണ്ടായിരുന്നു. അവൻ അതിൽ ഫലം തെരഞ്ഞുവന്നു. കണ്ടില്ലതാനും. അവൻ തോട്ടക്കാരനോട് "ഞാൻ ഇപ്പോൾ മൂന്നു വർഷമായി ഈ അത്തിയിൽ ഫലം തെരഞ്ഞുവരുന്നു. കാണുന്നില്ലതാനും. അതിനെ


ലേഖിക

വെട്ടിക്കളയുക. അതു നിലത്തെ നിഷ്ഫലമാക്കുന്നതെന്തിന്?" എന്നു പറഞ്ഞു. അതിനു തോട്ടക്കാരൻ ഞാൻ അതിനു ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടുകൂടെ നിൽക്കട്ടെ. മേലാൽ കായ്ച്ചെങ്കിലോ? ഇല്ലെങ്കിൽ വെട്ടിക്കളയാം എന്ന് ഉത്തരം പറഞ്ഞു. ഇത് ഒരു ഉപമയാണെങ്കിലും പരിശുദ്ധനായ ദൈവപുത്രൻ നമ്മെ ഓരോരുത്തരെയും കുറിച്ചും പറഞ്ഞിട്ടുള്ള വലിയൊരു ജ്ഞാനോപദേശമാകുന്നു. സ്വർഗ്ഗത്തിലെ ദൈവം നമ്മേ ഓരോരുത്തരെയും സൃഷ്ടിച്ച് ഈ ഭൂമിയിലാക്കിയിരിക്കുന്നത് വലിയ നല്ല ഉദ്ദേശ്യത്തോടു കൂടിയാകുന്നു. നാം നല്ലവരായി നന്മകൾ ചെയ്ത് ദൈവഹിതപ്രകാരം ജീവിച്ച് ദൈവത്തിനും മനുഷ്യർക്കും പ്രയോജനമുള്ളവരായി ജീവിച്ച്, സ്വർഗ്ഗരാജ്യത്തിനവകാശികളായി തീരേണ്ടതാകുന്നു. അതിനുവേണ്ട എല്ലാ അനുകൂല സാഹചര്യങ്ങളും നല്കിയാണ് നമ്മെ ഈ ഭൂമിയിലാക്കിയിരിക്കുന്നത്. പക്ഷേ, ദൈവം സൃഷ്ടിച്ച മനുഷ്യൻ ദൈവത്തെ ഉപേക്ഷിച്ച് ദൈവവിരോധിയായ പിശാചിന്റെ വഞ്ചനയിൽപ്പെട്ട് തിന്മകളും ദുഷ്ടതകളും അകൃത്യങ്ങളും അധർമ്മങ്ങളും പാപങ്ങളും ചെയ്ത് ദൈവത്തെ ദുഃഖിപ്പിച്ചും കോപിപ്പിച്ചും ജീവിക്കുന്നതു കാണുമ്പോൾ പരിശുദ്ധനും കാരുണ്യവാനും സ്നേഹസ്വരൂപനുമായ ദൈവത്തിനു ദുഃഖമാകുന്നു. പല വിധത്തി

**എൽസി ബേബി**

ലുള്ള ഉപദേശങ്ങളും ശിക്ഷകളും നല്കി ദൈവം തന്റെ സ്നേഹം പ്രകടമാക്കുന്നു. മാത്രമല്ല, ലോകത്തെ അവരുടെ പാപങ്ങളിൽ നിന്നും മോചിച്ച്, പാപത്തിന്റെ ശമ്പളമാകുന്ന നിത്യന്യായവിധിയിൽ നിന്നും രക്ഷിപ്പാനായി കാൽവരി ക്രൂശിൽ സ്വയം യാഗമായി മരിച്ച് അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത് അത്ര നിസ്സാര കാര്യമല്ല.

ക്രിസ്തുവിന്റെ ഉപദേശങ്ങൾ അനുസരിച്ചും ക്രിസ്തുവിനെ അനുകരിച്ചും ജീവിക്കുന്ന ക്രിസ്ത്യാനികൾ എന്ന പേരിലറിയപ്പെടുന്നവർ ഈ ലോകത്തിനനുരൂപരാകാതെ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ട് യഥാർത്ഥ ദൈവമക്കളായി ഈ ലോകത്തിൽ ജീവിച്ച് ക്രിസ്തുവിനുവേണ്ടി ഫലം കായ്ക്കുന്നവരെ ഉദ്ദേശിച്ചാണ് ക്രിസ്തു അത്തിവൃക്ഷത്തിന്റെ ഉപമ പറഞ്ഞിരിക്കുന്നത്.

ക്രിസ്തുവിൽ വസിച്ച്, ക്രിസ്തുവിനായി ജീവിച്ച് ക്രിസ്തുവിനു വേണ്ടി ഫലം കായ്ക്കണം. അവരുടെ ജീവിതമാതൃക കണ്ട് അനേകർ ക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നവരാകണം എന്നതാണ് സ്വർഗ്ഗീയ പിതാവ് ആഗ്രഹിക്കുന്നത്. ഇതിനുള്ള കൃപാവരങ്ങൾ നല്കിയാണ് പിതാവ് അവരെ ഈ ലോകത്തിൽ വെച്ചിരിക്കുന്നത്. പിതാവ് ആഗ്രഹിക്കുന്ന ഫലം കാണാതെ വരുമ്പോൾ പിതാവിന് ദുഃഖമാണ്. അതിനെ വെട്ടിക്കളയുക എന്നായിരിക്കും ഉത്തരവ്. പക്ഷേ, ആ തോട്ടക്കാരൻ പറഞ്ഞതുപോലെ കർത്താവേ, ഞാൻ അതിനു ചുറ്റും കിളച്ച് വളമിട്ട് ഈ ആണ്ടുകൂടെ നിൽക്കട്ടെ, മേലാൽ ഫലം കായ്ച്ചാലോ? എന്ന ഉദ്ദേശ്യത്തോടെ ആയിരിക്കും

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.13 |
| യൂറോ | 90.53 |
| സ്റ്റെർലിംഗ്പൗണ്ട് | 105.61 |
| സ്വിസ് ഫ്രാങ്ക് | 95.75 |
| സിംഗപ്പൂർ ഡോളർ | 61.97 |
| കനേഡിയൻ ഡോളർ | 61.92 |
| ഒമാൻ റിയാൽ | 215.97 |
| ബഹ്റൈൻ ദിനാർ | 220.53 |
| സൗദി റിയാൽ | 22.16 |
| യു.എ.ഇ. ദിർഹം | 22.63 |
| കുവൈത്ത് ദിനാർ | 270.12 |

# ജോയൽ വിശാഖന്തറ കെ.സി.സി.എൻ.എ നാഷണൽ കൺവൻഷൻ രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാൻ

**ബൈജു ആലപ്പാട്ട്**

ചിക്കാഗോ: വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെ ദേശീയ സംഘടനയായ കെ.സി.സി.എൻ.എ (KCCNA)യുടെ നേതൃത്വത്തിൽ ടെക്സസിലെ സാൻ അന്റോണിയോയിൽ വെച്ച് 2024 ജൂലൈ 4, 5, 6, 7 തീയതികളിൽ നടത്തപ്പെടുന്ന 15-ാമത് കെ.സി.സി.എൻ.എ ദേശീയ

യിലാണ് കമ്മിറ്റി അഡ്വൈസർ. കൺവൻഷന്റെ നെടുംതൂണുകളിൽ ഒന്നായി പ്രവർത്തിക്കേണ്ട രജിസ്ട്രേഷൻ കമ്മിറ്റിയിലേക്ക് ഇത്തവണ വളരെ പ്രൊഫഷണലും ഊർജസ്വലരുമായ ടീമിനെയാണ് തെരഞ്ഞെടുത്തിരിക്കു

അധികം വരുന്ന ക്നാനായ കത്തോലിക്കർ ആവേശത്തോടെ ഉറ്റുനോക്കുന്ന കെ.സി.സി.എൻ.എ കൺവൻഷന്റെ രജിസ്ട്രേഷൻ വളരെവേഗം പൂർത്തിയാകുവാനുള്ള സാദ്ധ്യത ഏറെയാണ്.

കൺവൻഷൻ രജിസ്ട്രേഷൻ നേരത്തെ ചെയ്യുന്നവർക്ക് ഇളവുകൾ


ജോയൽ വിശാഖന്തറ


ഐവിൻ പീടികയിൽ


അഭിലാഷ് നെല്ലാമറ്റം


റോബിൻ ഇലഞ്ഞിക്കൽ


ആന്റൻ മ്യാലിൽ

ഫാമിലി കൺവൻഷന്റെ രജിസ്ട്രേഷൻ കമ്മിറ്റി ജോയൽ വിശാഖന്തറ (ന്യൂയോർക്ക്)യുടെ നേതൃത്വത്തിൽ ചുമതലയേറ്റതായി കെ.സി.സി.എൻ.എ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി പ്രസിഡണ്ട് ഷാജി എടാട്ടും ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമരത്തും അറിയിച്ചു.

അഭിലാഷ് നെല്ലാമറ്റം (ചിക്കാഗോ), റോബിൻ ഇലഞ്ഞിക്കൽ (സാൻഹൊസെ), ആന്റൻ മ്യാലിൽ (ഹൂസ്റ്റൺ) എന്നിവരാണ് രജിസ്ട്രേഷൻ കമ്മിറ്റി കോ-ചെയേഴ്സ്. ഇന്ത്യനാപോളിസ് കൺവൻഷൻ രജിസ്ട്രേഷൻ ചെയർ ആയിരുന്ന ഐവിൻ പീടികന്നത്.

ലോകപ്രശസ്തമായ സാൻ അന്റോണിയോയിലെ റിവർ വാക്കിനോട് ചേർന്നു സ്ഥിതി ചെയ്യുന്ന ഹെൻട്രി ബി ഗോൺസാലസ് കൺവൻഷൻ സെന്ററിലാണ് ഇത്തവണത്തെ ക്നാനായ ദേശീയ മാമാങ്കം അരങ്ങേറുന്നത്.

കെ.സി.സി.എൻ.എയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന 20 യൂണിറ്റ് സംഘടനകളിൽ നിന്നായി 1500-ൽ അധികം കുടുംബങ്ങൾ (5,000-ത്തോളം അംഗങ്ങൾ) ഇത്തവണ രജിസ്റ്റർ ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. വടക്കെ അമേരിക്കയിലെ മുപ്പതിനായിരത്തിൽ

പ്രഖ്യാപിച്ചിട്ടുണ്ട്. ഏർലി ബേർഡ് ബുക്കിംഗ് ചാർജ് ഇവയാണ്: ഏർലി ബേർഡ് ഫാമിലി $ 1399, ഏർലി ബേർഡ് സിംഗിൾ $ 429. ഏർലി ബേർഡ് ഇളവുകൾ 2024 ജനുവരി 31-ന് അർദ്ധരാത്രിക്ക് അവസാനിക്കും. അതിനുശേഷം ഫാമിലി $ 1499, സിംഗിൾ $ 529.

ഇളവുകൾ പരമാവധി പ്രയോജനപ്പെടുത്തി കൺവൻഷൻ രജിസ്ട്രേഷൻ നേരത്തെ തന്നെ ഉറപ്പുവരുത്തുവാൻ ശ്രമിക്കണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിക്കുന്നു. കൺവൻഷൻ രജിസ്ട്രേഷൻ വെബ്സൈറ്റ്: https://convention.kccna.com.



# ജോൺ ബ്രിട്ടാസ് എം.പി. ഫൊക്കാന അന്താരാഷ്ട്ര കൺവൻഷനിൽ പങ്കെടുക്കും

വാഷിംഗ്ടൺ: അമേരിക്കൻ മലയാളി സംഘടനകളുടെ മാതൃസംഘടനയായ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക(ഫൊക്കാന)യുടെ 21-ാം അന്താരാഷ്ട്ര കൺവൻഷനിൽ അതിഥിയായി രാജ്യസഭാംഗവും പ്രമുഖ മാ



ജോൺ ബ്രിട്ടാസ്

ധ്യമ പ്രവർത്തകനുമായ ജോൺ ബ്രിട്ടാസ് പങ്കെടുക്കും. കൺവൻഷനിൽ പങ്കെടുക്കുമെന്ന വിവരം അദ്ദേഹം ഫൊക്കാന ഭാരവാഹികളെ അറിയിച്ചു. 2024 ജൂലൈ 18 മുതൽ 20 വരെ വാഷിംഗ്ടൺ ഡി.സിയിൽ നടക്കുന്ന കൺവൻഷനിൽ കലാ-സാംസ്കാരിക-രാഷ്ട്രീയ-ചലച്ചിത്ര മേഖലയിലെ പ്രമുഖരടക്കം രണ്ടായിരത്തോളം പ്രതിനിധികൾ പങ്കെടുക്കുമെന്നാണ് പ്രാഥമിക നിഗമനം.

രാജ്യസഭാ എം.പിയായ ജോൺ ബ്രിട്ടാസിനെ മാധ്യമരംഗത്തെ മുടിചൂടാമന്നൻ എന്നും വിശേഷിപ്പിക്കാവുന്നതാണ്. കൈരളി ടി.വി. ചാനലിന്റെ മാനേജിംഗ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്ന അദ്ദേഹം ബാബ്റി മസ്ജിദ് പൊളിക്കുന്നതു റിപ്പോർട്ട് ചെയ്തതിലൂടെയും ഗുജറാത്ത് കലാപം റിപ്പോർട്ട് ചെയ്തതിലൂടെയും ലോകശ്രദ്ധ പിടിച്ചുപറ്റിയ പ്രവർത്തകനാണ്. ഇറാഖ് യുദ്ധം നടക്കുമ്പോൾ കൈരളി ചാനലിനു വേണ്ടി ഇറാഖിൽ നേരിട്ട് പോയി വാർത്തകൾ റിപ്പോർട്ട് ചെയ്തിരുന്നു. നേപ്പാൾ തെരഞ്ഞെടുപ്പ്,

**ഡോ. കലാ ഷഹി**

പാക്കിസ്ഥാൻ രാഷ്ട്രീയ സംഘർഷങ്ങൾ തുടങ്ങിയവയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'മിനാരങ്ങൾ ധൂളികളായപ്പോൾ' എന്ന ബാബ്റി മസ്ജിദിന്റെ പതനത്തെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ട് ലോകശ്രദ്ധയാകർഷിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ മാധ്യമ സംഘത്തിൽ അംഗമായി അമേരിക്ക, റഷ്യ തുടങ്ങി നിരവധി രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

കണ്ണൂർ സ്വദേശിയായ ജോൺ ബ്രിട്ടാസ് തൃശൂർ ഡോൺബോസ്കോ റസിഡൻഷ്യൽ സ്കൂളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസവും തളിപ്പറമ്പ് സർ സയ്യിദ് കോളജിൽനിന്ന് പ്രീഡിഗ്രിയും തുടർന്ന് തൃശ്ശൂർ കേരളവർമ്മ കോളജിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദവും പയ്യന്നൂർ കോളജിൽനിന്നും ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ഡൽഹിയിൽ എം.ഫിൽ വിദ്യാർത്ഥിയായിരിക്കെ ദേശാഭിമാനിയുടെ ന്യൂഡൽഹി ബ്യൂറോ ചീഫായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആകാശവാണിയുടെ ഡൽഹി നിലയത്തിൽ വാർത്താവായനക്കാരനായും പ്രവർത്തിച്ചിട്ടുണ്ട്. കൈരളിയിൽ ചേരുന്നതിനു മുമ്പ് ഏഷ്യാനെറ്റ് കമ്യൂണിക്കേഷൻസിന്റെ ബിസിനസ് ഹെഡായി പ്രവർത്തിച്ചിട്ടുണ്ട്.

മികച്ച അഭിമുഖകാരനുള്ള സംസ്ഥാന ടെലിവിഷൻ പുരസ്കാരം,



കെ.വി. ഡാനിയേൽ പുരസ്കാരം, ഗോയങ്ക ഫൗണ്ടേഷൻ ഫെലോഷിപ്പ് എന്നിവ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 'പരദേശി', 'തൂവാനത്തുമ്പികൾ' എന്നീ സിനിമകളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. 'വെള്ളിവെളിച്ചം' എന്ന സിനിമയിൽ ആദ്യമായി നായകനായി അഭിനയിച്ചു.

2023 ഏപ്രിലിൽ കേരളത്തിൽവെച്ച് ഫൊക്കാന നടത്തിയ 40-ാമത് കേരള കൺവൻഷനിൽ ഫൊക്കാനയുടെ മികച്ച പാർലമെന്റേറിയനുള്ള അവാർഡ് നൽകി അദ്ദേഹത്തെ ആദരിച്ചിരുന്നു.

തിരുവനന്തപുരത്ത് നടന്ന കൺവൻഷന്റെ സമാപന സമ്മേളനത്തിലാണ് അദ്ദേഹത്തിന് പുരസ്കാരം നൽകി ആദരിച്ചത്. ഡോ. ശശി തരൂർ എം.പിയിൽ നിന്നാണ് അദ്ദേഹം അവാർഡ് ഏറ്റുവാങ്ങിയത്.

ജോൺ ബ്രിട്ടാസിനെപ്പോലെയുള്ള വ്യക്തിത്വങ്ങൾ ഫൊക്കാന കൺവൻഷനിൽ അതിഥിയായി എത്തുന്നത് ഫൊക്കാനയ്ക്ക് അഭിമാന നിമിഷങ്ങളായിരിക്കുമെന്നു മാത്രമല്ല, തങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും പ്രചോദനവുമായിരിക്കുമെന്ന് പ്രസിഡണ്ട് ബാബു സ്റ്റീഫനും മറ്റു കമ്മിറ്റി ഭാരവാഹികളും അഭിപ്രായപ്പെട്ടു. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കലാ ഷഹി 202 359 8427.

# ചിക്കാഗോ സെ. മേരീസിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ഭക്ത്യാദരപൂർവം ആഘോഷിച്ചു. ലദീഞ്ഞോടെ ആരംഭിച്ച തിരുനാൾ കർമ്മങ്ങൾക്ക് ഫാ. ജോഷി വലിയവീട്ടിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.


**അനിൽ മറ്റത്തിക്കുന്നേൽ**

ക്രൂരമായ പീഡനങ്ങൾക്ക് വിധേയനായപ്പോഴും ക്രൈസ്തവവിശ്വാസം അചഞ്ചലമായി കാത്തുസൂക്ഷിച്ച രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെ ജീവിതമാതൃക ഓരോ ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുകരണീയമാണെന്ന് അദ്ദേഹം തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

തിരുനാളിന്റെ ഭാഗമായി കഴുന്നെടുക്കുന്നതിലും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതിലും നിരവധി ഇടവകാംഗങ്ങൾ പങ്കുചേർന്നു. പാരിഷ് കൗൺസിൽ സെക്രട്ടറി സിസ്റ്റർ സിൽവേരിയസ് എസ്.വി.എം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ജോർജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ബിനു പൂത്തുറയിൽ, നിബിൻ വെട്ടിക്കാട്ട് എന്നിവർ തിരുനാൾ കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

ജോസ് ആൻഡ് ജൂലി കൊരട്ടിയിൽ, സിറിയക് ആൻഡ് സോഫി പുത്തൻപുരയിൽ, ജോയി ആൻഡ് കുസുമം ഓളിയിൽ, ത്രേസ്യാമ്മ ഇലക്കാട്ട് എന്നിവർ തിരുനാൾ പ്രസുദേന്തിമാരായിരുന്നു. തിരുനാളിൽ സഹകരിക്കുകയും ഭക്ത്യാദരപൂർവം പങ്കെടുക്കുകയും ചെയ്ത എല്ലാവർക്കും ഇടവകയ്ക്കു വേണ്ടി ഫാ. ജോഷി വലിയവീട്ടിൽ നന്ദി അറിയിച്ചു.



# ചിക്കാഗോ സെ. മേരീസിൽ മിഷൻലീഗ് സെമിനാർ നടത്തി

അനിൽ മറ്റത്തിക്കുന്നേൽ




ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു. സർവീസ് അഥവാ സേവനം എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാർ ഫാ. ജോഷി വലിയവീട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രവർത്തനം ഇല്ലാത്ത പ്രാർത്ഥന വെറും പ്രാർത്ഥനയും പ്രവർത്തനവും പ്രാർത്ഥനയും ഒരുമിക്കുമ്പോൾ അത് സേവനമായി മാറുമെന്നും അദ്ദേഹം തന്റെ ഉദ്ഘാടനസന്ദേശത്തിൽ അനുസ്മരിപ്പിച്ചു.

സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയത് കുക്ക് കൗണ്ടി സ്റ്റേറ്റ് അറ്റോർണിസ് ജുവനൈൽ ജസ്റ്റിസ് ബ്യൂറോ ചീഫും നിലവിലെ മേരിവിൽ അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടറുമായ സിസ്റ്റർ കാതറിൻ റയാൻ ആയിരുന്നു. സേവനസന്നദ്ധമായ ഒരു സമൂഹത്തിന്റെ ആവശ്യകതയെപ്പറ്റിയും സേവനങ്ങൾ ചെയ്തു ശീലിക്കുവാനും സിസ്റ്റർ കാതറിൻ തന്റെ മുഖ്യപ്രഭാഷണത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾക്ക് വിവരിച്ചുകൊടുത്തു.

നാം ഒരുമിച്ചു ചെയ്താൽ നമുക്കു ചെയ്യാൻ സാധിക്കാത്തതായി ഒന്നും തന്നെയില്ല എന്ന സന്ദേശം കുട്ടികൾക്ക് എത്തിക്കുവാനായി സി. കാതറിന് സാധിച്ചു എന്ന് സെമിനാറിൽ പങ്കെടുത്ത് മിഷൻലീഗ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തി.

സി.എം.എൽ പ്രസിഡണ്ട് ആൻഡ്രു തേക്കുംകാട്ടിൽ, വൈസ് പ്രസിഡണ്ട് മാരിയൻ കരികുളം, സെക്രട്ടറി ജിയാൻ ആലപ്പാട്ട്, ജോ. സെക്രട്ടറി ഡാനിയേൽ കിഴക്കേവാലയിൽ, ട്രഷറർ ഫിലിപ്പ് നെടുത്തുരുത്തിപുത്തൻപുരയിൽ, ജോ. ട്രഷറർ ജേക്കബ് മാപ്ലേട്ട് എന്നിവർ സെമിനാറിന് നേതൃത്വം നല്കി. പാരിഷ് സെക്രട്ടറി സി. സിൽവേരിയസ് എസ്.വി.എം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ജോർജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ബിനു പൂത്തുറയിൽ, നിബിൻ വെട്ടിക്കാട്ട് എന്നിവർ സെമിനാറിനു വേണ്ടിയുള്ള സജ്ജീകരണങ്ങൾക്ക് നേതൃത്വം നല്കി. സെമിനാറിൽ സഹകരിക്കുകയും സജീവമായി പങ്കെടുക്കുകയും ചെയ്ത എല്ലാവർക്കും സി.എം.എൽ ഡയറക്ടർ ജോജോ അനാലിൽ ഇടവകയ്ക്കുവേണ്ടി നന്ദി അറിയിച്ചു.

## പ്രതിഷേധയോഗം 27-ന്

(21-ാം പേജിൽനിന്നും)

ചിക്കാഗോ പ്രദേശത്തുള്ള എല്ലാ ഇന്ത്യൻ അമേരിക്കക്കാരോടും ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് സ്ഥാനാർത്ഥിയെ കാണാനും പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്ക് പിന്തുണ അറിയിക്കാനും സാം ജോർജ് അഭ്യർത്ഥിച്ചു. സമാധാനത്തിനും മതസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ജോൺ പ്രഭുദോസിന്റെ പ്രതിബദ്ധതയെ അഭിനന്ദിക്കുന്നതായി റവ.ഡോ. ഡേവിഡ് സാഗർ പറഞ്ഞു. അദ്ദേഹത്തെ വ്യക്തിപരമായി കാണാനും ജോൺ പ്രഭുദോസിനെക്കുറിച്ച് കൂടുതലറിയാനും ചിക്കാഗോക്കാർക്ക് മികച്ച അവസരം ലഭിക്കും. ഒട്ടേറെ പാസ്റ്റർമാരും കമ്യൂണിറ്റി നേതാക്കളും ചടങ്ങിൽ സംബന്ധിക്കും. പ്രവേശനം സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് റവ.ഡോ. ഡേവിഡ് സാഗർ (847 602 2750) അല്ലെങ്കിൽ റവ. ഓസ്റ്റിൻ ആൽബർട്ട് രാജ് (847 477 8776) അല്ലെങ്കിൽ പാസ്റ്റർ മാത്യു വട്ടിപ്രോളുമായി ബന്ധപ്പെടാം.

## ആധാരങ്ങളോ പാട്ടച്ചീട്ടോ ഇല്ലാതെ ഭൂമിക്ക് പട്ടയം

തിരുവനന്തപുരം: എഴുതപ്പെട്ട ആധാരങ്ങളോ പാട്ടച്ചീട്ടോ ഇല്ലാതെ തന്നെ ഭൂമിക്ക് പട്ടയം (ക്രയ സർട്ടിഫിക്കറ്റ്) നൽകാമെന്ന് സംസ്ഥാന ലാൻഡ് ബോർഡ് വ്യക്തമാക്കി. ഭൂപരിഷ്കരണ നിയമപ്രകാരം കൈവശം വെച്ച് അനുഭവിക്കുന്ന ഭൂമിക്കാണ് ഇങ്ങനെ ക്രയസർട്ടിഫിക്കറ്റ് നൽകാനാകുക. ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതികളുടേതായ അധികാരമുണ്ടെന്നും അവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകാൻ ആധാരമോ പാട്ടച്ചീട്ടോ ആവശ്യമില്ലെന്നും ലാൻഡ് ബോർഡ് സെക്രട്ടറി വ്യക്തമാക്കുന്നു. മാനന്തവാടി ലാൻഡ് ട്രൈബ്യൂണൽ നൽകിയ കത്തിനുള്ള മറുപടിയിലാണ് ഇക്കാര്യം. റിപ്പോർട്ടിങ് ഓഫീസറുടെ റിപ്പോർട്ടോ പ്രാദേശിക അന്വേഷണ തെളിവുകളോ ഇതിന് നോക്കിയാൽ മതി. 1964 ഏപ്രിൽ ഒന്നിനു മുൻപ് ജന്മി-കുടിയാൻ ബന്ധത്തിൽ കുടിയാൻ, കുടികിടപ്പ് വ്യവസ്ഥകൾ ഉണ്ടായിരുന്ന ഭൂമി നിലവിൽ കൈവശം വെച്ച് അനുഭവിക്കുന്നവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകാനും നിയമാനുസൃത അർഹത പരിശോധിക്കാനും ട്രൈബ്യൂണലിന് അധികാരമുണ്ട്. കുടിയാന്മയുള്ള ഭൂമിയിൽ എന്തു വിളകൾ കൃഷി ചെയ്താലും, തോട്ടമോ നിലമോ നഞ്ചയോ നികുതി കെട്ടാത്ത വയായാലും ക്രയസർട്ടിഫിക്കറ്റ് നൽകാം. തന്റെ കൈവശമുള്ള മുഴുവൻ ഭൂമിക്കോ ഭാഗികമായ ഭൂമിക്കോ കുടിയാൻ ലാൻഡ് ട്രൈബ്യൂണലിൽ അപേക്ഷിച്ചാൽ, വില്ലേജ് ഓഫീസറിൽനിന്ന് റിപ്പോർട്ട് തേടി മറ്റു നടപടികളില്ലാതെ അനുവദിക്കാം. ജന്മിയുടെ ഭൂമി, കുടിയാനോ കുടികിടപ്പുകാരനോ ലാൻഡ് ട്രൈബ്യൂണലുകൾ മുഖേന വിലയ്ക്കു വാങ്ങുകയാണു ചെയ്യുന്നതെന്നും അത് ഒരുമിച്ചുതന്നെ വിലയ്ക്കു വാങ്ങണമെന്നില്ലെന്നും നിലവിലെ വ്യവസ്ഥകൾ വിശദീകരിച്ചുകൊണ്ട് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ കത്തിൽ വ്യക്തമാക്കി.

## ഒറ്റ ഫ്രെയിം, മൂന്ന് പേർ

(11-ാം പേജിൽനിന്നും)

കേരളാ കോൺഗ്രസ് അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ ഒരു രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു. അതുകൊണ്ടു തന്നെ കെ.എം. മാണിയുമായി 1973-ൽ തുടങ്ങിയ ബന്ധം വളരെ മനോഹരമായി തന്നെ സൂക്ഷിച്ചിരുന്നു. മാണിസാർ കോൺഗ്രസ് വിട്ട് കേരളാ കോൺഗ്രസ് രൂപീകരിച്ചപ്പോഴും അദ്ദേഹത്തിനൊപ്പം നിന്നു.

ഭൂമിയുടെ ഏതു കോണിലായാലും കേരളാ കോൺഗ്രസും മാണിസാറും ഒരു വികാരം തന്നെയാണ് അദ്ദേഹത്തിന്. അതുകൊണ്ടുതന്നെ അമേരിക്കൻ മണ്ണിലും കേരളാ കോൺഗ്രസിനോടുള്ള അദ്ദേഹത്തിന്റെ ഇഷ്ടവും ആരാധനയും ചോർന്നതേയില്ല. പ്രവാസി കേരളാ കോൺഗ്രസ് (എം) നോർത്ത് അമേരിക്കയുടെ പ്രസിഡന്റാണ് ഇപ്പോൾ ജെയ്ബു കുളങ്ങര.

## പ്രകടനപത്രിക

(3-ാം പേജിൽനിന്നും)

കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകണമെന്നും മേരി ജോർജ് ആവശ്യപ്പെട്ടു. ജി.ഡി.പിയുടെ 10 ശതമാനം സാമൂഹ്യസുരക്ഷയ്ക്കായി മാറ്റിവെക്കണമെന്ന് ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡണ്ട് ആർ. ചന്ദ്രശേഖരൻ ആവശ്യപ്പെട്ടു. കർഷകരുടെ കാർഷിക ചെലവുകൾക്ക് 50 ശതമാനം സബ്സിഡി നൽകണം. പൊതുമേഖലാ കമ്പനികളെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ദേശീയതലത്തിൽ ജനതാ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരണമെന്ന നിർദേശം നോർക്ക റൂട്ട്സ് മുൻ സി.ഇ.ഒ. പി. സുധീപ് മുന്നോട്ടുവെച്ചു. 10 ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളണം. വിദേശ രാജ്യങ്ങളിലേക്ക് വിദ്യാർത്ഥികളുടെ കുടിയേറ്റം തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി പഴകുളം മധു അധ്യക്ഷത വഹിച്ചു.

# വിൽപത്രം നടപ്പാക്കിയില്ല: മന്ത്രി ഗണേഷിനെതിരെ ശ്രീവിദ്യയുടെ സഹോദരഭാര്യ

ചെന്നൈ: നടി ശ്രീവിദ്യയുടെ വിൽപത്രവുമായി ബന്ധപ്പെട്ട് മന്ത്രി കെ.ബി. ഗണേഷ് കുമാറിനെതിരെ നടിയുടെ സഹോദര ഭാര്യ വിജയലക്ഷ്മി ഗുരുതര ആരോപണങ്ങളുന്നയിച്ചു. ശ്രീവിദ്യയുടെ ലക്ഷക്കണക്കിനു രൂപയുടെ സ്വത്തിന് എന്തു സംഭവിച്ചെന്ന് അറിയില്ലെന്നും സഹോദരൻ ശങ്കറിനെയും കുടുംബത്തെയും നടിയിൽനിന്ന് അകറ്റാൻ ശ്രമിച്ചെന്നും വിജയലക്ഷ്മി പറയുന്നു. മരണത്തിനു രണ്ടു മാസം മുൻപു മാത്രം എഴുതിയ വിൽപത്രത്തിന്റെ സാധുതയും ചോദ്യം ചെയ്തു. കാൻസർ ചികിത്സയുടെ ഭാഗമായി കീമോ തെറാപ്പിക്കു വിധേയയായ കാലത്ത് പവർ ഓഫ് അറ്റോർണിയായി ഗണേഷ് കുമാറിനെ ചുമതലപ്പെടുത്തുന്ന വിൽപത്രം തയാറാക്കിയെന്നത് വിശ്വസിക്കാൻ പ്രയാസമാണ്. ചികിത്സയുടെ വിവരങ്ങൾ ബന്ധുക്കളിൽനിന്നു മറച്ചുവെച്ച ഗണേഷ്, വക്കീൽ നോട്ടീസ് അയച്ചതിനുശേഷമാണ് വിൽപത്രത്തിന്റെ വിശദാംശങ്ങൾ പോലും നൽകിയത്. കുടുംബാംഗങ്ങൾ നടിയെ അവസാന കാലത്ത് ഉപേക്ഷിച്ചെന്നത് കള്ളപ്രചാരണമാണെന്നും ചൂണ്ടിക്കാട്ടി.

വിൽപത്രത്തിലെ നിർദേശങ്ങൾ നടപ്പാക്കാൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി ശ്രമിച്ചെങ്കിലും പിന്നീട് എന്തു സംഭവിച്ചെന്ന് അറിയില്ല. കേസ് ഫയൽ ചെയ്യാൻ ചെന്നൈയിലെ അഭിഭാഷകയെ ഏൽപിച്ചെങ്കിലും ദുരൂഹ സാഹചര്യത്തിൽ അവർ കേസിൽനിന്നു പിന്മാറി. 15 ലക്ഷത്തിലേറെ തുകയുടെ ബാങ്ക് ഡെപ്പോസിറ്റും 580 ഗ്രാം സ്വർണവും ഒന്നര കിലോഗ്രാം വെള്ളിയും കാറും അടക്കമുള്ള സമ്പാദ്യമുണ്ടായിരുന്നു. രണ്ട് ജോലിക്കാർക്ക് ഓരോ ലക്ഷം രൂപ വീതവും സഹോദരപുത്രന്മാർക്ക് അഞ്ച് ലക്ഷം രൂപ വീതവും നൽകണമെന്നും നിർദേശിച്ചെങ്കിലും ഇതുവരെ നടപ്പാക്കിയിട്ടില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന നൃത്ത വിദ്യാർത്ഥികൾക്ക് സഹായം നൽകാനുള്ള ട്രസ്റ്റ് രൂപീകരിക്കാനെങ്കിലും നടപടിയുണ്ടാകണമെന്നും വിജയലക്ഷ്മി ആവശ്യപ്പെട്ടു.

# എയർ ആംബുലൻസിന് അനുമതി നിഷേധിച്ചു; മാലദ്വീപിൽ കൗമാരക്കാരൻ മരിച്ചു

ന്യൂഡൽഹി: മാലദ്വീപിൽ ഗുരുതര രോഗാവസ്ഥയിലായിരുന്ന 14 വയസ്സുകാരൻ മരിച്ച സംഭവത്തിൽ പ്രസിഡണ്ട് മുഹമ്മദ് മുയിസുവിന് എതിരേ രൂക്ഷ വിമർശനം. രക്ഷാപ്രവർത്തനങ്ങൾക്കായി മാലദ്വീപിൽ ഇന്ത്യ സ്ഥാപിച്ച ഡോണിയർ എയർ ആംബുലൻസിന് പറക്കാൻ അനുമതി നിഷേധിച്ചതാണ് കൗമാരക്കാരന്റെ മരണത്തിന് ഇടയാക്കിയത്.

ഇന്ത്യ-മാലദ്വീപ് നയതന്ത്രബന്ധ വിവാദങ്ങളുടെ പശ്ചാത്തലത്തിലാണ് എയർ ആംബുലൻസിന് പ്രസിഡണ്ട് മുഹമ്മദ് മുയിസു പ്രവർത്തനാനുമതി നിഷേധിച്ചത്. മാലദ്വീപിൽനിന്ന് മാർച്ച് 15-ന് മുമ്പ് ഇന്ത്യൻ സേനയെ പിൻവലിക്കണമെന്ന് മുയിസു ഇന്ത്യയോട് ആവശ്യപ്പെട്ടിരുന്നു.

ബ്രെയിൻ ട്യൂമറും സ്ട്രോക്കും ബാധിച്ച് അതീവ ഗുരുതരാവസ്ഥയിലായിരുന്ന കുട്ടിയെ വിൽമിങ്ടൺ ദ്വീപിൽനിന്ന് തലസ്ഥാനമായ മാലിയിലേക്ക് എയർലിഫ്റ്റ് ചെയ്യുന്നതിന് ആംബുലൻസ് വിട്ടുതരണമെന്ന് ജനുവരി 17-ന് രാത്രി കുടുംബാംഗങ്ങൾ അഭ്യർത്ഥിച്ചിരുന്നു. ആംബുലൻസ് ലഭിച്ചില്ല. അഭ്യർത്ഥന ലഭിച്ച് 16 മണിക്കൂറുകൾ പിന്നിട്ടപ്പോൾ ഏവിയേഷൻ അധികൃതർ നടപടികളെടുത്തു. വിൽമിങ്ടൺ ദ്വീപിലെ സ്വകാര്യ ആശുപത്രിയിൽനിന്ന് മാലിയിലെ ഇന്ദിരാഗാന്ധി മെമ്മോറിയൽ ആശുപത്രിയിലേക്ക് ഏറെ വൈകി ചാർട്ടേഡ് വിമാനത്തിൽ കുട്ടിയെ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. കുട്ടി മരിച്ചതിനെത്തുടർന്ന് മുയിസുവിനെതിരെ പ്രതിപക്ഷം വിമർശനവുമായി രംഗത്തെത്തി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ലക്ഷദ്വീപ് സന്ദർശനത്തിനു പിന്നാലെ മാലദ്വീപ് മന്ത്രിമാർ നടത്തിയ പരാമർശങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം വഷളാക്കിയിരുന്നു.

## പ്രതിഷ്ഠാ ചടങ്ങുകൾ പൂർത്തിയായി

(3-ാം പേജിൽനിന്നും)

ഒരാഴ്ച നീണ്ട അനുഷ്ഠാനങ്ങളുടെ ഭാഗമായി ജനുവരി 21-ന് ശയ്യാധിവാസത്തിനു കിടത്തിയ രാമവിഗ്രഹത്തെ ഉണർത്താനുള്ള ജാഗരണ അധിവാസം 22-ന് പുലർച്ചയോടെ തുടങ്ങി. രാവിലെ ജലാഭിഷേകവും നടന്നു.

മൈസൂരുവിലെ ശിൽപി അരുൺ യോഗിരാജ് കൃഷ്ണശിലയിൽ തീർത്ത 51 ഇഞ്ച് വിഗ്രഹമാണ് പ്രതിഷ്ഠ. അഞ്ച് വയസ്സുള്ള ബാലനായ രാമന്റെ വിഗ്രഹമാണിത്. ഇതോടൊപ്പം ഇതുവരെ താൽക്കാലിക ക്ഷേത്രത്തിൽ ആരാധിച്ചിരുന്ന രാംലല്ല വിഗ്രഹമടക്കമുള്ളവയും പ്രതിഷ്ഠിച്ചിട്ടുണ്ട്. 23 മുതലാണ് പൊതുജനങ്ങൾക്ക് ദർശനം അനുവദിക്കുന്നത്.

രാമക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠാ വേളയിൽ അയോധ്യയിൽ ഇന്ത്യൻ സേന പുഷ്പവൃഷ്ടി നടത്തി. ഹെലികോപ്റ്ററുകളിൽനിന്നാണു ക്ഷേത്രത്തിന്റെ മുകളിലും പരിസരത്തും സേന പുഷ്പവൃഷ്ടി നടത്തിയത്. ചടങ്ങിന്റെ ഭാഗമായി ഇന്ത്യയുടെ നാനാഭാഗങ്ങളിലെ സംഗീതജ്ഞർ ക്ഷേത്രത്തിൽ വിവിധ സംഗീതോപകരണങ്ങൾ കൊണ്ടു മംഗളവാദ്യം വായിച്ചു.

കേന്ദ്ര സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിലായിരുന്നു പരമ്പരാഗത വാദ്യോപകരണങ്ങളുപയോഗിച്ചുള്ള 'മംഗളധ്വനി' ക്ഷേത്രപരിസരത്തു മുഴങ്ങിയത്. ചെണ്ടയടക്കമുള്ളവ ഉപയോഗിച്ച സംഗീതവിരുന്നിനു കവി യതീന്ദ്ര മിശ്ര നേതൃത്വം നൽകി.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

*Pentecostal Malayalee parents are seeking proposals for their son. He is 30 years 5'-8". Born and brought-up in USA. He will be graduating in Masters of Science (MS) biology major by end of this year 2023. Seeking for a right partner while obtaining a suitable job after the graduation. Future plan may include work and study for PhD or MD program. Parents of USA born citizen daughters who are working or studying with same faith may contact me via email:
**jvarghese645@yahoo.com** with picture and general details.

**Visit Our Website: www.keralaexpress.com for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

KERALA EXPRESS

# നിര്യാതരായി

## ബിനോയ് ജേക്കബ്

**ന്യൂഡൽഹി:** ദി ട്രിബ്യൂൺ ഗ്രൂപ്പ് ചെയർമാൻ ബിനോയ് ജേക്കബ് (73) അന്തരിച്ചു. മുൻ ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ പുകടിയിൽ പരേതനായ പി.ഐ. ജേക്കബിന്റെ മകനാണ്. ഭാര്യ ചെമ്പകശേരിൽ സുധ. മക്കൾ: നൗഷിൻ (സിങ്കപ്പൂർ), യേറിഡ് (യുഎസ്). മരുമക്കൾ: നിഹാൽ (സിങ്കപ്പൂർ), കരിഷ്മ (യുഎസ്).

**ചിങ്ങവനം:** ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സ്ഥാപക പ്രസിഡണ്ട് പരേതനായ പാസ്റ്റർ വി.എ. തമ്പിയുടെ ഭാര്യ ബഥേസ്ഥയിൽ മറിയാമ്മ തമ്പി (74) അന്തരിച്ചു.

## ലീലാമ്മ തോമസ്




**ന്യൂയോർക്ക്:** മാരാമൺ ആഞ്ഞിലിവേലിൽ എ.വി. കുരുവിള-ഏലിയാമ്മ ദമ്പതികളുടെ മകൾ ലീലാമ്മ തോമസ് (ലീല -82) അന്തരിച്ചു. ഭർത്താവ് തോമസ് വർഗീസ്. മക്കൾ: അനിത, സജിനി, സബീന. മരുമക്കൾ: രാജു, സജി, പൊന്നച്ചൻ. കൊച്ചുമക്കൾ: സിജു-അനു, സഞ്ജു, അക്സ, ഏരിയൽ, ആൻഡ്രിയൽ. ആഷ്‌ലി.

**ചെർപ്പുളശേരി:** മുതിർന്ന സോഷ്യലിസ്റ്റ് നേതാവും ആർജെഡി ജില്ലാ കമ്മിറ്റി അംഗവുമായ അമ്മങ്ങോട് മനയിൽ (ശാസ്താഭവനം) ദാമോദരൻ നമ്പൂതിരി (85) അന്തരിച്ചു.

**പിറവം:** റിട്ട. എച്ച്.എം. മുളക്കുളം വടക്കേ കരയിൽ പൂവത്തുങ്കൽ തുടിയംപറമ്പിൽ എലിസബത്ത് ജോർജ് (ലില്ലി -87) അന്തരിച്ചു.

## ഏബ്രഹാം വണ്ടാനത്ത്



**കാൽഗറി:** തൊടുപുഴ രാമപുരത്ത് വണ്ടാനത്ത് വി.എം. ഏബ്രഹാം (73) അന്തരിച്ചു. പൊൻകുന്നം പുളിക്കൽ കുടുംബാംഗമായ ഗ്രേസിയാണ് ഭാര്യ. കാനഡ കാൽഗറിയിൽ സ്ഥിരതാമസക്കാരിയും കാൽഗറി ബോവാലി ഫാക്കൽറ്റിയിലെ അദ്ധ്യാപികയും ഇന്തോ-അമേരിക്കൻ പ്രസ്ക്ലബിന്റെ നാഷണൽ എക്സിക്യൂട്ടീവ് അംഗവും സീറോമലബാർ മിസ്സിസ്സാഗ എപ്പാർക്കിയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും കാൽഗറിയിലെ സാമൂഹിക സാംസ്കാരിക രംഗത്ത് സ്ഥിരസാന്നിദ്ധ്യവുമായ ഡോക്ടർ ആൻസ്മിത ഏബ്രഹാം ഏകമകളാണ്.

**കപ്പാട്:** കെഎസ്ഇബി റിട്ട. അക്കൗണ്ട്സ് ഓഫീസർ മഞ്ഞപ്പള്ളി പാലക്കുടിയിൽ പി.ടി. തോമസ് (86) അന്തരിച്ചു.

## പി.എം. ജോൺ

**മുണ്ടത്താനം:** കെഎസ്ഇബി (തിരൂർ) റിട്ട. സൂപ്രണ്ട് കടത്താറ്റ് പാറയ്ക്കൽ പി.എം. ജോൺ (പാപ്പച്ചൻ-90) അന്തരിച്ചു. ഭാര്യ തടിയൂർ ചിരട്ടോലിക്കൽ പരേതയായ സിസിലിയാമ്മ (റിട്ട. ടീച്ചർ തിരൂർ). മക്കൾ: ബിനോ, ബിമൽ (യുഎസ്). മരുമക്കൾ: സിനി ബിനോ, സോഫിയ ബിമൽ (യുഎസ്).

**നെല്ലിക്കാല:** കൊടുവത്തറയിൽ ഡോ. വൻമാല (80) അന്തരിച്ചു.

**കരിങ്കുന്നം:** തട്ടാമറ്റത്തിൽ അന്നമ്മ (88) അന്തരിച്ചു.

## കെ.കെ. തോമസ്

**കല്ലൂപ്പാറ:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ പകലോമറ്റം പേരാലുംമൂട്ടിൽ കുന്നുംപുറത്ത് കെ.കെ. തോമസ് (തങ്കച്ചൻ-79) അന്തരിച്ചു. ഭാര്യ വെണ്ണിക്കുളം ഐക്കാട്ടുകുന്നേൽ ലില്ലിക്കുട്ടി തോമസ് (റിട്ട. അദ്ധ്യാപിക). മക്കൾ: മില്ലി ഫിലിപ്പ് (യുഎസ്), മായ ജോജി. മരുമക്കൾ: മേൽപ്പാടം നിരണത്തേപ്പുരയ്ക്കൽ ഫിലിപ് ജോൺ (യുഎസ്), സൗത്ത് പാമ്പാടി കുരക്കവയലിൽ ജോജി കെ. ആൻഡ്രൂസ്.

## എം.സി. ജോർജ്

**മറ്റക്കര:** പിഡബ്ല്യുഡി റിട്ട. ഉദ്യോഗസ്ഥൻ മാമ്പുഴയ്ക്കൽ എം.സി. ജോർജ് (62) അന്തരിച്ചു. ഭാര്യ നീറിക്കാട് തുരുത്തുവേലിൽ എത്സമ്മ. മക്കൾ: ജിബി ആൻ ജോർജ്, ജിതിൻ ചാക്കോ ജോർജ് (യുഎസ്), ജിസി സൂസൻ ജോർജ് (യുകെ). മരുമക്കൾ: ലിബിൻ വടക്കേൽ (കുവൈറ്റ്), ലിജി (യുഎസ്), ജോൺസൺ കുന്നേൽ (യുകെ).


## പാസ്റ്റർ ഇ.സി. മാത്യു



**ലൂസിയാന:** ശാരോൻ ഫെലോഷിപ് ചർച്ചിന്റെ ആദ്യകാല പ്രവർത്തകനും 1960-കളുടെ അവസാനത്തിൽ ശാരോൺ സഭകളുടെ ജനറൽ സെക്രട്ടറിയുമായിരുന്ന പാസ്റ്റർ ഇ.സി. മാത്യു (88) അന്തരിച്ചു. കങ്ങഴ ഇടവെട്ടാൽ കുടുംബാംഗമായിരുന്ന പരേതൻ 71 വർഷത്തോളം വിവിധ സ്ഥലങ്ങളിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തി സഭകൾ സ്ഥാപിച്ചിട്ടുണ്ട്.

**മണർകാട്:** ആൻഡമാൻസ് ഫോറസ്റ്റ് ആൻഡ് പ്ലാന്റേഷൻ ഡെവലപ്മെന്റ് കോർപറേഷൻ റിട്ട. ഉദ്യോഗസ്ഥൻ വെള്ളിയാമ്മാക്കൽ വി.ടി. തോമസ് (75) അന്തരിച്ചു.

## മോനായി ജേക്കബ്



**സണ്ണിവെയ്ൽ:** ഡാളസ് മെട്രോപ്ലെക്സിലെ സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് (സിപിഎ) മോനായി ജേക്കബ് (64) അന്തരിച്ചു. അടിമാലി തേവർമഠത്തിൽ വർക്കി ജേക്കബ്-ഏലിയാമ്മ ജേക്കബ് ദമ്പതികളുടെ പത്തു മക്കളിൽ അഞ്ചാമനാണ് പരേതൻ. ഗാർലൻഡ് ഫിലാഡെൽഫിയ പെന്തെക്കോസ്തൽ ചർച്ച് അംഗമാണ്. ഭാര്യ മേഴ്സി ജേക്കബ്. മക്കൾ: സാറാ, സിബിൽ, സ്റ്റീവൻ.

**തിരുവനന്തപുരം:** വ്യവസായിയും തിരുവിതാംകൂറിൽ ബ്രിട്ടീഷ് മിലിറ്ററി കോൺട്രാക്ടറുമായിരുന്ന കവടിയാർ ജവഹർ നഗറിലെ ശിവജി സഫയർ അപ്പാർട്ടുമെന്റിലെ കെ. ഭാസ്കരൻ (101) അന്തരിച്ചു.

**കീക്കൊഴൂർ:** ഷാർജ എമിറേറ്റ്സ് നാഷണൽ സ്കൂൾ ടീച്ചർ പുലിത്തിട്ട തായില്ലം വിനീത അലക്സ് (58) അന്തരിച്ചു.

## യോഹന്നാൻ വർഗീസ്

**കൊല്ലം:** ശങ്കേഴ്സ് ആശുപത്രിക്ക് സമീപം ആരാധനാ നഗർ-14 തോമ്പിലേത്ത് യോഹന്നാൻ വർഗീസ് (73) അന്തരിച്ചു. ഭാര്യ റാന്നി ഉതിമൂട്ടിൽ അഴകാട്ടിൽ കുടുംബാംഗം അന്നമ്മ യോഹന്നാൻ. മക്കൾ: സൂരജ് യോഹന്നാൻ (യുഎസ്), സുമോദ് യോഹന്നാൻ. മരുമകൾ: മെറിൻ സൂരജ്.

**മാവേലിക്കര:** ബിഷപ് മൂർ കോളജ് ബോട്ടണി വിഭാഗം റിട്ട. പ്രഫസർ അരീപ്പറമ്പിൽ ആനി ജോർജ് (70) അന്തരിച്ചു.

**കുറുമ്പനാടം:** റിട്ട. ഡപ്യൂട്ടി കളക്ടർ വയലാമണ്ണിൽ മറ്റത്തിൽ എം.ടി. ജോസഫ് (അപ്പച്ചൻ -91) അന്തരിച്ചു.

## ത്രേസ്യാമ്മ ചാക്കോ

**പാറമ്പുഴ:** കുഴിചാലിൽ ത്രേസ്യാമ്മ ചാക്കോ (93) അന്തരിച്ചു. ആറുമാനൂർ മുളമറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചാക്കോ മത്തായി. മക്കൾ: എത്സമ്മ ജോസഫ് (ഡൽഹി), ആനി കുര്യൻ (യുഎസ്), മേരിക്കുട്ടി തോമസ്, റാണി ടോമി (ഡൽഹി), മാത്യു ജേക്കബ് (ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്). മരുമക്കൾ: എം.ജെ. ജോസഫ് മുകളേൽ അടിച്ചിറ, എം.എം. കുര്യൻ മാലിയിൽ ആർപ്പൂക്കര, വി.എൽ. തോമസ് വേളാശേരിയിൽ മുത്തോലപുരം, ടോമി ഏബ്രഹാം മാടുകുത്തിയേൽ കാണക്കാരി, ജിജി മാത്യു തൊട്ടുവേലിൽ ഇലഞ്ഞി.

**അതിരമ്പുഴ:** കുറവിലങ്ങാട് ദേവമാതാ കോളജ് റിട്ട. പ്രഫ. പുത്തൻപുരയ്ക്കൽ പി.വി. വർക്കി (80) അന്തരിച്ചു.

**മറ്റക്കര:** പകലോമറ്റം അമരക്കാട് കീച്ചേരിൽ കെ.ജെ. മാത്യു (തങ്കച്ചൻ-66) അന്തരിച്ചു.

## ജോർജ് കെ. തോമസ്

**ആനിക്കാട്:** കുന്നേലേമുറിയിൽ ജോർജ് കെ. തോമസ് (65) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ബ്രിജിത് ജോർജ് (കപ്പലുമാക്കൽ). മക്കൾ: വിൻസന്റ്, രേഖ (ഇരുവരും യുഎസ്).

**മാവേലിക്കര:** വൈ.എം.സി.എ ഏഷ്യാ പസഫിക് അലയൻസ് മുൻ വൈസ് പ്രസിഡണ്ടും ബിഷപ് മൂർ കോളജ് ധനതത്വശാസ്ത്ര വിഭാഗം മുൻ മേധാവിയുമായ തഴക്കര പ്രീതിയിൽ പ്രഫ. പി.ജെ. ഉമ്മൻ (83) അന്തരിച്ചു.

## എ.സി. ജോസഫ് ഒഴുകയിൽ


**കടപ്ലാമറ്റം:** മാതൃകാ കർഷകനും പ്ലാന്ററുമായ എ.സി. ജോസഫ് ഒഴുകയിൽ (പാപ്പു ആറുകാക്കിയിൽ-89) അന്തരിച്ചു. ഭാര്യ ആറുകാക്കിയിൽ പരേതയായ ക്ലാരമ്മ. മക്കൾ: മേരി (യുഎസ്), സണ്ണി കാഞ്ഞങ്ങാട്, ബെന്നി വയലാ, പ്രഫ. സിബി കല്പറ്റ, റോസ് റോണി. മരുമക്കൾ: ജേക്കബ് പാപ്പിനിശേരിൽ കാഞ്ഞിരത്താനം (യുഎസ്), മനു ചാമക്കാലയിൽ മുട്ടം, ഡോളി കൈതക്കൽ കോതമംഗലം, ജൂലി കാഞ്ഞമല പൂവരണി, സിറിൾ വെള്ളായിപറമ്പിൽ കുറവിലങ്ങാട്, തോമസ് സഖറിയാസ് മാളിയേക്കൽ ചങ്ങനാശേരി.

## സരസ്വതി ദാമോദരൻ

**മുംബൈ:** ബിഎആർസി ട്രെയിനിങ് ഡിവിഷൻ മുൻ മേധാവിയും ശ്രീനാരായണീയ പ്രസ്ഥാനങ്ങളിൽ ഒന്നായ ശ്രീനാരായണ മന്ദിരസമിതിയുടെ സ്ഥാപകചെയർമാനും പ്രസിഡണ്ടുമായിരുന്ന ഡോ.കെ.കെ. ദാമോദരന്റെ ഭാര്യ കൊല്ലം പട്ടത്താനം ഇടയവിള കുടുംബാംഗമായ സരസ്വതി ദാമോദരൻ (93) അന്തരിച്ചു. മക്കൾ: ഡോ. ആഷ (ദുബായ്), വിനോദ് (യുഎസ്). മരുമക്കൾ: പ്രദീപ് ചന്ദ്രൻ, ദീപ.

**ആലപ്പുഴ:** വിദ്യാഭ്യാസ വിദഗ്ദ്ധനും പത്രാധിപരും ക്രിസ്ത്യൻ സഭാ ചരിത്രപണ്ഡിതനുമായ ഡച്ച് സ്ക്വയർ അറയ്ക്കൽ വീട്ടിൽ പ്രഫ. ഏബ്രഹാം അറയ്ക്കൽ (86) അന്തരിച്ചു.

## ജോർജുകുട്ടി ചാക്കോ അന്തരിച്ചു



**ഡാളസ്:** ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സാസ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചെയർമാൻ ബിജിലി ജോർജിന്റെ പിതാവ് കരുനാഗപ്പള്ളി കോഴിക്കോട് വാരണതു പുത്തൻപുരയ്ക്കൽ റിട്ടയേർഡ് ഹെൽത്ത് ഇൻസ്പെക്ടർ ജോർജ് (85) അന്തരിച്ചു. നിരവധി വർഷങ്ങളായി ഡാളസിൽ താമസമാക്കിയിരുന്ന പരേതൻ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് അംഗം, കരോൾട്ടൻ സൗത്ത് പ്രയർഗ്രൂപ്പ് ലീഡർ, കോഴിക്കോട് സെ. തോമസ് പള്ളി ട്രസ്റ്റി, ഗ്രൂപ്പ് ലീഡർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ സാറാമ്മ ജോർജ് വൈക്കം വെളിയിൽ കുടുംബാംഗമാണ്. മറ്റ് മക്കൾ: ചാർലി ജോർജ്, സ്റ്റാൻലി ജോർജ്. മരുമക്കൾ: ജെസ്സി ചാർലി, സലീന സ്റ്റാൻലി, ഡോ. അഞ്ജു ബിജിലി (എല്ലാവരും ഡാളസ്). സഹോദരങ്ങൾ: ജോയ് ചാക്കോ (കേരളം), യോഹന്നാൻ ചാക്കോ (ജർമ്മനി), അലക്സാണ്ടർ ചാക്കോ (യുഎസ്), പരേതരായ അമ്മിണി വർഗീസ്, കുഞ്ഞുഞ്ഞമ്മ തോമസ്.

## മേരി ഉമ്മൻ അന്തരിച്ചു



**ലോസാഞ്ചലസ്:** ഫോമാ നേതാവും ബൈലോ കമ്മിറ്റി സെക്രട്ടറിയുമായ ഈശോ സാം ഉമ്മന്റെ (കൊച്ചുവീട്ടിൽ, മാവേലിക്കര) ഭാര്യ മേരി ഉമ്മൻ അന്തരിച്ചു. മാരാമൺ കോയിത്തോടത്തു പരേതനായ കെ.വി. കോശിയുടെയും പരേതയായ രാജമ്മ കോശിയുടെയും (മണലൂർ മാരാമൺ) പുത്രിയാണ്. ലോസാഞ്ചലസ് സെ. ആൻഡ്രൂസ് മാർത്തോമ്മാ ചർച്ച് അംഗമാണ്. മക്കൾ: ഷോൺ സാമുവൽ ഉമ്മൻ, സ്റ്റീവ് കോശി ഉമ്മൻ. മരുമകൾ: പ്രിൻസി സൂസൻ ജേക്കബ്. ജോർജ് വർഗീസ് ബാബൻ (ലോസാഞ്ചലസ്) സഹോദരനാണ്.

## സൂസി മൈക്കിൾ തൈപ്പറമ്പിൽ അന്തരിച്ചു



ഫോർട്ട് വർത്ത്: ചങ്ങനാശേരി തുരുത്തി തൈപ്പറമ്പിൽ ടി.സി. മൈക്കിളിന്റെ ഭാര്യ സൂസി മൈക്കിൾ (71) ഫോർട്ട് വർത്തിൽ അന്തരിച്ചു. കോട്ടയം മേലുകാവ് ഇടമറുക് ചീരാംകുഴിയിൽ പരേതരായ സി.ജെ. മാത്യു (മത്തായിസാർ) വിന്റെയും അരീക്കാട്ട് അന്നക്കുട്ടിയുടെയും മകളാണ് പരേത. സംസ്കാര ജനുവരി 24-ന് ബുധനാഴ്ച നോർത്ത് റിച്ച്ലാൻഡ് ഹിൽസ്, സെന്റ് ജോൺ ദി അപ്പോസ്തോലിക് കാത്തലിക് ദേവാലയത്തിൽ.

മക്കൾ: ജെഫ് മൈക്കിൾ (ഫോർട്ട് വർത്ത്), ഡോ. ജെറി മൈക്കിൾ (കോർപ്രസ് ക്രിസ്റ്റി, ടെക്സാസ്). മരുമക്കൾ: ദീപ്തി തോമസ് മൈക്കിൾ (കൊച്ചുതുണ്ടിയിൽ, നാരങ്ങാനം, കോഴഞ്ചേരി), മേഗൻ രമ്യ മൈക്കിൾ (മാലികറുകയിൽ, മാന്നാർ). കൊച്ചുമക്കൾ: എലിസബത്ത്, എവിലിൻ, എലനോർ, എസക്കിയേൽ, മെലേനിയ (എല്ലാവരും യുഎസ്).

സഹോദരങ്ങൾ: ലൈല അങ്ങാടിശ്ശേരിൽ (ടെക്സാസ്), വത്സമ്മ ബേബി (ഇടമറുക്), ജോസ് ചീരാംകുഴി, മാറ്റ് മാത്യു (പെപ്പി), മിനി വിലങ്ങോലിൽ (എല്ലാവരും ടെക്സാസ്), ടെസ്സി ജോയ് (മുൻ പഞ്ചായത്ത് പ്രസിഡണ്ട്, മേലുകാവ്). സംസ്കാര ശുശ്രൂഷകൾ ജനുവരി 24-ന് ബുധനാഴ്ച രാവിലെ 10 മണിക്ക് നോർത്ത് റിച്ച്ലാൻഡ് ഹിൽസ്, സെന്റ് ജോൺ ദി അപ്പോസ്തോലിക് കാത്തലിക് ദേവാലയത്തിൽ (7341 Glenview Dr., North Richland Hills, TX 76180) ആരംഭിച്ച് തുടർന്ന് ഫോർട്ട് വർത്ത് മൗണ്ട് ഒലിവറ്റ് സെമിത്തേരിയിൽ (2301 N. Sylvania Ave, Fort Worth, TX 76111) മൃതദേഹം സംസ്കരിക്കും.

**വാർത്ത: മാർട്ടിൻ വിലങ്ങോലിൽ**

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

**Visit Our Website: www.keralaexpress.com for Classified Advt.**

## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-465-1059**

**We offer competitive pay.**

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Chicago*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Chicago*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. മല്ലികച്ചിറ്റയുടെ വീട്ടിലെത്തിയ സന്ദീപും കൂട്ടരും വന്ന കാർ ഹേമചന്ദ്രൻ കൊണ്ടുവന്ന ഗുണ്ടകൾ അടിച്ച് തകർത്തു. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം എല്ലാറ്റിനും ഹേമചന്ദ്രൻ പരിഹാരം ചെയ്യേണ്ടി വരുന്നു. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഹേമചന്ദ്രന്റെ കാർ മോഷ്ടിച്ചുവെന്നാരോപിച്ച് മടക്കയാത്രയിൽ പോലീസ് അവരെ കസ്റ്റഡിയിലെടുത്തെങ്കിലും വിട്ടയയ്ക്കേണ്ടി വരുന്നു. ഭാസ്കരമേനോന്റെ മുന്നിൽവെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു...**

## 80

കിഷോർ കുറച്ചുനേരം നോക്കിയിരുന്നിട്ട് ഫോൺ മേശപ്പുറത്തുവെച്ചു. സോഫിയായെ വിളിക്കണോ വേണ്ടയോ എന്നൊരു വടംവലി മനസ്സിൽ നടക്കുന്നുണ്ടായിരുന്നു. വിളിച്ചാൽ ഫോണെടുത്തില്ലെങ്കിൽ ആത്മാഭിമാനത്തിനു ക്ഷീണമാകും. അവൾ വീണ്ടും കടിച്ചുമുറിച്ചു വല്ലതും പറഞ്ഞാൽ അതു പിന്നെയും കലഹം വർധിപ്പിക്കും.

കിഷോർ ഒരു ആത്മപരിശോധന നടത്തി.

താൻ തെറ്റു വല്ലതും ചെയ്തോ?

ഇന്നലെ വൈകുന്നേരം അവൾ ഡ്യൂട്ടിക്കു കയറും മുൻപേ താൻ വിളിച്ച് സംസാരിച്ചതാണ്. ഇടുക്കി യാത്രയെക്കുറിച്ച് പ്രത്യേകം പറഞ്ഞിരുന്നു. ഇന്നു വാസ്തവത്തിൽ സൗകര്യമായി വിളിക്കാൻ പറ്റുന്ന സാഹചര്യമൊന്നും ഉണ്ടായില്ല. എപ്പോഴും ബിസിയായിരുന്നു. മറ്റുള്ളവർ കൂടെയുള്ളതിനാൽ, സോഫിയയെ വിളിച്ച് സംസാരിക്കുക എന്നത് പ്രായോഗികമല്ലായിരുന്നു.

തിരിച്ചെത്താൻ ഇത്രത്തോളം വൈകുമെന്നു വിചാരിച്ചില്ല. വന്നയുടനെ കുളിയും ഭക്ഷണവും. അതുകഴിഞ്ഞ് സൗകര്യമായി വിളിക്കാം എന്നു കരുതിയപ്പോഴാണ്, ഇങ്ങോട്ടു പൊട്ടിത്തെറി. നല്ല ക്ഷീണമുണ്ടായിട്ടും ഉറക്കം വരുന്നില്ല.

ഒരു സമാധാനം കിട്ടുന്നില്ല.

മൊബൈലിൽ മെസ്സേജ് അലർട് വന്നപ്പോൾ കിഷോർ എടുത്തു നോക്കി. ഏതോ റിങ് ടോണിന്റെ നോട്ടിഫിക്കേഷനാണ്.

ഇവനൊന്നും വേറെ പണിയില്ലേ?

ആത്മഗതം അൽപം കൂടിപ്പോയി.

"നീ എന്തെങ്കിലും പറഞ്ഞോ കിച്ചൂ?"

"ആഹാ... സന്ദുവേട്ടൻ ഉറങ്ങിയില്ലേ?"

"ഇല്ല. കുറച്ചൂടെ കഴിയുമ്പോ എനിക്കൊരു കോൾ വരാനുണ്ട്."

"അല്ലിമയാണോ?"

"യാ..."

"രാത്രി പത്തുവരെ നിങ്ങളൊന്നിച്ചല്ലായിരുന്നോ? ഇനിയെന്തിനാ കോൾ?"

"അതുകൂടിയുണ്ടെങ്കിലേ ഒരു പൂർണതയൊള്ളൂ." സന്ദീപ് ഒരു കള്ളച്ചിരി ചിരിച്ചു.

"ഞാൻ ഇനി വിളിക്കുന്നേയില്ല. മോശമല്ലേ... രാത്രി അസമയത്ത്... അതുമൊരു പെൺകുട്ടിയെ..."

"അവളിപ്പം നിന്നെ പഞ്ഞിക്കിടുവായിരിക്കും. അവിടെ ബഡില്..."

"അതെങ്ങനെ? ഞാനിവിടല്ലേ?"

"തൽക്കാലം ഒരു തലയണ എടുത്തുവെച്ച്, അതിനെ നീയാണെന്നു വിചാരിച്ച് കുറെ മാന്തും. അള്ളിപ്പിടിക്കും. പിച്ചിപ്പറിക്കും. ഇടിക്കും. പിന്നെ, ഭിത്തീടെ നേർക്കു വലിച്ചൊരേറും കൊടുക്കും."

"ശരിക്കും?"

"പ്രേമം അസ്ഥിക്കുപിടിച്ചു കഴിഞ്ഞാപ്പിന്നെ വട്ടായിപ്പോകും."

"സന്ദുവേട്ടാ, എനിക്കായിരുന്നു ഇതുവരെ പരാതീം വഴക്കും. ഞാൻ വിളിച്ചാ അറ്റൻഡ് ചെയ്യില്ല, മെസേജ് അയച്ചാ മറുപടിയില്ല, നമ്മള് ഒരു ഡസൻ മെസേജ് അയച്ചാലും അവൾ റിപ്ലൈ ചെയ്യാതെ കൂളായിട്ടിരിക്കും. ഞാനെത്ര തവണ വിചാരിച്ചിട്ടൊണ്ടെന്നറിയോ അവളൊരു സ്നോ ബ്യൂട്ടിയാണല്ലോന്ന്. കാണാനൊക്കെ അഴകാ. പക്ഷേ, തൊട്ടുനോക്കിയാ മഞ്ഞുപോലെ തണുത്തിരിക്കും. എന്തുകൊണ്ടാ അവൾക്കൊരു റെസ്പോൺസും ഇല്ലാത്തെ, നിർവികാര ജീവിയാണോ എന്നൊക്കെ ആലോചിച്ച് വല്യ നിരാശ തോന്നീട്ടൊണ്ട്."

"ഇപ്പോ മനസ്സിലായില്ലേ, ഫയർ ബ്യൂട്ടിയാ. തീപ്പൊരി ചിതറാനിരിക്കുന്നതേയുള്ളൂ."

"അപ്പോ ശരിക്കും എന്റടുത്ത് പ്രേമം ഒണ്ട്?"

"അവൾ പരമാവധി ഡിഫൻഡ് ചെയ്തു നോക്കി. എത്ര അടക്കിപ്പിടിച്ചിട്ടും രക്ഷയില്ല. ഈ പ്രേമത്തിന്റെ ഒരു പവറുണ്ടല്ലോ... നമ്മളെത്ര പെന്റപ്പ് ചെയ്താലും ഒടുക്കം എക്സ്പ്ലോഡ് ചെയ്ത് പുറത്തുവരും. പിന്നെ നമ്മൾ ഒന്നുമല്ല – വെറും കച്ചിത്തുരുമ്പാ. കൊടുങ്കാറ്റില് കടലാസുതുണ്ട് പറക്കുന്നപോലെ, മലവെള്ളപ്പാച്ചിലിൽ പച്ചില വീണപോലെ നമ്മളങ്ങ് പെട്ടുപോകും. ഒരിടത്തും ഒരു പിടീം കിട്ടാതെ –"

"സോഫി ആ സ്റ്റേജിലെത്തിയോ?"

"ഇപ്പോ നീ കേട്ടതല്ലേ ഫോണിക്കൂടെ?"

"അപ്പോ ഇനി ഞാനെന്താ ചെയ്യണ്ടേ?"

"നീ ഇപ്പത്തന്നെ തിരിച്ചു വിളിക്കണാരുന്നു. ഇപ്പോ ലേറ്റായിപ്പോയി."

"പത്തു മിനിറ്റായതേയുള്ളൂ."

"അതു നിനക്ക്. അവൾക്കവിടെ പത്തു ദിവസം കഴിഞ്ഞു."

കിഷോർ എഴുന്നേറ്റ് കിടക്കയിലിരുന്നു.

"നല്ല രസംണ്ട് കേൾക്കാൻ. പറ, അല്ലിച്ചേച്ചീം സന്ദുവേട്ടനും തമ്മിലിങ്ങനൊക്കെ ആണോ?"

"ഞങ്ങൾടെ പ്രേമം വേറൊരു ലവലല്ലേ. അതും നിന്റേയുമായിട്ട് കമ്പയറു ചെയ്യാൻ പറ്റില്ല."

"അതെന്താ?"

"ഞങ്ങളുടേത് ഡിവൈൻ ലൗ ആണ്."

"പോ സന്ദുവേട്ടാ. ഡിവൈൻ ലൗ...! നിങ്ങളെങ്ങനാ പരസ്പരം കൈകൂപ്പി തൊഴുതാണോ പ്രേമിക്കുന്നെ."

"ഞങ്ങൾ പരസ്പരം ഭയങ്കര റെസ്പെക്ടാണ്. അവൾക്കെന്നോടും എനിക്കവളോടും..."

"ഞങ്ങൾടെ പ്രേമമെന്താ തറ ലെവലിലാണോ?"

"അല്ലെടാ... ഞാൻ നിന്നെ കുറ്റം പറഞ്ഞതല്ല. ഓരോ പ്രേമോം ഓരോ സ്റ്റൈലാ. എല്ലാം നല്ലതുതന്നെയാ."

"സന്ദുവേട്ടൻ തുടങ്ങീട്ട് ഒരു വർഷമല്ലേ ആയിട്ടൊള്ളൂ. അതിനിടയ്ക്ക് ഇത്രമാത്രം എക്സ്പീരിയൻസ് എങ്ങനെ കിട്ടി?"

"അതോ..." സന്ദീപ് എഴുന്നേറ്റിരുന്നു.

"എന്റെ പ്രൊബേഷൻ പീരീഡിൽ ഞാൻ കോട്ടയത്തായിരുന്നു. അന്നൊരു റെന്റഡ് അപ്പാർട്മെന്റിലാ താമസം. ഷിന്റോന്നു പേരുള്ള വേറൊരു പ്രൊബേഷണറും ഞാനുംകൂടിയാ അപ്പാർട്മെന്റ് ഷെയറ് ചെയ്യുന്നെ. കക്ഷിക്ക് അപ്പഴേ ഒണ്ട് ഞരമ്പിൽ പിടിച്ച ഒരു പ്രണയം. നിസ്സാരകാര്യത്തിനാ ലോകാവസാനം നടക്കുമെന്നു തോന്നിക്കുന്ന മട്ടിലുള്ള വഴക്ക്. രാത്രി കിടക്കാൻ നേരത്ത് ഒന്നര മണിക്കൂർ സംസാരിച്ചോണ്ടിരുന്നിട്ട് അങ്ങോട്ടുമിങ്ങോട്ടും ഉമ്മ പറഞ്ഞ് ഫോൺ വെക്കുമ്പോ ഒരുമ്മ കുറഞ്ഞുപോയാ പിന്നെ കാളരാത്രിയാ. നാലെണ്ണത്തിനുപകരം മൂന്നെണ്ണമായിപ്പോയെങ്കി പിന്നെ രണ്ടിനേം കാണണെങ്കിൽ കടത്തനാടൻ കളരിത്തട്ടിൽ ചെല്ലണം."

"അതിനൊക്കെ വഴക്കുണ്ടാവ്വോ?"

"പിന്നെ, ഇന്നലത്തെ അത്രേം സ്നേഹം ഇന്നില്ലേ, എന്തുകൊണ്ടാ ഒരെണ്ണം കുറഞ്ഞുപോയത്, എനിക്കു സ്വരം കേട്ടപ്പഴേ അറിയാരുന്നു... ഒരു സ്നേഹോം ഇല്ലാത്ത പോലെ... ഞാനെന്തു ചെയ്തിട്ടാ. ഇങ്ങനെപോകും തർക്കം. അവസാനം ഷിന്റോ പോടീ പട്ടീന്നൊക്കെ അലറിക്കൊണ്ട് ഫോൺ വലിച്ചെറിയുന്നതു ഞാൻ കണ്ടിട്ടുണ്ട്. തറേലോട്ടും ഭിത്തിയിലോട്ടും എറിയില്ല. തലയണ, ഫോംബെഡ്... ഫോൺ പൊട്ടിപ്പോകാതെ നോക്കണ്ടേ. വഴക്ക് എല്ലാ ദിവസോം ഉണ്ടാകും. എന്നും പുതിയ ഫോൺ വാങ്ങാൻ പറ്റ്വോ?"

"ആ... എന്നിട്ട്?" കിഷോറിനു രസം പിടിച്ചു.

"ഷിന്റോ ഭ്രാന്തൻമാരുടെ മാതിരി രണ്ട് കയ്യിലും മുടിയൊക്കെ പിടിച്ചു വലിച്ചോണ്ട് റൂമിക്കൂടി നടക്കുന്നതു കാണുമ്പോ നമുക്കു തോന്നും അവൻ അതെല്ലാം ഒറ്റരാത്രികൊണ്ട് വലിച്ചു പറിച്ച് നേരം വെളുക്കുമ്പോഴേക്കും മൊട്ടത്തലയനായിപ്പോകുമെന്ന്. എനിക്കതു കാണാൻ വയ്യാഞ്ഞിട്ട് ഞാൻ റൂമീന്നിറങ്ങി റോഡിൽപോയി ഏതെങ്കിലും തട്ടുകടേച്ചെന്ന് കട്ടൻചായ കുടിക്കും. ചിലപ്പോ ബ്യൂറോയിലൊന്നു കേറും. അര മണിക്കൂർ കഴിഞ്ഞ് റൂമിൽ തിരിച്ചെത്തുമ്പോ പൊട്ടിച്ചിരീം വർത്തമാനോം കേൾക്കാം."

"എന്താ അത്?" കിഷോർ ആശ്ചര്യപ്പെട്ടു.

"അവനും അവളുംകൂടി കൊഞ്ചുന്നതാ. വഴക്കെല്ലാം കഴിഞ്ഞു. അടുത്ത കോളിൽ അങ്ങോട്ടുമിങ്ങോട്ടും സോറി പറഞ്ഞ് ഇണങ്ങിക്കഴിഞ്ഞു. എന്നെയൊക്കെ അവൻ മറന്നു. അവര് വേറെ ലോകത്താ. ചിരീം കളീം തമാശേം..."

"അങ്ങനെയൊക്കെയാണല്ലേ... നിസ്സാര കാര്യത്തിന് വെറുതെ പിണങ്ങീട്ട് ചമ്മലൊന്നുമില്ലാതെ പെട്ടെന്നിണങ്ങാൻ പറ്റ്വോ?"

"എടാ കിച്ചൂ, നിനക്ക് വേറൊരു കാര്യം അറിയണോ? നമ്മള് പെണങ്ങാത്തതിന് അവര് പെണങ്ങും..."

"നമ്മളവരോട് പെണങ്ങീല്ലാന്നു പറഞ്ഞ് അവര് നമ്മളോട് പെണങ്ങ്വോ – പോ സന്ദുവേട്ടാ... ചുമ്മാ തള്ളല്ലേ."


"എടാ സത്യമാ... സോഫി നിന്നോട് പറയ്യാണെന്നിരിക്കട്ടെ, ഞാനിന്ന് കുറച്ചു ബിസിയാണ്, പന്ത്രണ്ട് മണിക്കേ വിളിക്കത്തൊള്ളൂന്ന്. ശരിയെന്ന് നീയും പറയുന്നു. അവിടൊരു പോയിന്റൊണ്ട് – നമ്മളത് ശ്രദ്ധിക്കണം. പന്ത്രണ്ടു മണിക്കേ വിളിക്കൂ എന്നു പറഞ്ഞാൽ ആ – ശരീന്ന് നമ്മൾ പറയരുത്. അയ്യോ, അതെങ്ങനെ ശരിയാകും... അത്രേം സമയം വെയ്റ്റ്ചെയ്യാൻ പറ്റില്ല. നിനക്കൊരു പതിനൊന്നു മണിക്ക് വിളിച്ചൂടേ എന്നു ചോദിക്കണം."

"അടിപൊളി – കേക്കട്ടെ."

"അവൾ പന്ത്രണ്ട് മണിക്ക് വിളിച്ചില്ലെന്നിരിക്കട്ടെ. നീ വിചാരിക്കും പാവം, നല്ല ജോലിത്തിരക്ക് കാണും... ഇല്ലെങ്കി വിളിച്ചേനെ എന്ന്. രണ്ടുമണിക്ക് അവൾ വിളിച്ചിട്ട് ചോദിക്കും. എന്തൊക്കെയുണ്ട് വിശേഷം? ഊണു കഴിച്ചോ... എന്നൊക്കെ. അപ്പോ നീയെന്തു പറയും, ഊണു കഴിച്ചു – ഞാനും കുറച്ചു ബിസിയാരുന്നു. നിന്റെ തെരക്കെല്ലാം കഴിഞ്ഞോ എന്ന് – അല്ലേ?"

"ങാ, അതെ..."

"അപ്പഴേ അവൾ പെണങ്ങിക്കഴിഞ്ഞു."



"എന്തിന്... അവളല്ലേ പന്ത്രണ്ട് മണിക്ക് വിളിക്കാതിരുന്നെ."

"എന്തുകൊണ്ട് വിളിച്ചില്ലെന്ന് നമ്മൾ ചോദിക്കണം. ഞാൻ വെയ്റ്റ്ചെയ്തത് വെറുതെ, മനുഷ്യനെ ഇങ്ങനെ പറ്റിക്കരുത്... എന്നു പറഞ്ഞ് വഴക്കുണ്ടാക്കണം. എങ്കിലല്ലേ അവരെ നമുക്ക് മിസ് ചെയ്തു എന്ന് അവർക്കു തോന്നൂ..."

"എന്റമ്മോ! ഇങ്ങനെയൊക്കെയൊണ്ടോ?"

"ഷിന്റോടെ പ്രേമം കണ്ടില്ലായിരുന്നെങ്കി ഞാനൊക്കെ ആ വിഷയത്തിൽ ബിഗ് സീറോ ആയിപ്പോയേനെ. നമ്മള് കെയറ് ചെയ്തില്ലെങ്കിലൊണ്ടല്ലോ അവര് ഫയറ് ചെയ്യും. അതാണു സംഭവം." സംസാരിക്കുന്നതിനിടയിൽ സന്ദീപിന്റെ ഫോണിലേക്കു കോൾ വരുന്നുണ്ടായിരുന്നു.

"കിച്ചൂ, അല്ലിയാ..." സന്ദീപ് പറഞ്ഞു. എന്നിട്ട് ഫോൺ എടുത്തുകൊണ്ടു ബാൽക്കണിയിലേക്ക് ഇറങ്ങി.

"അല്ലീ... ഞാൻ കോൾ വെയ്റ്റ് ചെയ്യുവാരുന്നു. എല്ലാരും കിടന്നോ?"

"ഉം... മനസ്സിലൊരു വലിയ ഭാരം ഇരിക്കുന്നപോലെ തോന്നുന്നു."

"മണിമലേന്നു തിരിച്ചു വരുമ്പോ ഞാൻ ശ്രദ്ധിച്ചു... എന്തായിരുന്നു അത്ര വലിയ മനപ്രയാസം?"

"എനിക്ക് ഒന്നും അറിയണ്ടായിരുന്നെന്നു തോന്നുവാ..."

"അറിയണ്ടെങ്കിൽ എവിടെവെച്ചു വേണെങ്കിലും നമുക്ക് സ്റ്റോപ്പ് ചെയ്യാം."

"എന്തൊരു വേദനയാ സന്ദുവേട്ടാ ആ സ്റ്റോറിക്കുള്ളിൽ മറഞ്ഞു കിടക്കുന്നെ. എനിക്കു സങ്കടം വന്നിട്ടു വയ്യ."

"സങ്കടകരമാണ്. ട്രാജഡിയാണ്. നമ്മളും വിചാരിച്ചില്ലല്ലോ."

"നമ്മൾ പോയ വഴിയൊക്കെ ഞാനിവിടെയിരുന്ന് ഒന്നൂടെ കാണുവായിരുന്നു. ഒരു ഫ്ളാഷ്ബാക്ക് പോലെ. നമ്മൾ പെരിയാർവാലി എന്ന സ്ഥലത്ത് ഒരു വീട്ടിൽ പോയില്ലേ. ആ അച്ഛനേം അമ്മയേം ഓർത്തിട്ടെനിക്ക്... അവരെന്തൊക്കെ അനുഭവിച്ചു."

"അല്ലീടെ ഗ്രാൻഡ് ഫാദറും ഗ്രാൻഡ് മദറുമല്ലേ..."

"അതല്ല സന്ദുവേട്ടാ എന്റെ മനസ്സിൽ വരുന്നത്. മകൻ ഒരു പെണ്ണിനെ സ്നേഹിച്ചുപോയതുകൊണ്ട് ഒള്ളതെല്ലാം വാരിയെടുത്ത് ഓരോരോ നാടുകളിൽ കൂടെ അലയേണ്ടിവന്ന ഒരച്ഛനും അമ്മയും! അവർക്ക് ഒടുവിൽ ആരെങ്കിലും ഒണ്ടോ? ഒരു മകന് എന്തുപറ്റിയെന്ന് ഇരുപത്തിരണ്ടു വർഷം കഴിഞ്ഞിട്ടും തീർച്ചയില്ല. ജീവിച്ചിരിപ്പുണ്ടോ, മരിച്ചുപോയോ? ഒരു ദിവസം അമ്മേ എന്നു വിളിച്ചുകൊണ്ട് കയറി വരുമോ? ഒന്നും അറിയില്ല. വേറൊരു മകനുള്ളത് ഈ പേടിച്ചോട്ടത്തിനിടയിൽ വഴിതെറ്റി ജെയിലിലും പോയി കയറി. ആ അച്ഛനും അമ്മയ്ക്കും ഒരിത്തിരി സന്തോഷിക്കാൻ എന്തെങ്കിലും ഒണ്ടോ?"

"അല്ലീ, ഇനി നീയൊണ്ടവർക്ക് സന്തോഷിക്കാൻ."

"ഞാനോ... ഞാനെവിടെയാ? എന്നെയൊന്നു കാണണംന്നു വെച്ചാൽപോലും അവർക്ക് കിട്ടില്ലല്ലോ."

"എല്ലാം കയ്യരികത്തും വിളിച്ചാൽ വിളികേൾക്കുന്ന ദൂരത്തും ഉള്ളതുകൊണ്ടു മാത്രമേ സന്തോഷിക്കാൻ പറ്റുള്ളോ? മക്കൾ വിദേശത്തു പോയി ജോലിചെയ്യുന്ന എത്രയോ അച്ഛനമ്മമാർ അവരെ കാണാതെ കാണുന്നുണ്ട്. കേൾക്കാതെ കേൾക്കുന്നുണ്ട്. അവരുടെ ഉള്ളിൽ സന്തോഷമുണ്ടാവില്ലേ."

"അതുപോലെയാണോ സന്ദുവേട്ടാ... ഞാനും അവർക്കൊരു വേദനയല്ലേ?"

"അങ്ങനെയല്ല. അവരിന്നു രാത്രി ഒറങ്ങില്ല അല്ലീ. അവരിപ്പോ നിന്നെപ്പറ്റി സംസാരിച്ചോണ്ടിരിക്കുവാ... സന്തോഷംകൊണ്ട് അവരുടെ കണ്ണു നിറയുന്നൊണ്ട്. സ്വന്തം മകന്റെ മോളാണല്ലോ ഇവിടെ അവരെ കാണാൻ വന്നിട്ടു പോയത് എന്നോർക്കുമ്പോ അഭിമാനംകൊണ്ട് അവരുടെ ഹൃദയം വിങ്ങുന്നുണ്ട്. എല്ലാം നഷ്ടപ്പെട്ടെന്നും ഇനി ഇരുട്ടുമാത്രമേ ഒള്ളൂവെന്നും വിചാരിച്ചിരുന്നവരല്ലേ. അപ്പഴാ നീ അവരുടെ മുന്നിൽ ചെന്നു നിന്നത്. ആ ഒരു വെളിച്ചം മാത്രം മതി – അവർക്കിനി ധൈര്യത്തിലും പ്രതീക്ഷയിലും ജീവിക്കാൻ."

"എന്നെ അവർക്ക് ഇഷ്ടമായിക്കാണുമോ സന്ദുവേട്ടാ?"

"ഇഷ്ടമായോന്നോ! അവരൊരിക്കലും സങ്കൽപിച്ചിട്ടുപോലുമില്ല ഇങ്ങനൊരു കൊച്ചുമകൾ അവിടെച്ചെന്ന് അവരെ കാണുമെന്ന്."

"എനിക്കിനീം അവിടെ പോകണം സന്ദുവേട്ടാ. അവരെ കാണണം. എനിക്കവിടെനിന്ന് എന്തൊക്കെയോ കിട്ടാനുണ്ടെന്നു തോന്നുവാ..." അല്ലിമയുടെ സ്വരം തരളിതമായി.

"തീർച്ചയായിട്ടും. നമ്മളിനിയും പോകും അവിടെ. അവരെ ആശ്വസിപ്പിക്കും. അവർക്കും ചിലതൊക്കെ കിട്ടാനുണ്ട്. നീ അവർക്ക് അതൊക്കെ കൊടുക്കും."

"എന്റെ മനസ്സിൽ നടക്കണതൊക്കെ സന്ദുവേട്ടന് കാണാൻ കഴിയുന്നുണ്ടല്ലേ... അതിശയമാണ് കേട്ടോ."

അല്ലിമയുടെ സ്വരം ആർദ്രമായി.

"അതുകൊണ്ടല്ലേ നമ്മൾ കണ്ടുമുട്ടിയത്. ഭൂമീലെവിടൊക്കെയോ അലഞ്ഞുനടന്ന രണ്ടാത്മാക്കൾ എവിടെയോവെച്ച് കണ്ടുമുട്ടുന്നു. രണ്ടു കണ്ണികൾ – അവിടുന്നിങ്ങോട്ട് മാല കോർക്കുന്നപോലെ. ഓരോരോ കണ്ണികൾ. രണ്ടു വഴികളിലായി രണ്ട് മുത്തശ്ശിമാർ, രണ്ട് മുത്തച്ഛൻമാർ, ബന്ധുജനങ്ങൾ – ഇനി സ്വന്തം അച്ഛനെയും അമ്മയെയും കൂടി കണ്ടെത്തിയാൽ മതി."

"അതിനി സാധിക്കുമോ?"

"നമുക്കു നോക്കാം."

"സന്ദുവേട്ടനിപ്പോ എന്നോടെന്താ തോന്നുന്നെ? എന്റെ ജനനവഴി ഇങ്ങനൊക്കെയാണല്ലോന്ന് ഓർക്കുമ്പോ എന്നോടുണ്ടായിരുന്ന സ്നേഹം കുറഞ്ഞുപോയില്ലേ..."

"ഒട്ടും കുറഞ്ഞുപോയിട്ടില്ല."

"വെറുതെ പറയുവാ..."

"അല്ലെന്ന്... എനിക്ക് സ്നേഹം കൂടീട്ടേയുള്ളൂ. സത്യം പറഞ്ഞാ എനിക്കിപ്പോ നിന്നെ ഒരു കുഞ്ഞിനെപ്പോലെ തോളത്തിട്ടു കിടത്തി തലോടിത്തലോടി ഉറക്കണംന്നാ മനസ്സില്..."

"എന്നെ അങ്ങനെതന്നെ ഉറക്കണേ. ഞാനത്രയ്ക്ക് തളർന്നിരിക്കുവായിരുന്നു."

"എന്നാലിനി കിടന്നോ..."

"സന്ദുവേട്ടൻ റൂമിലൊറ്റയ്ക്കാണോ?"

"അല്ല. കിച്ചു ഉണ്ട്."

"ഒറങ്ങിയോ?"

"ഇല്ല – സോഫിയും അവനും തമ്മിൽ ചെറുതായൊന്നു പിണങ്ങി."

"എന്തിന്?"

"അതു പിന്നെപ്പറയാം."

"നാളെ ഹരിപ്പാടിനു പോണൊണ്ടോ?"

"ഓഫീസിൽ പോകണം. വീട്ടിലും പോകും."

"യാത്ര ചെയ്യുമ്പോ സൂക്ഷിക്കണേ. അച്ഛൻ പറഞ്ഞത് നിസ്സാരമായിട്ടെടുക്കണ്ട."

"ഓകെ"

"കിടക്കുന്നതിനു മുൻപ് ഓൺലൈനിൽ വരണേ. ഒരു മിനിറ്റ് മതി."

"ഉം വരാം..."

"മുഖം കണ്ടിട്ടു കിടന്നാ ഒരു സമാധാനംണ്ടല്ലോ. അതുകൊണ്ടാ."

"ഓകെ. ഷുവർ... ഇപ്പോ കട്ട് ചെയ്യട്ടെ."

"ഉം..."

സംഭാഷണം നിർത്തി. സന്ദീപ് മുറിയിലേക്കു ചെന്നപ്പോൾ കിഷോർ കട്ടിലിൽ അതേപടി ഇരിപ്പുണ്ട്.

"ഹാ – നീ കിടന്നില്ലേ?"

"കെടന്നതാ. ഒറക്കം പോയി."

"എങ്ങോട്ടു പോയി."

"ആ..."

"നിന്റെ ഒറക്കം ആലുവായിലൊണ്ട്. അങ്ങോട്ടൊന്നു വിളിച്ചേ."

"ലേറ്റായിപ്പോയി. അവളിപ്പം ഉറക്കം പിടിച്ചുകാണും."

"എടാ, അവളിപ്പം ഫോണിലോട്ട് തുറിച്ചു നോക്കിക്കൊണ്ട് ഇരിക്കുവാ... ജീവനുള്ള ഒരു ജന്തുവിനെ നോക്കുന്നപോലെ."

"ഹ്ങേ, സന്ദുവേട്ടന് എങ്ങനറിയാം?"

"ഷിന്റോ അങ്ങനിരിക്കുന്നത് ഞാൻ കണ്ടിട്ടൊണ്ട്." പറഞ്ഞു തീരും മുൻപ് കിഷോറിന്റെ ഫോൺ റിങ്ചെയ്തു. കിഷോർ ഡിസ്പ്ലേ നോക്കി. സോഫിയ കോളിങ്.

(തുടരും)

# ദയാവധത്തിന് അനുമതി തേടി കരുവന്നൂരിലെ നിക്ഷേപകൻ

തൃശൂർ: പണം മടക്കി നല്കാൻ സാധിച്ചില്ലെങ്കിൽ ദയാവധത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകൻ. കരുവന്നൂർ സഹകരണ ബാങ്കിൽ 90 ലക്ഷത്തോളം രൂപ നിക്ഷേപിച്ച മുൻ സിപിഎം പ്രവർത്തകൻ മാപ്രാണം സ്വദേശി ജോഷിയാണ് സർക്കാരിന്റെയും സിപിഎമ്മിന്റെയും വഞ്ചനയിൽ പ്രതിഷേധിച്ച് ദയാവധത്തിന് അനുമതി തേടി ഹൈക്കോടതി ചീഫ് ജസ്റ്റീസിനും മുഖ്യമന്ത്രിക്കും കത്തയച്ചത്.

കണക്കുപ്രകാരം 84 ലക്ഷം രൂപയാണ് കരുവന്നൂർ ബാങ്കിൽ നിന്ന് ജോഷിക്ക് ലഭിക്കാനുള്ളത്. എന്നാൽ ബാങ്കിന്റെ കണക്കുപ്രകാരം 72 ലക്ഷം രൂപയാണ് നല്കാനുള്ളത്. കഴിഞ്ഞ തിരുവോണ നാളിൽ വീടിനു മുന്നിൽ ജോഷി ഉപവാസമിരുന്നിരുന്നു. രോഗിയായ ജോഷിക്കു ചികിത്സയ്ക്കു പോലും ബാങ്ക് പണം നല്കിയിരുന്നില്ല.

സിപിഎമ്മിൽ പ്രവർത്തിക്കവേ കണക്കറ്റ് പോലീസ് മർദ്ദനങ്ങൾ നേരിടേണ്ടി വന്ന തനിക്ക് സിപിഎം ഭരിക്കുന്ന ബാങ്കിൽ നിന്ന് നേരിടേണ്ടി വന്നത് ചതി മാത്രമാണെന്ന് ജോഷി പറഞ്ഞു. 2002-ൽ തൃശൂർ ചെവ്വൂരിൽ വെച്ചുണ്ടായ വാഹനാപകടത്തിൽ പരുക്കേറ്റ് എട്ടു വർഷത്തോളം ക്രച്ചസ്സിലായിരുന്നു ജോഷിയുടെ ജീവിതം. കോൺട്രാക്ട് ജോലികൾ ചെയ്തുണ്ടാക്കിയതും ഭാര്യയുടെസ്വർണം വിറ്റതും കുടുംബവസ്തു വിറ്റതിൽ നിന്നും ലഭിച്ചതുമൊക്കെയായി 40 ലക്ഷത്തോളം രൂപ കരുവന്നൂർ ബാങ്കിൽ നിക്ഷേപിച്ചു. ഇതും ചേർത്ത് കരുവന്നൂർ ബാങ്കിൽ ജോഷിയുടെ കുടുംബത്തിന് 90 ലക്ഷത്തിൽ കൂടുതൽ നിക്ഷേപം ഉണ്ടായിരുന്നു.

പണം തിരിച്ചു കിട്ടാതെ വന്നപ്പോൾ പലതവണ പഴയ സഹപ്രവർത്തകയും ഇരിങ്ങാലക്കുട എംഎൽഎയുമായ മന്ത്രി ആർ ബിന്ദുവിനെ കാണാൻ ശ്രമിച്ചെങ്കിലും ഫോണിൽ സംസാരിക്കാൻ പോലും സാധിച്ചിട്ടില്ലെന്ന് ജോഷി പറയുന്നു. ഇതിനിടെ സ്ട്രോക്ക് വന്ന് ജോഷിയുടെ രോഗാവസ്ഥ കൂടുതൽ ഗുരുതരമായി. ആശുപത്രിയിൽ കിടക്കവേ 12 ലക്ഷം തിരിച്ചു തരാനായി സഹകരണമന്ത്രി വാസവൻ നിർദേശിച്ചെങ്കിലും അതും കബളിപ്പിക്കലായി. തട്ടിപ്പിനെക്കുറിച്ച് പറയുമ്പോൾ പുതുതലമുറയിലെ പാർട്ടിപ്രവർത്തകർ സോഷ്യൽ മീഡിയായിൽ വന്ന് വെല്ലുവിളിക്കുന്നതിനെക്കുറിച്ചും ജോഷി പറയുന്നുണ്ട്.

# ബിജെപി ആദിവാസികളെ വനത്തിലൊതുക്കാൻ ശ്രമിക്കുന്നു: രാഹുൽഗാന്ധി

അസം: ആദിവാസികളെ വനത്തിലൊതുക്കി വിദ്യാഭ്യാസവും മറ്റ് അവസരങ്ങളും ഇല്ലാതാക്കാനാണ് ബിജെപി ശ്രമിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ഭാരത് ജോഡോ ന്യായ് യാത്രയുടെ ഭാഗമായി അസമിലെ ആദ്യപൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു രാഹുൽ.

"ഞങ്ങൾ നിങ്ങളെ ആദിവാസികൾ എന്നാണ് വിളിക്കുന്നത്. അവർ വനവാസികളെന്നും ആദിവാസികളെന്നാൽ ആദിമപൗരന്മാരാണെന്നാണ് അർത്ഥം. ഭൂമിയിലേക്ക് ആദ്യം എത്തിയവർ. നിങ്ങൾ വനത്തിൽ തന്നെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ബിജെപി നിങ്ങളിൽനിന്ന് എന്താണോ എടുത്തത് അത് തിരികെ നല്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഭൂമി, വനം, വെള്ളം എല്ലാം നിങ്ങൾക്ക് തിരികെ ലഭിക്കണം:" രാഹുൽ പറഞ്ഞു.

അസമിൽ ന്യായ് യാത്രയ്ക്ക് നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ അതിഭീകരമാണെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് അഭിപ്രായപ്പെട്ടു.

ആദ്യം അസം മുഖ്യമന്ത്രി ഹിമന്ത വിശ്വ ശർമ ഞങ്ങൾക്കു നേരെ ഭീഷണി മുഴക്കി, ഒടുവിൽ കേസെടുത്തു: അദ്ദേഹം പറഞ്ഞു.



ഭാരത് ജോഡോ ന്യായ് യാത്രയുടെ ഭാഗമായി അസമിലെത്തിയ രാഹുൽ ഗാന്ധി ജോർഹാട്ടിലെ നിമതി ഘട്ടിൽ നിന്ന് മജിലിയിലേക്ക് ബ്രഹ്മപുത്ര നദിയിലൂടെ ബോട്ടിൽ യാത്ര ചെയ്യുന്നു

# മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന അത്തിവൃക്ഷം

(22-ാം പേജിൽനിന്നും)

നമുക്ക് ആയുസ്സ് നീട്ടിത്തന്നിരിക്കുന്നത്. ക്രിസ്തുവിനു വേണ്ടി എങ്ങനെയാണ് ഫലം കായ്ക്കേണ്ടത്? നമ്മുടെ നടപ്പ്, വാക്കുകൾ, പ്രവൃത്തികൾ, പ്രാർത്ഥനാജീവിതം, വിശ്വാസം മറ്റുള്ളവരോട് ക്രിസ്തുവിനെക്കുറിച്ചു പറയുക, നന്മകൾ ചെയ്തും സൽപ്രവൃത്തികൾ ചെയ്തും ജീവിതം നയിക്കുക. വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ജീവന്റെ വചനം പ്രമാണിച്ച് പ്രകാശിക്കുക. നാശത്തിലേക്ക് പോകുന്നവരെ നിത്യജീവിതത്തിലേക്ക് നടത്തുക നമ്മുടെ നടപ്പ് ക്രിസ്തുവിന്റെ മാതൃകയനുസരിച്ചും നമ്മുടെ വാക്കുകൾ കൃപയോടു കൂടിയതും ആയിരിക്കട്ടെ.

നമ്മെ കാണുന്നവർ ക്രിസ്തുവിനെ നമ്മിലൂടെ ദർശിക്കുന്ന ജീവിതം നയിക്കുക. ക്രിസ്തുവിൽ വസിച്ച് ആത്മാവിന്റെ ഫലമാകുന്ന സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ ധാരാളമായി ഫലം കായ്ക്കുന്ന ജീവിതമാകും.

കഷ്ടതകളും, ദുഃഖങ്ങളും മാരകരോഗങ്ങളും വരുമ്പോൾ പതറാതെ, പിറുപിറുക്കാതെ ക്രിസ്തുവിൽ എപ്പോഴും സന്തോഷിച്ചും ഇടതടവില്ലാതെ പ്രാർത്ഥിച്ചും എല്ലാറ്റിനും സ്തോത്രം ചെയ്തും ജീവിക്കുക. അല്ലാതെ ഈ ലോകത്തിലെ സുഖസൗകര്യങ്ങളാലും ലൗകിക, ഭൗതിക നന്മകളോടും കൂടി നമ്മുടെ ഭവനങ്ങളെ നിറച്ച് ക്രിസ്തുവിനു വേണ്ടി ഫലം കായ്ക്കാത്ത അത്തിവൃക്ഷംപോലെ പിതാവിനെ ദുഃഖിപ്പിക്കുന്നവരാകാതെ നിറഞ്ഞ ഫലം കായ്ക്കുവാൻ 2024 നമ്മെ സഹായിക്കട്ടെ.

# യു.എസ്. കമ്പനിയുടെ സി.ഇ.ഒയ്ക്ക് ആഘോഷത്തിനിടെ ദാരുണാന്ത്യം

ഹൈദരാബാദ്: യു.എസ്. സോഫ്റ്റ്‌വെയർ കമ്പനിയുടെ രജതജൂബിലി ആഘോഷങ്ങൾക്കിടെ സ്റ്റേജിലുണ്ടായ അപകടത്തിൽ ഇന്ത്യക്കാരനായ സി.ഇ.ഒയ്ക്ക് ദാരുണാന്ത്യം. കമ്പനിയുടെ പ്രസിഡണ്ടിനെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരുവരെയും ഇരുമ്പു കൂടിനുള്ളിൽ മുകളിൽനിന്നു സ്റ്റേജിലേക്ക് ഇറക്കുന്നതിനിടെ കയർ പൊട്ടിയാണ് അപകടമുണ്ടായത്. രാമോജി ഫിലിം സിറ്റിയിൽ ജനുവരി 19-ന് രാത്രി 7.40-നായിരുന്നു സംഭവം.



വിസ്ടെക്സ് ഏഷ്യ-പസഫിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഇല്ലിനോയി ആസ്ഥാനമായി പ്രവർത്തിക്കുന്ന മുംബൈ സ്വദേശിയായ സി.ഇ.ഒ. സഞ്ജയ് ഷാ (56) ആണ് മരിച്ചത്. കമ്പനി പ്രസിഡണ്ട് വിശ്വനാഥ രാജു ദത്തിയയ്ക്കാണു പരുക്കേറ്റത്. ഇരുമ്പുകൂടിനുള്ളിൽ ഇരുവരെയും മുകളിൽനിന്നു സ്റ്റേജിലേക്ക് ഇറക്കുന്നതിനിടെ ഒരുവശത്തെ ഇരുമ്പ് കയർ പൊട്ടി. ഇതോടെ ഇരുമ്പ് കൂട് ചെരിയുകയും 15 അടി ഉയരത്തിൽനിന്ന് ഇരുവരും കോൺക്രീറ്റ് തറയിലേക്കു ശക്തിയിൽ വീഴുകയുമായിരുന്നു. ഇരുവരെയും ഉടൻതന്നെ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ഷായുടെ ജീവൻ രക്ഷിക്കാനായില്ല.

1999-ലാണ് വിസിടെക് സോഫ്റ്റ്‌വെയർ കമ്പനി ആരംഭിച്ചത്.

1600 ജീവനക്കാരുള്ള കമ്പനിയുടെ വരുമാനം 300 ദശലക്ഷം ഡോളറാണ്. കൊക്കക്കോള, യമഹ, സോണി, ഡെൽ തുടങ്ങിയ വമ്പൻ കമ്പനികൾ വിസ്ടെക്കിന്റെ ഇടപാടുകാരാണ്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER

# FOKANA's 21st National Convention 2024

## July 18 to 20

**Venue: Montgomery County Conference Center,**
**5701 Marinelli Rd, North Bethesda, MD 20852**

We invite you to be a part of this historic event by taking advantage of our early bird registration fees:

- **Family (2 adults and kids): $999**
- **2 Adults: $699**
- **Individual: $599**

Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:

- **Family (2 adults and kids): $1499**
- **2 Adults: $1099**
- **Individual: $899**

**ONE FOKANA Forever**


DR. BABU STEPHEN
**President**


DR. KALA SHAHI, MD.PHD
**General Secretary**


MR. BIJU JOHN
**Treasurer**


JOHNSON THANKACHAN
**Convention Chair**

**Kala Shahi**
Secretary
**2023598427**

**Biju John**
Treasurer
**(516) 445-1873**

**Johnson Thankachan**
Convention Chair
**8049311265**

# നല്ലയിനം ജുജുബി, പേഴ്സിമോൻ
# ഫല വൃക്ഷത്തൈകൾ വിൽപ്പനയ്ക്ക്





2024 ലേയ്ക്കുള്ള
ബുക്കിംഗ്
ആരംഭിച്ചുകഴിഞ്ഞു



ഉടൻ വിളിക്കുക
**വിൻസന്റ് ഇമ്മാനുവൽ**
**215 880 3341**


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**